കിളിമാനൂർ കേശവൻ

KOTTAYAM PUBLIC LIBRARY
KOTTAYAM.

# കണ്ണീരിന്റെ കഥകൾ

DISTRIBUTING LIBRARY
No. 80127
KOTTAYAM.

പ്രസാധകർ
കേരളീസേവക സഹകരണസംഘം ലിമിററഡ്
ഇടവാ

[ Malayalam ]

# KANNEERINTE KATHAKAL

*By*

KILIMANOOR KESAVAN

First Impression June 1960.

*Rights Reserved*

Copies 1000.

*Publishers*

KAIRALEE SEVAKA C. S. LTD.

---

PEOPLE'S PUBLISHING HOUSE
EDAVA

Rs. 1-25

# കണ്ണീരിന്റെ കഥകൾ

DISTRIBUTING LIBRARY
No. DM 6439.
KOTTAYAM.

കിളിമാനൂർ കേശവൻ

80|27

ഉ൭൧

പീപ്പിൾസ് പബ്ലിഷിംഗ് ഹൗസ്
ഇടവാ
വില ക. 1. 25

## കിളിമാനൂർ കേശവന്റെ കൃതികൾ.

വാസന്തികം (കവിത)

ജയക്കൊടി (കവിത)

mF9

ശ്രീനാരായണൻ (ജീവചരിത്രം—ബാല സാഹിത്യം)

കണ്ണീരിന്റെ കഥകൾ (കഥകൾ)

ആശാന്റെ കാവ്യപ്രപഞ്ചം (നിരൂപണം)

Printed at the V. V. Press, Quilon.

# സമർപ്പണം

എൻെറ സഹധർമ്മിണി

ശ്രീ. എൻ. വനജാക്ഷിക്ക്

ഗ്രന്ഥകർത്താ.

DISTRIBUTING LIBRARY,
No.....................
KOTTAYAM.

# താളുകൾ മറിക്കുമ്പോൾ

1. ഈറക്കാട്ടിലെ കരിമന്തി.
2. വേട്ടക്കാരനും കാട്ടുപോത്തും.
3. കാട്ടാറിലെ മലമ്പാമ്പ്.
4. ആനക്കുഴിയിൽ.
5. കടുവായെത്തേടി.
6. കാളയെക്കൊന്ന കടുവാ.
7. കാട്ടിലെ കീചകന്മാർ.
8. ബമ്മാ മലകളിൽ.
9. സമരമുഖത്ത്.
10. രക്തസാക്ഷി.

## ഈററക്കാട്ടിലെ കരിമന്തി

അന്നു ഞാൻ ഫാറസ്ററു ഡിപ്പാർട്ടുമെൻററിൽ കേവലനായ ഒരു ഗാർഡ്സു് ആയിരുന്നു. കാട്ടുപത്തനാപുരം എന്നു് ഇന്നും പേരുപിടിച്ചിട്ടുള്ള പത്തനാപുരം താലൂക്കിൽപെട്ട അഞ്ചൽറേഞ്ചിൽനിന്നും അഞ്ചെട്ടു നാഴിക അകലത്തുള്ള ഈററപ്പച്ചവനത്തിലായിരുന്നു അന്നു ഞാൻ ചെങ്കാൽ നടത്തിയിരുന്നതു്. നിത്യവും, വന്യജന്തുക്കളോടൊപ്പം വനത്തിൽ സഞ്ചരിക്കണമെന്ന മേലധികാരികളുടെ സുഗ്രീവാജ്ഞ അനുസരിക്കാൻ കഴിവില്ലാത്തതോ മനസ്സില്ലാത്തതോ ആയ നിർഭാഗ്യവാന്മാർ മേലുദ്യോഗസ്ഥന്മാരുടെ പരമകോപത്തിനു പാത്രമായി തീൎന്നുപോകുമെന്നുള്ളതുകൊണ്ടു് എല്ലാദിവസവും ഞാൻ വനത്തിലെ ഊടുവഴികളിൽക്കൂടിയും മററും നടക്കുമായിരുന്നു. ആത്മരക്ഷയ്ക്കു യാതൊരു മാരകായുധങ്ങളും നല്കിയിട്ടില്ലെന്നുവരികിലും സാമാന്യം നീളമുള്ള ഒരു കഠാരി

യും, ഭീകരമായ ഒരു കണ്ണുകോടാലിയും, സന്തതസഹചാരികളായി എന്തിനും തയാറായി എന്നെ അകമ്പടിസേവിച്ചിരുന്നു. ഇവയിലേതെങ്കിലുമൊന്നിൻെറ സാഹായ്യമില്ലാതെ ഞാൻ വനത്തിൻെറ ബഹിർഭാഗങ്ങളിൽപോലും സഞ്ചരിക്കുക പതിവില്ല. ആയുധം കൈയ്യിലില്ലാതെ പോയിരുന്നെങ്കിൽ, നിശ്ചയമായും ഞാൻ എത്രയോ ആണ്ടുകൾക്കു മുമ്പേ പഞ്ചഭൂതമായിപ്പരിണമിക്കുമായിരുന്നു.

കാട്ടിൽ, മുള, ഈറ, ഈട്ടി തുടങ്ങിയ വിഭവങ്ങൾ കവർന്നെടുക്കുവാൻ കൂട്ടംകൂട്ടമായി ചിലപ്പോൾ ആളുകൾ പ്രവേശിക്കാറുണ്ട്. അവരെ ആട്ടിപ്പായിക്കാനും, കയ്യിൽ കിട്ടിയാൽ അവരുടെമേൽ ക്രിമിനൽകേസ്സുകൾ ഉണ്ടാക്കുവാനും ആയിട്ടാണ് എന്നെ നിയോഗിച്ചിരുന്നതു്. അതു് അവക്കും നല്ലപോലെ അറിയാം. അതിനാൽ ഗാർഡരെക്കണ്ടാൽ അവർ മരഞ്ചാടികളെപ്പോലെ പല്ലിളിച്ചു കാട്ടിക്കൊണ്ടു് കടന്നുകളയുകയാണ് പതിവു്. നേരു പറഞ്ഞാൽ അവക്കെന്നെയും എനിക്കവരെയും ഭയമാണ്. കാട്ടിൻനടുവിൽ ഒററയ്ക്കു നിരാലംബനായി നടക്കുന്ന എന്നെ വെട്ടിനുറുക്കി വല്ല പാറയടിക്കും നിക്ഷേപിച്ചാൽത്തന്നെ ആരറിയാനാണ്. കാണാനാരുണ്ടു്? പക്ഷെ എൻെറ നയനൈപുണികൊണ്ടോ, ഭാഗ്യംകൊണ്ടോ അത്തരം അത്യാപത്തുകളിലൊന്നിലും അകപ്പെടുവാൻ സംഗതിവന്നില്ല.

ഒരിക്കൽ വനാന്തർഭാഗത്തുള്ള ഏതാനും ഊക്കൻ തടികൾ ചിലർ കാളവണ്ടിയിൽ കടത്തിക്കൊണ്ടുപോയതു കണ്ടുപിടിച്ചു തൊണ്ടിയായി എടുത്തു സൂക്ഷിച്ചിരുന്നതു് വീണ്ടും ആരോ തട്ടിക്കൊണ്ടുപോയി. ഇതു സംബന്ധിച്ചു് ഒരു കേസ്സു് ഫാറസ്ററുഡിപ്പാർട്ടുമെൻറിൽനി

ന്നും, മററൊരു കേസ്സു പോലീസിൽനിന്നും ചാർജ്ജു ചെയ്തിരുന്നു. കൃത്യസ്ഥലംകണ്ടു മഹസ്സർ തയാറാക്കുവാൻ ഇൻസ്പെക്ടരും ഒരു ഹെഡ്കാൺസ്ററബിളും കൂടി പുറപ്പെട്ടു. സ്ഥലം കാണിച്ചുകൊടുക്കുവാനും മററു സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനും മേലധികാരികൾ എന്നെയാണ് നിയോഗിച്ചിരുന്നത്.

നട്ടുച്ചസമയം, പച്ചപ്പരവതാനി വിരിച്ച നെൽപ്പാടത്തുടെ ഞങ്ങൾ നടന്നുപോയി. കുളിരിളക്കി വെള്ളപ്പളുങ്കിന്മണികളുതിർത്തുകൊണ്ടൊരു കുല്യ അതിൻെറ അരുകിൽക്കൂടി ഒരു കന്യകയുടെ ശാലീനതയോടെ മന്ദമന്ദം ഒഴുകിക്കൊണ്ടിരുന്നു. ഉഗ്രനായ പിതാവിൻെറ കോപത്തെ, പൈതൽ പുഞ്ചിരിക്കൊഞ്ചൽകൊണ്ടു ലാഘവപ്പെടുത്തുംപോലെ, മദ്ധ്യാഹ്നസൂര്യൻെറ രശ്മികളുടെ കാർക്കശ്യം കിഴക്കൻമലകളിൽ നിന്നും വീശിയടിച്ച കുളുർകാററു നിർമ്മാർജ്ജനം ചെയ്തു. കർണ്ണാനന്ദകരങ്ങളായ കളകൂജനങ്ങൾ ആ ഉച്ചസമയത്തും കേട്ടു. പ്രകൃതിയിലെ അലങ്കാരങ്ങൾ കണ്ടപ്പോഴും സ്വരഭേദങ്ങൾ കേട്ടപ്പോഴും ഹൃദ്യമായ ഒരു സംഗീതോത്സവത്തിൽ സംബന്ധിച്ച സുഖമാണ് എനിക്കുളവായത്. ഞങ്ങൾ സാവധാനം വനത്തിൽ കടന്നു. ഞാനെൻെറ ഇഷ്ടതോഴനായ കഠാരയെ ശരണംപ്രാപിച്ചു. "ഹേയ്, നിങ്ങളിതു് എവിടെ വെച്ചിരുന്നു.'' ഇൻസ്പെക്ടർ ചോദിച്ചു. "എൻെറ നിക്കറിൽ" ഞാൻ മറുപടി പറഞ്ഞു. ഉന്നതമായ വൃക്ഷങ്ങൾ പൊങ്ങി അങ്ങാകാശത്തിൽ ഒരു പച്ചപ്പന്തൽ വിതാനിച്ചിരുന്നു. അന്തരീക്ഷത്തിൽ നിന്നും ദേവതമാർ തൂക്കിയിട്ട ഊഞ്ഞാൽപോലെ വല്ലികൾ പടർന്നേറി, വൃക്ഷങ്ങളുടെ ശാഖോപശാഖകളിൽ ചുററിപ്പിണഞ്ഞുകിടന്നു. മുട്ടുമുതൽ തലയററംവരെ നാനാവർണ്ണപ്രശോഭിതങ്ങളായ പൂക്കൾ പടർന്നേറിയിരുന്നു. അവ

യിൽ നിറഞ്ഞുതുളുമ്പിയിരുന്ന തനിത്തേനാസ്വദിക്കാൻ ശലഭങ്ങളും ശ്യാമമധുവിരേഫങ്ങളും പാറിയും പറന്നും സഞ്ചരിച്ചിരുന്നതു് കണ്ണിനും കാതിനും ഒരുപോലെ അറിയാമായിരുന്നു. തരുഗുല്മലതാദികൾ ആദ്യംമുതല്ക്കേ ഞങ്ങൾക്കു ശീതോപചാരം ചെയ്യുവാൻ സന്നദ്ധമായി. എങ്ങും വൃക്ഷച്ഛായാതലങ്ങൾ. പകലിൻപെരുമാളിനു പോലും അവിടെ തന്റെ നീണ്ട സുശക്തഹസ്തങ്ങൾ നീട്ടാൻ സാധിച്ചില്ല. നാട്ടിൻപുറത്തെ സായംകാലപ്രതീതി ആ വനാന്തരംഗം ഉളവാക്കി. ഉഗ്രദൃഷ്ടികളായ കഴുകന്റേയും മൂങ്ങകളുടേയും ചിറകടിശബ്ദങ്ങളും മൂളലുകളും നിരന്തരം കേട്ടുതുടങ്ങി. വ്യവച്ഛേദിച്ചറിവാൻ നിർവ്വാഹമില്ലാത്ത മററുചില വന്യജന്തുക്കളുടേയും ശബ്ദം ഇടതടവില്ലാതെ കേട്ടു. ഇലകൾപോലും അനങ്ങുന്നില്ല. ഇടുങ്ങിയവഴി. ശേഷം ഭാഗങ്ങൾ, കണ്ണോടിക്കാൻപോലും അറയ്ക്കുന്നവണ്ണം അത്രമാത്രം ഭീകരമായിരുന്നു. പക്ഷെ, ഞാൻ അതു കേട്ടുകേട്ട് അതിനോട്ടു സാത്മ്യംപ്രാപിച്ചിരുന്നതിനാൽ എനിക്കൊരു വല്ലായ്മയും തോന്നിയില്ല. എങ്കിലും ഇൻസ്പെക്ടരുടെ ചോദ്യം എന്നെ കൂടുതൽ രസിപ്പിക്കയാണുണ്ടായതു്. "എടോ! ഇത്ര ഭയങ്കരമായ കാട്ടിൽ താൻ ഞങ്ങളെ കൂട്ടിക്കൊണ്ടുവന്നല്ലോ. നേരത്തേ വിവരം പറഞ്ഞിരുന്നെങ്കിൽ അഞ്ചാറു പി. സി. മാരെക്കൂടി കൊണ്ടുവരാമായിരുന്നു." "ഇല്ല സാരമില്ല, ഇതിനടുത്തുതന്നെയാണു്" ഞാൻ.

ഹെഡ്കാൺസ്റ്റബിൾ ശ്വാസംപിടിച്ചു. വനത്തിന്റെ ഉഗ്രത അടിക്കടി കൂടിക്കൂടി വരികയാണു്. ഇൻസ്പെക്ടരുടെ ശ്വാസോച്ഛ്വാസം എനിക്കു കേൾക്കാമായിരുന്നു. ഞങ്ങൾ വീണ്ടും നടന്നു. "എടോ, ഇതെന്താ" ഇൻസ്പെക്ടർ ഒരു വശത്തേക്കു വിരൽചൂണ്ടിക്കൊണ്ടു് എന്നോടു ചോദിക്കുകയാണു്. "അതാണു് കാട്ടാനകളുടെ അണ്ഡം."

"കാട്ടാനകളുടെയോ?" ആ ചോദ്യത്തിൽ ഉദ്വേഗവും ഒരു നിസ്സഹായതയും മുഴങ്ങിയിരുന്നു. "അതെ; പക്ഷെ അതു് ഇന്നു് ഉള്ളതല്ല" ഞാൻ ശാന്തമായി പറഞ്ഞു. "ഇന്നലെയോ മററോ ആന ഇതിലേ കടന്നുപോയിരിക്കും. ഭയപ്പെടാനൊന്നുമില്ല," ഞാൻ സാന്ത്വനപ്പെടുത്തി.

എടോ, നോക്കൂ! ആ വൃക്ഷത്തിൻെറ തൊലി പൊളിഞ്ഞിരിക്കുന്നു.

തലേദിവസം കാട്ടാനക്കൂട്ടം അവിടെ നൃത്തംചെയ്ത ലക്ഷണങ്ങൾ സ്പഷ്ടമായിക്കണ്ടു. മരത്തിൽ ഉരസിയപ്പോൾ പുരണ്ട ചെളിക്കട്ടകളെ സൂചിപ്പിച്ചുകൊണ്ടാണു് ഇൻസ്പെക്ടർ ചോദിച്ചതു്. താൻ ഇതു ചെയ്യേണ്ടിയില്ലായിരുന്നു. ഉം-ം. തിരിച്ചുപോകാം.

"ഇല്ല ഇല്ല, ഇനി അല്പം ദൂരംകൂടി പോയാൽ മതിയാവും." അവർ ഇരുവരും അതു സമ്മതിച്ചു; മുന്നോട്ടാഞ്ഞു നടന്നു. കാട്ടിലെ പോക്കു് അത്ര സുകരമല്ല. അതനുഭവിച്ചവർക്കേ അറിഞ്ഞുകൂടൂ. പുഴുക്കളും പൂച്ചികളും പോലും അവിടെ കടന്നുചെല്ലുന്നവൻെറ ബദ്ധശത്രുക്കളാണു്. വഴിയാണെങ്കിൽ ജന്തുക്കളുടെ സ്വൈരസഞ്ചാരമാർഗ്ഗമാണു്, അതും നല്ല തിട്ടമില്ലെങ്കിൽ വനത്തിൽനിന്നും തിരിച്ചു പുറത്തുവരുവാൻ സാദ്ധ്യമല്ലാതെ, പത്മവ്യൂഹത്തിൽ പടവെട്ടിക്കേറിയ അഭിമന്യുവിൻെറ വീരചരമത്തെ ആശ്രയിക്കേണ്ടിവരും.

"അക്കാണുന്നതെന്താ, ഒരു ഗുഹമാതിരി" ഇൻസ്പെക്ടർ ചോദിച്ചു. അതൊരു ഈററക്കൂട്ടമാണു്. അതിൻെറ മദ്ധ്യത്തുകൂടി ആനകൾ നടന്ന വഴിയാണു്, പാർശ്വങ്ങളും മുകൾഭാഗവും, ഈററകൾ ഞെരുങ്ങി വള

ൻപന്തലിച്ചിട്ടുള്ളതിനാൽ അതൊരു ഗുഹപോലയോ, വക്കലെ തുരങ്കംപോലെയോ തോന്നിയതാണ്. ആ കുഹരത്തിൻെറ ഉദരത്തിലേക്ക് ഞങ്ങൾ വേഗം പ്രവേശിച്ചു. മുൻപു കിട്ടിക്കൊണ്ടിരുന്ന വെളിച്ചംപോലും ഇല്ലാതായി. ഇൻസ്പെക്ടരുടെ വാക്കിലും നോക്കിലും ഒരു സംശയചിന്ത വേരൂന്നിയിട്ടുണ്ടെന്ന് എനിക്കു മനസ്സിലായി. ആ ഒരു തെററിദ്ധാരണ വളൎന്നുവരാൻ ഇടയായാൽ അതു് എൻെറ ആരോഗ്യത്തെ ചോദ്യം ചെയ്യുമെന്ന് എനിക്കറിയാം. "ഇയാളൊരു വല്ലാത്തവൻ തന്നെ"—അവർ പിറുപിറുത്തു. നടന്നുനടന്നു ദൂരം പാതിയും തീൎന്നു. ആ ആനപ്പാതയിൽകൂടി വല്ല കാട്ടുമൃഗങ്ങളും വരികയാണെങ്കിൽ എന്തുചെയ്യും, എങ്ങോട്ടുമാറും. "ഇല്ല. ഞങ്ങളില്ല. താൻപോകൂ" അവരിരുവരും നിന്നു. ഒരടി മുന്നോട്ടു വെയ്ക്കാൻ അവൎക്കു സമ്മതമില്ല. ഞാൻ സാന്ത്വനം ചെയ്തു. ഇൻസ്പെക്ടർ എന്നെ രൂക്ഷമായി നോക്കിനിന്ന് വീണ്ടും നടന്നു. ഒരു പത്തടി നടന്നിരിക്കും. അങ്ങകലെനിന്നൊരു ആനയുടെ വിളി. ആ കാടു മുഴുവൻ മാറെറാലിക്കൊണ്ടു. ഞാൻ ചെവി വട്ടം പിടിച്ചു. എനിക്കും തിട്ടമായില്ല അതിൻെറ ഉത്ഭവസ്ഥാനം. വനാന്തഭാഗത്തു് അതു പ്രയാസവുമാണ്. നാലുദിക്കിലും ഒരുപോലെ മാറെറാലികൾ ഉണ്ടാകാറുള്ളതിനാൽ ഉത്ഭവസ്ഥാനം നിൎണ്ണയിക്കാൻ പലപ്പോഴും കഴിയാതെവരും. ഞാനൊന്നു കുഴങ്ങി. അവരിരുവരും നടുങ്ങി. കണ്ണും മിഴിച്ചങ്ങനെ നിമിഷനേരം നിന്നു, അതുകണ്ടു ഞാനുമൊന്നമ്പരന്നു, അവർ പ്രതിജ്ഞചെയ്തു; ഇനി ഒരടി മുന്നോട്ടില്ലെന്നു്. ഞാൻ വീണ്ടും നയോപായങ്ങൾകൊണ്ടു് അവരെ സമാധാനപ്പെടുത്തി നയിച്ചു. ആ ഗുഹയും കഴിഞ്ഞു. ശകാരവൎഷംകൊണ്ടു് അവർ എന്നെ അഭിഷേകം ചെയ്യുകയാണ്. മൂന്നുനാലുനാഴിക ഇതിനകം പിറകിലായി. ഒടുവിൽ കൃത്യസ്ഥലത്തെത്തി. വെട്ടുപ്പാത

വഴി നടന്നിരുന്നെങ്കിൽ ഇതിനകം കുറഞ്ഞതു് ആറേഴു മൈലെങ്കിലും നടക്കണമായിരുന്നു എന്നും ഇതൊരു കുറുക്കുവഴിയാണെന്നും ഞാൻ ന്യായവാദം ചെയ്തു.

അവിടെ കാളയുടെ ചാണകവും, കാള പുല്ലുതിന്ന അടയാളവും, തടികൾ വലിച്ചിഴച്ച പാടുകളും വണ്ടിയുടെ ഉരുളുകൾകൊണ്ടു് മണ്ണിളകിയ ലക്ഷണങ്ങളും ഉണ്ടായിരുന്നു. പക്ഷെ ഞങ്ങളുടെ പരീക്ഷണങ്ങളും, പരിശോധനകളും സൂക്ഷ്മമായി വീക്ഷിച്ചിരുന്ന രണ്ടു കണ്ണുകൾ ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടില്ല. ഇൻസ്പെക്ടർ ഒരു തടിപ്പുറത്തു് ഇരുന്നു. ഹെഡ കാൺസ്റ്റബിൾ പരിശോധനനടത്തി. ഞാൻ കേസിനാസ്പദമായ കാര്യങ്ങൾ പ്രത്യേകം പ്രത്യേകം കാണിച്ചുകൊടുത്തു. വല്ലാത്ത ഒരു ശബ്ദം മുകളിൽ കേട്ടു. വൃക്ഷമൊന്നുലഞ്ഞു. ഞങ്ങൾ മൂവരും ഒരേ നിമിഷത്തിൽ മേല്പോട്ടു കണ്ണോടിച്ചു. ആ വന്മരത്തിന്റെ ഉന്നതമായ ശാഖയെ പിടിച്ചു കുലുക്കിക്കൊണ്ടു് ഒരു തടിമാടൻ അതാ ഒരു ചാട്ടം. എന്താണു് ആ ജന്തു എന്നു തിട്ടമായില്ല. ചാട്ടം പിഴച്ച ആ ജന്തു ഹെഡ്കാൺസ്റ്റബിളിന്റെ മുതുകിലായി. "അയ്യോ!" എന്നൊരു ആക്രോശം ആ വനത്തിന്റെ നിശ്ശബ്ദതയെ ഭഞ്ജിച്ചു. ഒരു കരിമ്പടക്കെട്ടു് അതാ കുതിച്ചു പായുന്നു. ഞാൻ കരുതി അതൊരു കരടി ആയിരിക്കുമെന്നു്. പക്ഷെ ഒരു കരിംകുരങ്ങായിരുന്നു. അത മരഞ്ചാടി ഓടി മറയുകയും ചെയ്തു. ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ മററു രണ്ടുപേരേയും കാണ്മാനില്ല. ഹെഡ്കാൺസ്റ്റബിൾ പിന്തിരിഞ്ഞോടുകയാണു്. ആ ഈററുരുപ്പിൽകൂടി കാലിന്റെ ഉപ്പൂകുററി പിടലിയിലടിക്കുംവണ്ണം കുതിക്കുകയാണു്. ഞാനോർത്തു ആ മനുഷ്യൻ ഇനി വനത്തിന്റെ പുറത്തുള്ള തടത്തിൽ ചെന്നാൽമാത്രമേ തിരിഞ്ഞു നില്ക്കുകയുള്ളു എന്നു്. ഇൻ

ഇൻസ്പെക്ടർ ലക്കം ലഗാനമില്ലാത്ത പടക്കുതിരമാതിരി മുന്നോട്ടു പായുന്നു. ഞാൻ അദ്ദേഹത്തെ അനുഗമിച്ചു. എനിക്കറിയാം വഴിപിണങ്ങിയാൽ ആ വനത്തിൽ നിന്നും പിന്നീട് അദ്ദേഹത്തിനു പുറത്തുവരുവാൻ സാധ്യമാവുകയില്ലെന്നു്.

പടർന്നു പന്തലിച്ച ഒരു വൃക്ഷത്തിൻെറ ഉയർന്ന ശിഖരത്തിൽനിന്നും ഒരു കാട്ടുവള്ളി ഞാന്നിറങ്ങിയിട്ടുള്ളതിൽ പിടിച്ചുകൊണ്ട് അദ്ദേഹം ഒരു പാറപ്പുറത്തു നില്ക്കുന്നതു ഞാൻ കണ്ടു. അനിഷ്ട സംഭവങ്ങൾ വല്ലതും വീണ്ടുമുണ്ടായാൽ ഉടനെ പാമ്പുപോലെ വള്ളിയിൽ പിണഞ്ഞുകേറുവാൻ സന്നദ്ധനായി അദ്ദേഹം നില്ക്കുകയാണു്. ഞാൻ സമീപമെത്തി വിളിച്ചു. അതൊരു കരിംകുരങ്ങായിരുന്നെന്നു വെളിവാക്കി. അദ്ദേഹം എന്നെ പിന്തുടർന്നു. ഞങ്ങൾ വീണ്ടും സംഭവസ്ഥലത്തെത്തി, ഞാൻ തിരിഞ്ഞുനിന്നു. 'ഉം' എന്നൊരു മൂളൽ. ആ മിഴികളിൽ ഞാൻ സൂക്ഷിച്ചുനോക്കി. മുന്നോട്ടു നടന്നു പോവാൻ ആംഗ്യം കാണിച്ചു. അപത്തൊന്നുമില്ലെന്നു ഞാൻ വിശദീകരിച്ചു. 'ഉം' വീണ്ടും മൂളുന്നു. തിരിച്ചു പോകാമെന്നു് ആംഗ്യം കാണിച്ചു. മൂകബധിരനെപ്പോലെ കേവലം ആംഗ്യം മാത്രം. രോഗനില ഞാൻ മനസ്സിലാക്കി, നടന്നുപോയി.

ആ കാന്താരത്തിൻെറ ബഹിർമുഖത്തു് ആ ഹെഡ് കാൺസ്റ്ററബിൾ ഞങ്ങളെത്തേടി ഇരിക്കുന്നുണ്ടായിരുന്നു. അവർതമ്മിൽ കണ്ടതോടെ അല്പാല്പം സംസാരിക്കാമെന്നായി. അഹോ! അവരുടെ വിജൃംഭിതവീര്യം ഞങ്ങൾ റെയിഞ്ചാഫീസിൽ തിരിച്ചെത്തിയപ്പോൾ നൂറുനൂറായിരം ആരോപണങ്ങൾ എന്നെപ്പററി അവരിരുവരും ആഫീസറെ പറഞ്ഞുകേൾപ്പിച്ചു. അദ്ദേഹം ഒട്ടു

വിൽ ചിരിച്ചുകൊണ്ടു്, 'അപ്പോൾ നിങ്ങളുടെ ധൈര്യമെല്ലാം നാട്ടുമ്പുറത്താണു്. ഇയാൾ സാധാരണ ഒററയ്ക്കാണല്ലോ അവിടെ എല്ലാം പോകാറുള്ളതു്?" എന്നുപറഞ്ഞു. കുറിക്കുകൊണ്ട ഫലിതം കേട്ട അവരും തെല്ലൊന്നു ചിരിച്ചുപോയി. ഞാനെന്റെ മുഖം ജന്നൽപാളിയിൽ മറയ്ക്കുവാൻ ശ്രമപ്പെട്ടുകയായിരുന്നു.

---

DISTRIBUTING LIBRARY,
No.....................
KOTTAYAM.

## വേട്ടക്കാരനും കാട്ടുപോത്തും

വനസഞ്ചാരം കേവലം ഭയജനകവും, വിപൽക്കരവുമാണെങ്കിലും, അവിടത്തെ കാഴ്ചകൾ ആനന്ദനിർവൃതിനേടാൻ പര്യാപ്തമാണ്. പച്ചിലകൾകൊണ്ടുള്ള നീലമേലാപ്പുകളും നാനാവർണ്ണ സങ്കലിതങ്ങളായ പുഷ്പസഞ്ചയങ്ങളാൽ തീർത്ത തോരണാദികളുംകൊണ്ടു് കൺമയക്കുന്നവയാണ്. ശബളാഭമായ കുസുമങ്ങൾ, അവയെ ആശ്ലേഷിച്ചും അനുഭവിച്ചും സംതൃപ്തിനേടാൻ പാറിപ്പറക്കുന്ന ശലഭങ്ങൾ, വീണാനാദത്തെപ്പോലും നാണിപ്പിക്കുന്ന മാധുര്യമുള്ള കൂജനങ്ങൾ പൊഴിക്കുന്ന പറവകൾ, പുലർകാലവേളയിലെ ചുവപ്പു, വെണ്ണിലാവു വെല്ലുന്ന വെണ്മ, ശരത്കാലനഭസ്സിലെ നീലിമ, മത്തപ്പൂമാതിരിയുള്ള മഞ്ഞ, നീവാരത്തെനിരപോലുള്ള പച്ച എന്നീ

നിറപ്പകിട്ടുകളോടുകൂടിയ വിവിധതരം പക്ഷികൾ, കാട്ടുപൂക്കൾ വിരിഞ്ഞുലഞ്ഞുണ്ടാകുന്ന വീശലിൽ പുളകംകൊള്ളുന്ന കൊച്ചുകൊച്ചു തടിനികൾ, വനദേവതയെപ്പോലെ വനാന്തരങ്ങളിൽ ചുററിക്കറങ്ങുന്ന കന്നിക്കാററ് എന്നിവ കൊട്ടംകാട്ടുകളെല്ലാലും കോമള ശ്രീ പൂർണ്ണമാക്കുന്നു. എന്നാൽ ഇതിനൊരു മറുപുറംകൂടി ഉണ്ട്. ഇടിനാദംപോലെ ദിഗന്തങ്ങൾ പൊട്ടുമാറുള്ള മൃഗഗർജ്ജനങ്ങളും മാറെറാലികളും ഇടതടവില്ലാതെ കേൾക്കാം. മദ്ധ്യാഹ്നസൂര്യകിരണങ്ങളെക്കാൾ രൂക്ഷവും കണ്ണഞ്ചിപ്പിക്കുന്നതുമായ നോട്ടങ്ങളോടുകൂടി കടുവ, പുലി എന്നീ ദുഷ്ടമൃഗങ്ങൾ ഏതു നിമിഷത്തിലും ചാടിവീഴാം. കാർമേഘഖണ്ഡംപോലെ കറുത്ത കൂററൻ കരടികൾ തറയിൽ മാത്രമല്ല, ചിലപ്പോൾ മരപ്പൊത്തുകളിലെ തേനറകളിൽനിന്നും തേൻകുടിച്ചു പള്ളവീർപ്പിച്ചുകൊണ്ടു വൃക്ഷശിഖരങ്ങളിലും കാണാം. മനുഷ്യന്റെ മണം പിടിച്ചു പാത്തും പതുങ്ങിയും, വല്ലി വല്ലിക്കുടിലുകളിലും, വൃക്ഷച്ഛായകളിലും ഘോരമൃഗങ്ങൾ കണ്ടെന്നുംവരാം. ഈറക്കാട്ടങ്ങളിൽ അടുത്തെവിടെയെങ്കിലും ആനപ്പുററം കാണും. ഉഗ്രമായ തേററകളും, പുറത്തുകാട്ടിക്കൊണ്ട്, രോമങ്ങളും തുള്ളിച്ചു പന്നിക്കൂട്ടം സൈ്വരവിഹാരം ചെയ്യുന്നതു ചതുപ്പുഭൂമികളിലാണ്. പച്ചക്കുന്നുകൾ കണ്ടാൽ അവിടെയും മനസ്സിനു സ്വൈരത കിട്ടുകയില്ല. കാട്ടുപോത്തുകളുടെ മേച്ചിൽസ്ഥലങ്ങളായിരിക്കും അവിടം വൃക്ഷക്കൊമ്പുകൾപോലും വെട്ടിത്തെറിപ്പിക്കാൻ ശക്തങ്ങളാണ് അവററയുടെ കൊമ്പുകൾ. കാട്ടുപോത്തുകളുടെ ഭീമാകാരവും, വാക്കത്തിപോലെ മൂർച്ചയേറിയ കൊമ്പുകളും കണ്ടാൽ ഏവരും നടുങ്ങിപ്പോകും. മരഞ്ചാടിവർഗ്ഗംപോലും ഉപദ്രവകാരികളാകുന്നു. മലമ്പാമ്പുകളുടെ കാര്യം ഇതിലും കടുപ്പമാണ്. കാറേററാൽ മൂർച്ഛിച്ചുപോകുന്നതു വിഷവീര്യമുള്ള പാമ്പുകൾ വാരിവിതറിയ

പോലെ ഉണ്ട്. ചുരുക്കിപ്പറഞ്ഞാൽ മേലും കീഴും അപൽശങ്കയോടുകൂടിയല്ലാതെ സഞ്ചരിക്കാൻ കഴിക യില്ല.

പക്ഷെ എനിക്കീ വനഭാഗഭംഗികൾ ഭയത്തേക്കാ ളധികം സന്തോഷമാണു നൽകിയിട്ടുള്ളത്. ഇടമൺ റയിൽവേസ്റേറഷനിൽനിന്നും എട്ടുപത്തു മൈൽ അക ലത്തുള്ള ഒരു വനത്തിലായിരുന്നു എനിക്കു ജോലി. ഉറു മ്പുകൾപോലെ അണിയിട്ടുപോകുന്ന കുരങ്ങുകളെ പല പ്പോഴും ഞാൻ കണ്ടിട്ടുണ്ട്. മാൻ മുയൽ തുടങ്ങിയ നി രുപദ്രവകാരികളായ ജന്തുക്കളേയും, കാണ്മാൻ ഇടവ ന്നിട്ടുണ്ട്. അകലെ വെച്ചായാലും "കാട്ടാന പോത്ത് കരടി കിടി ശാന്തഭാവംകാട്ടാത്ത ഘോരമൃഗ"ങ്ങളേയും കണ്ടാൽ കൊള്ളാമെന്നുണ്ടായിരുന്നു.

സത്യനിഷ്ഠനും നീതിമാനുമായ ഒരാളായിരുന്നു റേ ഞ്ചർ. അനുകമ്പ അദ്ദേഹത്തോളം മററാർക്കെങ്കിലുമുണ്ടാ യിരുന്നോ എന്നു സംശയവുമാണ്. പക്ഷെ വനവിഭ വങ്ങളല്ല, ഒരു കരിയിലപോലും മററുള്ളവർ കയ്യിലാക്കു ന്നതു് അദ്ദേഹത്തിനു ബഹുവിരോധമായിരുന്നു. നീതി പാലനത്തിന്റെ പേരിൽ ചിലപ്പോൾ നിർദ്ദയമായി പെരുമാറുകയും ചെയ്യും.

ഒരു ദിവസം അദ്ദേഹം ഇടമൺ വനത്തിലേക്കു തി രിച്ചു. കൂടെ ഞങ്ങൾ മൂന്നു നാലുപേരും ഉണ്ടായിരുന്നു. മൃഗയാവിനോദശീലനാകയാൽ തോക്കും ഉണ്ട്. ഞങ്ങ ളെല്ലാം അന്നു തോക്കും തോളത്തു തൂക്കിക്കൊണ്ടുതന്നെ യാണു യാത്രതിരിച്ചതു്. രണ്ടു മണിയായപ്പോഴേക്കും ഞങ്ങൾ വനത്തിൽ പ്രവേശിച്ചു. കവർച്ചക്കാരെ കണ്ടു പിടിക്കലായിരുന്നു ഞങ്ങളുടെ ഉന്നം. തടിവെട്ടിന്റെ ശ ബ്ദമോ, നായാട്ടിന്റെ ആരവാരങ്ങളോ ഒന്നും കേൾക്കാ

ന്നുണ്ടായിരുന്നില്ല. കാട്ടും പടലും കടന്ന് ശീതളച്ഛായ കൾകണ്ടും, മലരുകളുടെ മണം അനുഭവിച്ചും, കിളികളുടെ സംഗീതോത്സവത്തിൽ പങ്കുകൊണ്ടും, അങ്ങനെ പോവുകയാണ്. അല്പം കഴിഞ്ഞപ്പോൾ അകലെ കുന്നിൽ ഒരു ആർത്തനാദം കേട്ടു. മനുഷ്യശബ്ദംതന്നെ. ഞങ്ങൾ ചെവിവട്ടം പിടിച്ചു. "അയ്യോ! ഓടിവരണേ," ഓടിവരണേ! "എന്നെക്കൊല്ലുന്നേ" എന്നായിരുന്നു. മരണഭീതിയോടുകൂടിയ ഒരു കീഴടങ്ങലായിരുന്നു, അത്. റയിഞ്ചർ മുൻപേയും ഞങ്ങൾ പിന്നാലെയും തുടർന്നു പാഞ്ഞു. കരച്ചിൽകേട്ട ദിക്ക ലക്ഷ്യംപിടിച്ച് അങ്ങനെ അതിവേഗം ഓടുകയാണ്. ഒരു പത്തുനിമിഷത്തിനകം അവിടെ എത്തിച്ചേർന്നു. കണ്ട കാഴ്ച ഉൾക്കിടുക്കം ഉണ്ടാക്കുന്നതായിരുന്നു. ഉഗ്രനായ ഒരു കാട്ടുപോത്തിന്റെ വീരപരാക്രമങ്ങൾ. കണ്ട മരങ്ങളും ചെടികളും വെട്ടിത്തകർക്കുകയാണ് ആ മൃഗം. ചില്ലകളററു നിലം പററുക മാത്രമല്ല, കടപുഴകി വീഴുകയും ചെയ്യുന്നു. ഒരു മനുഷ്യൻ ആ ഭീകരാകാരത്തിന്റെ മുതുകിൽ, ആനപ്പുറത്തെന്നവണ്ണം പററിപ്പിടിച്ചിരിക്കുന്നു. അയാൾ ആ കാട്ടുമൃഗത്തിന്റെ കൂർത്ത ബലിഷ്ഠമായ ചെവികളിൽ വിടാതെ പിടിച്ചിരിക്കുകയാണ്. അയാൾ തന്റെ കാലുകൾ ആ മൃഗത്തിന്റെ വിശാലഭീകരമായ വിലാപ്പുറങ്ങളിൽകൂടി കീഴ്പ്പോട്ടു തൂക്കിയിട്ടു പാദങ്ങൾ തമ്മിൽ പിണച്ചുകെട്ടിയിട്ടുണ്ട്. ആ മൃഗം തലകുലുക്കുകയും, ശരീരം കുടയുകയും, കുതിക്കുകയും അമറുകയും ചെയ്യുന്നു. ഏതു വിധേനയും ആ മനുഷ്യനെ താഴെ തള്ളി വീഴ്ത്തുവാൻ ഉള്ള ബദ്ധപ്പാട്. അയാൾ തുടരെത്തുടരെ സഹായത്തിനുവേണ്ടി മുറവിളി കൂട്ടുന്നു. കൈവാൾപോലെ മൂർച്ചയേറിയ കൊമ്പുകൾക്കിടയിൽ തന്റെ പരിപന്ഥിയെ മലർത്തിയടിക്കാൻ കാട്ടുപോത്തു കിണഞ്ഞു പരിശ്രമിക്കുന്നു. ചെവികളിലെ പിടിമുറുക്കുകയാണ്.

കാലിലെ കെട്ടും തഥൈവ. മരണഭീതിയോടുകൂടിയുള്ള പിടി. അതിനു മുറുക്കം കൂട്ടുമല്ലോ. ഈ മല്ലയുദ്ധക്കാരല്ലാതെ കാണികളായി അപ്പോഴാരുമില്ല. ഈ ബഹളത്തിനിടയിലാണ് ഞങ്ങൾ ചെന്നെത്തിയതു്. വാസ്തവം പറഞ്ഞാൽ രംഗംകണ്ടു ഞാൻ പകച്ചുനിന്നുപോയി. റയിഞ്ചർ ഞങ്ങളെ ഒന്നു തിരിഞ്ഞുനോക്കി. കാട്ടുപോത്തു് ഒരു അൻപതുവാര അകലത്താണ്. ഒരു നിമിഷനേരംപോലും അതു ചലിക്കാതെ നില്ക്കുന്നില്ല. എതിരാളിയെ തറപററിച്ചു മലർത്തിയടിക്കാൻ അവസരം ലഭിക്കാതെ വിജൃംഭിതവീര്യനായി കോപാവേശിതനായി ശൂണ്ഠിപിടിച്ചുനില്ക്കുന്ന കാട്ടുപോത്തു്: ആ ബലിഷ്ഠകായന്റെ കുളമ്പടിയേററാൽപോലും ചതഞ്ഞുപോകുമെന്ന ഭീതിയോടെ, ആ കാനനമദ്ധ്യത്തു തനിക്കു രക്ഷനല്കാൻ ആരുമില്ലാതെ മരിക്കേണ്ടിവരുമല്ലോയെന്നു മനസ്സിലാക്കി അ്വതും ഉച്ചത്തിൽ ആർത്തനാദം മുഴക്കുന്ന പാവം മനുഷ്യൻ!! റയിഞ്ചാഫീസർ ഞങ്ങളെ വീണ്ടും നോക്കി, തോക്കു കൊടുക്കുവാൻ കൈനീട്ടി. അരഞൊടിക്കിടയിൽ ഞാൻ തോക്കു് അദ്ദേഹത്തിന്റെ കൈയ്യിൽ വെച്ചുകൊടുത്തു. ഒരു ക്ഷാത്രവീര്യം അദ്ദേഹത്തിന്റെ മുഖത്തു് ഒളിവീശി, നിശ്ചലനായി നിന്നു. തോക്കു ചൂണ്ടി. വെടിപൊട്ടി. കാട്ടുപോത്തു് ഒരു വശത്തേക്കു ചരിഞ്ഞുവീണു. അതിന്റെ പുറത്തിരുന്ന ആൾ തെറിച്ചകലത്തിലും. ഞങ്ങൾ അടുത്തെത്തുംമുൻപു അയാൾ ഉരുണ്ടു പിരണ്ടെഴുന്നേററു് ഓടിവന്നു് റയിഞ്ചരദ്ദേഹത്തിന്റെ കാല്ക്കൽ വീണു് നമസ്കരിച്ചു.

അപ്പോഴേക്കും അയാളുടെ കൂട്ടരായ രണ്ടു മൂന്നുപേർ വന്നെത്തി. അവർ നായാട്ടുകാരായിരുന്നു. വിവരങ്ങൾ ചോദിച്ചറിഞ്ഞു. നായാട്ടിനു വന്നെത്തിയ അവർ യാദൃച്ഛികമായി കാട്ടുപോത്തിനെ കണ്ടെത്തി വെടിവെച്ചു.

പക്ഷെ നിഷ്ഫലമായി. കുപിതനായ ആ ജന്തു അവരെ കടന്നു് ആക്രമിച്ചു. ഒരുവൻ അവൻെറ മുതുകിലായി. മററുള്ളവർ പ്രാണരക്ഷാർത്ഥം പാഞ്ഞു. ഇതാണുസംഭവം.

അനന്തരം കാണിക്കാരെ വരുത്തി കാട്ടുപോത്തിനെ വെട്ടിപ്പുങ്കിട്ടു. ആ നീണ്ടകൊമ്പുകൾ മാത്രം ഞങ്ങൾ കൊണ്ടുപോന്നു.

---

# കാട്ടാറിലെ മലമ്പാമ്പു്.

സൎക്കാരുദ്യോഗം. അതു പലൎക്കും അത്ര പ്രയോജനപ്രദമല്ലെങ്കിലും അതിനോടുള്ള ബഹുമാനവും മമതയും ഇന്നും കുറഞ്ഞിട്ടില്ല. ഏററവും കുറഞ്ഞതായിരുന്നാലും സൎക്കാരുദ്യോഗസ്ഥൻ എന്നു കേൾക്കുമ്പോൾ മററുള്ളവൎക്കും തനിക്കും എന്തെന്നില്ലാത്ത ഒരു പ്രത്യേകാനുഭൂതി ഉളവാക്കുന്നു. ഇതിനുള്ള കാരണം എന്തോ?

അല്ലെങ്കിൽ ജീവാപായം വന്നുപോകുമെന്നുള്ള സന്ദർഭത്തിൽപോലും സൎക്കാരുദ്യോഗം വേണ്ടെന്നുവയ്ക്കാൻ തയ്യാറുള്ളവർ കാണുകയില്ല. ഒന്നുകിൽ ഉദ്യോഗം അല്ലാത്തപക്ഷം ജീവരക്ഷ. ഇവയിലേതെങ്കിലും ഒന്നു് സ്വീകരിച്ചുകൊള്ളാൻ ആവശ്യപ്പെട്ടാൽ ഉദ്യോഗാൎത്ഥികളായിരിക്കും ഉണ്ടായിരിക്കുക. അതല്ലേ പ്രാണനും പണയപ്പെടുത്തി വനങ്ങളിൽ കഴിഞ്ഞുകൂടാൻ ദൃഢനിശ്ചയം ചെ

യ്യുകൊണ്ടു് ഫാറസ്ററു ഡിപ്പാർട്ടുമെൻറിൽ ഏററവും കുറഞ്ഞ ഉദ്യോഗംപോലും സ്വീകരിക്കാൻ ആളുണ്ടാവുന്നതു്. പട്ടാളക്കാരൻെറ കഥയും വ്യത്യസ്ഥമല്ല. പക്ഷെ ഈ പ്രമാണത്തിന്നെതിരായി പ്രവൎത്തിച്ച ഒരു മഹാനുഭാവൻെറ അനുഭവമാണു് അടിയിൽ വിവരിക്കുന്നതു്.

ഞാനന്നും ഒരു ഗാർഡു് ആയിരുന്നു. കുളത്തൂപ്പുഴ റിസർവ്വു് ആണു് എൻെറ കരബലത്തിൽ അമന്നിരുന്നതു്. വനത്തിലുള്ള വിപത്മേഖലയുടെ വെളിക്കാണല്ലോ ഉയൎന്ന ഉദ്യോഗസ്ഥന്മാരുടെ ആഫീസുകൾ. ഉദ്യോഗത്തിൻെറ വലിപ്പമനുസരിച്ചു വിപത്തിൻെറ വിദൂരതയും കൂടിക്കൂടിയിരിക്കും ചെറിയ ഉദ്യോഗസ്ഥന്മാർ ദുഷ്ടമൃഗഗണസേവിതമായ കാന്താരത്തിൻെറ അന്തർഭാഗത്തുതന്നെ ആയിരിക്കണം എന്നു സർക്കാരിനു നിർബന്ധമുള്ളതുപോലെ തോന്നും. ഞാൻ ആ വനമദ്ധ്യത്തിൽ കടന്നുകൂടിയിരുന്നു. പഴക്കംകൊണ്ടു് എനിക്കതിൽ അത്ര അസംതൃപ്തിയോ അസമാധാനമോ ഉളവായിരുന്നില്ല.

ഒരുവേളപഴക്കമേറിയാ-
ലിരുളും മെല്ലെവെളിച്ചമായ് വരാം
ശരിയായ്, മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ".

പതിവുപോലെ ഒരു ദിവസം ഞാനും മറെറാരു ഗാർഡുമായി വനത്തിൻെറ പുറത്തെ സീമയ്ക്കരികിലുള്ള റെയിഞ്ചാഫീസിലേക്കു കാര്യവശാൽവന്നു. എൻെറ കൂട്ടുകാരനു് അന്നുമുതൽ അവധിയാണു്. പകൽ പത്തുമണിയോടുകൂടി മടങ്ങാനൊരുങ്ങി. അപ്പോൾ അവിടെയൊരു പുത്തൻമുഖവും കാണ്മാനിടയായി. അന്വേഷണത്തിൽ അയാൾ പുത്തനായി നിയമിക്കപ്പെട്ട ഒരു ഗാർഡു് ആണെ

ന്നറിഞ്ഞു. തല്ക്കാലം ഞങ്ങളുടെ ക്യാമ്പിലേയ്ക്കു് ആ മനുഷ്യൻ നിയമിക്കപ്പെട്ടു. റയിഞ്ചറുടെ ഉത്തരവനുസരിച്ചു് അയാൾ എന്നെ അനുധാവനം ചെയ്തു. അങ്ങനെ നിർഭാഗ്യവാന്മാരുടെ പട്ടികയിൽ ഒരെണ്ണംകൂടി വർദ്ധിച്ചു.

കുളത്തൂപ്പുഴമലകളിൽ ഒററയ്ക്കു സഞ്ചരിക്കുക സാദ്ധ്യമല്ല. ഞങ്ങൾ മൂന്നാളുംകൂടി നടന്നു. അയാൾ മദ്ധ്യവർത്തിയായി നിലകൊണ്ടു. ഞങ്ങളുടെ നിർബന്ധമായ ചോദ്യങ്ങളാൽ പുതിയ ആൾ തിരുവനന്തപുരംസ്വദേശിയാണെന്നും, രാഘവനെന്നാണു് പേരെന്നും, ജാതിയിൽ ബാർബർ ആണെന്നും മനസ്സിലായി. വനത്തിന്റെ ഗാംഭീര്യം വർദ്ധിച്ചതോടുകൂടി രാഘവന്റെ മുഖത്തു് ഒരു വല്ലാത്ത മ്ലാനതപരന്നു. മാംസഭുക്കുകളായ പക്ഷിമൃഗാദികളുടെ ഭീകരശബ്ദങ്ങളുംകൂടി ആയപ്പോൾ രാഘവൻ ഉരിയാട്ടവും നിർത്തി. അങ്ങനെ ജീവച്ഛവംപോലെ അയാൾ നടന്നുകൊണ്ടിരുന്നു. അയാളുടെ കാലുകൾ മാത്രം ചലിച്ചു. ഞാൻ അയാളുടെ ഭീതി ഒഴിവാക്കാൻവേണ്ടി പലതും സംസാരിച്ചുകൊണ്ടിരുന്നു. കൗരവപ്പടയുടെ പടഹധ്വനികേട്ടു് "അയ്യോ! എനിക്കെന്റെ അമ്മയെക്കാണണേ" മെന്നു് ആർത്തനാദം മുഴക്കിയ വിരാടരാജകുമാരനെ (ഉത്തരൻ)പോലെ രാഘവൻ നിലവിളിച്ചു പലായനം ചെയ്തില്ലെന്നേയുള്ളു.

ഞങ്ങൾ നടന്നുകൊണ്ടേ ഇരുന്നു. ഒരു ആരവാരം ഞങ്ങളുടെ ശ്രവണപുടങ്ങളിൽ പതിച്ചു. അധികം അകലത്തല്ലായിരുന്നു. ആകസ്മികമായിരുന്നതിനാൽ ആദ്യമല്പമൊന്നമ്പരന്നുപോയി. വനത്തിന്റെ അധികം ഉൾഭാഗമല്ലായിരുന്നതിനാലും, മനുഷ്യനാദമായിരുന്നതിനാലും നായാട്ടു നടത്തുകയാണെന്നേ ഞങ്ങൾക്കു് ആദ്യം വിചാരിക്കാൻ നിർവ്വാഹമുണ്ടായിരുന്നുള്ളു. എങ്കിലും

ചെവി വട്ടംപിടിച്ചു നില്ക്കുകയാണുണ്ടായതു്. "അതാ അനങ്ങുന്നു! അതാ മാറി, വടക്കോട്ടു്. ഇപ്പോൾ അനങ്ങുന്നില്ല, അതാ തല പൊക്കുന്നു. ആ മരത്തിന്റെ ചുവട്ടിൽ—കിഴക്കോട്ടു്, വീണ്ടും പിന്തിരിയുന്നു" എന്നും മററുമുള്ള വിളികളാണു്. ഞങ്ങൾക്കു് ഒരു എത്തും പിടിയും കിട്ടിയില്ല. എങ്കിലും, ആയുധങ്ങൾ സജ്ജമാക്കിക്കൊണ്ടു് വളരെ കരുതലോടുകൂടി ശബ്ദം പൊങ്ങിയ ദിക്കുനോക്കി ഞങ്ങൾ നടന്നു. "അതാ, ആററിലേക്കു്" "വീണ്ടും കൂട്ടവിളി. ആ സ്ഥലം ലക്ഷ്യംപിടിച്ചു് രാഘവനുമൊന്നിച്ചു് ഞങ്ങൾ പ്രയാണംചെയ്തു. ആളുകൾ ഓടുന്നതും ഒളിക്കുന്നതും, തല ഉയർത്തിനോക്കുന്നതും ഞങ്ങൾ കണ്ടു. "ഹേ! എന്താണു്" ഞാൻ കഴിവതും ഉച്ചത്തിൽ വിളിച്ചു ചോദിച്ചു. കാട്ടിനും നായാട്ടുകാർക്കും സുപരിചിതമായിരുന്നു എന്റെ ശബ്ദം. അല്പസമയത്തേക്കു ഒരു നിശ്ശബ്ദത, വീണ്ടുമൊരു കോളിളക്കംതന്നെ ഉണ്ടായി, "ആററിലേക്കു്, ആററിലേക്കു" അവർ വിളിച്ചുപറഞ്ഞു. "പെരുമ്പാമ്പു് വരുന്നേ, മലമ്പാമ്പുവരുന്നേ, പിന്നെയും ആരവാരം. കാട്ടുചെടികൾ അനങ്ങി ഓട്ടംപോലെ നീളവേ ഒരിളക്കം ദൃശ്യമായി. ഞങ്ങളുള ലക്ഷ്യമാക്കി ആ ചലനം പുരോഗമിക്കുന്നു. "ഓഹോ! മലമ്പാമ്പിന്റെ വരവാണു്," ഞാൻ പറഞ്ഞു. ഞാൻ രാഘവന്റെ കരം ഗ്രഹിച്ചു മാറിനില്ക്കാൻ അക്ഷമ കാണിച്ചു. പക്ഷെ തോളിലേററി മാറേറണ്ട പരുവത്തിലായിരുന്നു രാഘവൻ. അയാൾ അത്യധികം കുഴഞ്ഞുപോയി. സ്വയം രക്ഷനേടാൻപോലും കഴിയാതെ കഷണിക്കുന്ന കാന്താരപ്രദേശത്തു മറെറാരാളെ ചുമലിലേററി പായുക എന്നുവച്ചാൽ അതിൽപരം വൈഷമ്യം വരാനുണ്ടോ.

പെരുമ്പാമ്പുതന്നെ. ഞാൻ കണ്ടു: പ്രാണരക്ഷാർത്ഥം പായുന്ന ആ ജന്തു ഞങ്ങളെ കടന്നാക്രമിക്കയില്ലെ



DISTRIBUTING LIBRARY
No. 84127

ന്ന് എനിക്കറിയാം. പക്ഷെ അതു വല്ലാത്ത വിഷവീര്യമുള്ള കരിഞ്ചാത്തിയോ മററോ ആണെങ്കിൽ!! കഥകഴിഞ്ഞു. ആ സംശയവും ഭയവും അടുത്തക്ഷണത്തിൽ എന്നെ ബാധിച്ചു ഒരാൾക്കമ്പം നിമിഷാന്തരത്തേക്ക്, വരുന്നതുവരട്ടെ എന്നുവച്ചു. അല്ലാതെന്തുചെയ്യും. ഒരു മലവേടൻ ആ ബീഭത്സസത്വത്തെ കടന്നുപിടിച്ചു.പാടത്തു തോലുവളം നറുക്കാൻ ഉപയോഗിക്കുന്ന അറക്കറിയുടെ അററംപോലെ കൂർത്തിരിക്കുന്ന വാലുകൊണ്ട് ഒരടി. അടിയേററു കറങ്ങി അയാൾ നിലംപററി. എങ്കിലും അടുത്ത നിമിഷം പൂർവാധികം ഉശിരോടെ അയാൾ ആ പെരുമ്പാമ്പിനെ വീണ്ടും പിടിച്ചു. ഞെളിഞ്ഞും പുളഞ്ഞും, ചുരുണ്ടും നീണ്ടും, മേല്പോട്ടു വില്ലുപോലെ പൊങ്ങിയും, മറിഞ്ഞും, വീണ് അവിടെ ഒരു യുദ്ധരംഗമായിമാറി. പെരുമ്പാമ്പിൻെറ പുറത്തേക്കാൾകൂടുതൽ ഭയാനകമായി തോന്നിയതു് അതിൻെറ പള്ളഭാഗം വെളിക്കുകാണുമ്പോഴായിരുന്നു. "എന്തൊരു ജന്തുവേവായിവൻ"

മലവേടന്മാരും നായാട്ടുകാരും പാഞ്ഞെത്തി. പെരുമ്പാമ്പാകട്ടെ,വിട്ടില്ല, ആദ്യത്തെ ആളിനേയുംകൊണ്ട് അരുവിയിലേക്കു മറിഞ്ഞു. കാളിയമർദ്ദനപ്രതീതി എനിക്കുളവായി. വേറൊരാളും സഹായത്തിനു പാഞ്ഞെത്തി. പക്ഷെ നദിയുടെ അഗാധതലത്തേക്കു നീങ്ങുവാൻ പാമ്പിനു സാധിക്കാത്ത മട്ടായി. പാമ്പിൻെറ ആ ഉദ്യമത്തിനു അവർ വിഘ്നം വരുത്തി. മുങ്ങിയും പൊങ്ങിയും കോലാഹലംതന്നെ. ആ ജലവിഭാഗം കലങ്ങിവശായി. ഉരുണ്ടും പിരണ്ടും, അവർ പെരുമ്പാമ്പിനെ വിടാതിരിക്കുവാൻ ആവതും നോക്കുകയാണ്. ഞങ്ങൾ ആററിൻെറ കരയിൽനിന്നു് രംഗനിരീക്ഷണം നടത്തുകയാണ്. രാഘവനുംകൂടിയുണ്ട്. കണ്ണുമുഴുവൻ അയാൾ തുറന്നിട്ടില്ലെന്നാണുതോന്നുന്നതു്. അപ്പോഴേക്കും നായാട്ടുകാർ നീ

ണ്ട ഒരു കാട്ടുവള്ളിയുമായി പാഞ്ഞെത്തി. മലവേട ന്മാർപാമ്പിനെ കെട്ടിവലിച്ചു നീക്കി നീക്കി ക്രമേ ണ കരയിലിട്ടു. വാലും തലയും രണ്ടു പ്രത്യേക വള്ളികൾ കൊണ്ടു ബന്ധിച്ചു കമ്പിപോലെ വലിച്ചു നീട്ടി രണ്ടുമര ത്തിൽകെട്ടി ഉറപ്പിച്ചു. ചില്ലറക്കാരനായിരുന്നില്ല പെ രുമ്പാമ്പ്! 18 ചുവടുനീളം വരും. സാമാന്യം വലിപ്പ മുള്ള ഒരു തെങ്ങിൻതടിയോളം വണ്ണവും., അല്പസമയ ത്തിനുള്ളിൽ പാമ്പിനെ കീറിനെയ്യ് എടുത്തു, തോലുരി ച്ചു. ബാക്കി മാംസഖണ്ഡം കുറേനേരത്തേക്ക് കുതിച്ചു വീഴുന്നതു് ഞങ്ങൾ കാണുകയുണ്ടായി. "ഹോ! എന്തൊരു ഭീകരജന്തു" ഞാൻ പറഞ്ഞുപോയി. അതിൻെറ വയ റ്റിൽ ഒരാളിനു സുഖമായികിടന്നുറങ്ങാം.

ഞങ്ങൾ സ്ഥലംവിട്ടു ക്യാമ്പിലെത്തി. രാഘവൻ മൗനവ്രതത്തിലാണു്. അനങ്ങുകയില്ല. അങ്ങനെ ഒരി ടത്തുതന്നെ ഇരിക്കും. മഹാസമുദ്രത്തിലെ വഴിപിഴച്ച കപ്പലിലെന്നപോലെ അയാൾ ക്യാമ്പിനുള്ളിൽ ഇരുന്നു. ഞാൻ പാകംചെയ്തു ഭക്ഷണം കഴിച്ചു. അയാളും അതിൽ പങ്കുകൊണ്ടു. അത്രതന്നെ, പാവം!! ഭയന്നിരിക്കും. ഞാൻ പല കഥകളും പറഞ്ഞു് അയാളെ സാന്ത്വനം ചെയ്യാനും രസിപ്പിക്കാനും നോക്കി. നട്ടുച്ചയ്ക്കുപോലും സന്ധ്യാപ്രതീതി വരുത്തുന്ന ആ വനത്തിൽ ക്രമേണ ഇരു ളിൻെറ ചുരുളുകൾ നിവർന്നു തുടങ്ങി. അതോടൊപ്പം അതിയായ തണുപ്പും ആമിഷദാഹികളായ പക്ഷിമൃഗാ ദികളുടെ ഘോരനാദങ്ങളും സർവ്വത്ര ഉണ്ടു്. നിമിഷ ങ്ങൾ കടന്നു പൊയ്ക്കൊണ്ടിരുന്നു. രാഘവൻ ഒരു മൂല യിൽ ചാരി ഇരിക്കുകയാണു്. ക്യാമ്പിൻെറ വളപ്പിനു് വെളിയിൽ ഒരു കറുത്ത കുററി സ്ഥിതിചെയ്യുന്നു. ഞാൻ സൂക്ഷിച്ചു. മുൻപെങ്ങും ആ വസ്തു അവിടെ ഇല്ലായി രുന്നുവല്ലോ. എന്താണതു്. എനിക്കു സംശയം വർദ്ധി

ച്ചു. ജിജ്ഞാസ കൂടി. ഞാൻ രാഘവനെ വിളിച്ചു. ടാർച്ചു ലൈററുകൊണ്ടു വരുവാൻ ആവശ്യപ്പെട്ടു. അയാൾ അപ്രകാരംചെയ്തു. ലൈററു പ്രകാശിപ്പിച്ചതും രാഘവൻ തന്നെ ആയിരുന്നു. ഞാൻ കണ്ടു. അയാളും കണ്ടു. രാഘവൻെറ മുഷ്ടി അയഞ്ഞു. ലൈററു നിലംപതിച്ചു. അയാൾ ഉടനെ മുറിക്കുള്ളിലായി. ശക്തിയോടുകൂടി കതകടച്ചു. ബഹളംകണ്ടു ഞാനൊന്നു നടുങ്ങി. ലൈററു കരസ്ഥമാക്കി, ഉത്തരക്ഷണത്തിൽ വീണ്ടും മിന്നിച്ചു. ആ സത്വം അതാ ഓടിപ്പോകുന്നു. ഒരു വലിയ കരടി, ഞാൻ രാഘവനെ വിളിച്ചു. അനക്കമില്ല; ഒരു മൂന്നു നാഴിക വീണ്ടും കഴിഞ്ഞിരിക്കും. എനിക്കു വലിയ ഭയമായി. രാഘവൻെറ ശ്വാസം നിലച്ചോ ഇല്ലയോ എന്നകാര്യംതന്നെ തിട്ടമായില്ല. ഞാൻ കുഴങ്ങി. വലിയ തണുപ്പു. ഞാൻ വിറച്ചു. കതകിനു വെളിയിലായിരുന്നു ഞാൻ. പെട്ടെന്നു കതകുതുറന്നു. ഒരു ചാട്ടുളിപോലെ ഞാൻ പാഞ്ഞു അകത്തേക്കു്. ആവൂ! രാഘവനു് ഒന്നും പററിയില്ല. പിന്നീടു ഞങ്ങൾ കിടന്നു. ഞാൻ ഉറങ്ങി. അയാളുടെ കഥ എനിക്കറിവില്ല.

# ആനക്കുഴിയിൽ

കൊട്ടാരക്കര താലൂക്കിൽപ്പെട്ട മടത്തുറക്കാണി പ്രസിദ്ധമാണല്ലോ. തിരുവനന്തപുരം ചെങ്കോട്ടറോഡി ന്നരികത്തായി മടത്തുറ കവലയിൽനിന്നും ഏതാണ്ടു കിഴക്കുമാറി ചെങ്ങിലിവനം സ്ഥിതിചെയ്യുന്നു. ഇപ്പോൾ അവിടെ പന്നിയും മന്തിയുമൊഴിച്ചുള്ള വന്യമൃഗങ്ങൾ അധികമില്ലെങ്കിലും ഏതാനും വർഷങ്ങൾക്കു മുമ്പുള്ള കഥ അതല്ല. ചങ്ങിലിവനങ്ങളിൽ സിംഹമില്ലെന്നേ ഉള്ളു മൃഗകുല സങ്കലിതമായ ഒരു വനപ്രദേശമാണ് അതെന്നു സമഗ്രമായി പ്രതിപാദിക്കുന്നതിൽ അപാകമില്ല. കുളിക്കാത്തവൻെറ തലയിൽ പേൻപോലെയും അശുപത്രി കിടക്കകളിലെ മൂട്ടയണിപോലെയും അത്ര പെരുത്തുണ്ടായിരുന്നു അവിടെ ആനകൾ. ആനപിടിത്തം ആ വനത്തിൽ തകൃതിയായി നടക്കുന്നുണ്ടായിരുന്നു. പിടിച്ച ആനകളെ കൊണ്ടുവന്നു സൂക്ഷിക്കുന്നതിനും,

വഴക്കുന്നതിനും വേണ്ടി അവിടെനിന്നും ഏതാനും മൈൽ അകലെയുള്ള കടയ്ക്കൽ എന്ന സ്ഥലത്ത് ആന ക്കൂട്ടം ഉണ്ടായിരുന്നു. ആ ആനക്കൂട്ട് ഇന്നേയ്ക്ക് ഒരു ഇരു പത്തു കൊല്ലം മുമ്പുവരെ നില നിന്നിരുന്നതായി ഞാൻ ഓർമ്മിക്കുന്നു.

ആനക്കുഴി എന്നു പറഞ്ഞാൽ അധികമാരും കണ്ടി രിക്കാൻ ഇടയില്ല. ഭയങ്കരമായ ഒരു കുഴിതന്നെ ആയി രിക്കും അത്. കരിവരന്മാരുടെ സഞ്ചാര പഥം അറി ഞ്ഞുകൊണ്ടായിരിക്കും സാധാരണ കുഴി തീർക്കാറുള്ളത്. കിണർപോലെ അടിയും മുകളും ഒരേ വൃത്താകാരത്തി ലല്ല. മേൽഭാഗം വിസ്തൃതമായും, അടിയിലോട്ടു പോ കുന്തോറും വ്യാസം കുറഞ്ഞും ഇരിക്കും. അടുത്തായി വൃക്ഷ ങ്ങൾ ഉണ്ടായിരിക്കുന്നതല്ല. കുഴിയിൽ വീണ ആന തുമ്പി ക്കൈയ് പൊക്കിയാലോ, കരയിൽ നില്ക്കുന്ന ആന തുമ്പിക്കൈയ് താഴത്തേക്കുനീട്ടിയാലോ തൊടാനാവാത്ത വണ്ണം അത്ര താഴ്ച കുഴിക്കു കാണും മുളകൾ കീറിയ ചെ റിയപാളികൾ കുഴിക്കുമുകളിൽ നിരത്തി ഇലകളും മററും കൊണ്ടു സുഷിരങ്ങൾ മറച്ച് അതിന്മീതെ മണ്ണിട്ടു മൂടു കയും, ചുററുപാടുമുള്ള തറയോടു സാമ്യം വരുമാറ് ഒരു ക്കുകയും ചെയ്തിരിക്കും. വനത്തിലും ആകാശത്തിലും പോലും പ്രാണികളെ സൈ്വരവിഹാരം ചെയ്യാൻ അനു വദിക്കാത്ത മനുഷ്യൻെറ കുസൃതിത്തരങ്ങൾ! ലോകാധി പത്യം കരസ്ഥമാക്കാനുള്ള മനുഷ്യൻെറ പ്രവണതയാ ണിത്.

ഇപ്രകാരമൊരു കുഴി ചെങ്ങിലിവനത്തിൽ തയാറാ ക്കിയ ശേഷം, ഞങ്ങൾ സങ്കേതത്തിലേക്കു മടങ്ങി. ആന കുഴിയിൽ വീണെങ്കിൽ വിവരം അറിയിക്കുന്നതിനു ഒരു വാച്ചുറെ ഏല്പ്പെടുത്തുകയും ചെയ്തു. നിത്യവും രാവിലെ ആനക്കുഴി പരിശോധിച്ചു മടങ്ങുക എന്നതായിരുന്നു

അയാളുടെ ജോലി. സക്കാർ സ്ഥാപനങ്ങളിൽ നൈററു് ഡ്യൂട്ടിക്കു് നിയുക്തനാകുന്ന ശിപായിയെപ്പോലെ പേരി നവേണ്ടി മാത്രം വാച്ചർ. വല്ലപ്പോഴുമൊന്നു പോയാലു മായി ഇല്ലെങ്കിലുമായി. ഓരോരുത്തരെ ഭരമേല്പിക്കുന്ന ജോലി കൃത്യമായി ചെയ്യുമെങ്കിൽ നാടു നന്നാവാൻ വേറെ കാരണമൊന്നും വേണ്ടല്ലോ.

ഒരു സംഘം ആന അടുത്തൊരു വനത്തിൽ എത്തി യിട്ടുണ്ടെന്നു വാച്ചർക്കു മൂന്നാം ദിവസം അറിവുകിട്ടി. അന്നു മുതൽ രണ്ടും മൂന്നും നാൾ കൂടുമ്പോൾ മാത്രമേ ആനക്കുഴി പരിശോധിക്കാൻ വാച്ചർ ധൈര്യപ്പെട്ടുക യുള്ളു. അതുതന്നെയും ബാലിയുടെ വാലിൽ പിടിക്കാൻ പോയ രാവണനെപ്പോലെ ഇതു വേണ്ടായിരുന്നു എന്ന ചിന്താക്ലാന്തതയോടെ.

പിന്നെയും ദിനപത്രങ്ങൾ പഴുത്തു കൊഴിഞ്ഞുകൊ ണ്ടിരുന്നു. ഒരു പുലരിയിൽ പതിവുപോലെ വാച്ചർ ആനക്കുഴി പരിശോധിക്കാൻ പോയി. കൈയ്യിൽ ഊക്ക നായ ഒരു കണ്ണകോടാലി ഉണ്ടു്.

മഞ്ഞുകാലം. സൂര്യരശ്മികൊണ്ടു് ചൂടുപിടിച്ച മൂടൽ മഞ്ഞു് ആവിയായി ഉയൻ്റു. കാററു വീശിയടിക്കാൻ ആരംഭിച്ചില്ല. സങ്കേതത്തിൽനിന്നും അയാൾ ആ വനാ ന്തരത്തിൽ എത്തിയപ്പോൾ കഷ്ടിച്ചു പത്തു മണി ആയി രിക്കും. കുഴിയുടെ സ്ഥാനം അയാൾ ദൂരെവെച്ചുതന്നെ നിർണ്ണയപ്പെടുത്തി. വാച്ചർ വലിയൊരു മരത്തിൽ കയ റി കുഴിയിലേക്കു സൂക്ഷിച്ചു നോക്കി. ആനക്കുഴിയിൽ വലുതു് അല്ലാത്ത ഒരു സുഷിരം കാണുന്നു. സാവധാനം മരത്തിൽനിന്നും ഇറങ്ങി പരിസരം സൂക്ഷ്മമായി പരിശോ ധിച്ചു. വന്യജന്തുക്കളുടെ സാമീപ്യമില്ലെന്നു മനസ്സിലാ ക്കി. ആനക്കുഴി ഉന്നമാക്കി ചുവടുകൾവച്ചു നടന്നു.

വാച്ചറുടെ നെഞ്ച് വല്ലാതെ ഇടിക്കുന്നുണ്ടാവും. അററച്ചുറച്ച് സാവധാനം അയാൾ മുന്നോട്ട പോയി. കുഴിയുടെ മേൽമൂടിയുടേയും പരിസരത്തിൻേറയും കിടപ്പു കണ്ടതിൽ ആന അവിടെ വന്ന ലക്ഷണം കണ്ടില്ല. വാച്ചർക്കു സംശയം വർദ്ധിച്ചു. അതോടുകൂടി ഒരു ഉൾപ്പേടിയും. കുഴിയുടെ വക്കിൽനിന്നും രണ്ടുമൂന്നടി അകലെ മാറിനിന്നു കുഴിയിലേക്കു കണ്ണോടിച്ചു. ഒന്നും കാണ്മാനില്ല. ആനയുണ്ടെങ്കിൽ അത്ര ശോധന ചെയ്യേണ്ടതില്ലല്ലോ. ആനക്കോലം കാണ്മാൻകഴിയാത്തവിധം അത്ര മാത്രം തിമിരം അയാൾക്കു ബാധിച്ചിട്ടുമില്ല.

കണ്ണുകോടാലി സജ്ജമാക്കി മുറുകെപ്പിടിച്ചിരുന്നു. വീണ്ടും താഴത്തേക്കുനോക്കി. ഒരലർച്ച, അയാൾ നടുങ്ങിപ്പോയി. പിന്നൊട്ടൊരു മാററം. എലിവാണംപോലെ അതാ ഒരു കടുവ മേല്പോട്ടുയരുന്നു. അയാൾ അന്ധാളിച്ചുപോയി. വാച്ചറുടെ കണ്ണഞ്ചിപ്പോയി. കടുവാ അയാളുടെ തോളിൻെറ മുകളിൽക്കൂടി പിന്നിലേക്കുചാടി. അയാൾ സർവ്വശക്തിയും ധൈര്യവുമവലംബിച്ചു് അഞ്ഞൊരു വെട്ട്! നീണ്ട വാലററു നിലത്തുവീണു. കടുവ അവിടെ നിന്നില്ല. പ്രാണരക്ഷാർത്ഥം കുതിച്ചുപാഞ്ഞുപോയി. എന്തൊരു മായാവ്യവസ്ഥ!

അററുവീണ വ്യാഘ്രലാംഗുലവുമേന്തി വാച്ചർ ഒരു കിതപ്പോടെ ഞങ്ങളുടെ ക്യാമ്പിൽ വന്നുചേൎന്ന് സംഭവം വിവരിച്ചു. ശ്വാസമടക്കി ഞങ്ങൾ കേട്ടുകൊണ്ടിരുന്നു. കുണ്ടിൽവീണ നരിവരൻ രക്ഷാമാർഗ്ഗം കാണാതേയും ഇരകിട്ടാതേയും വലഞ്ഞിരിക്കുമ്പോഴാണ് വാച്ചരുടെ കണ്ണുകൾ സുഷിരത്തിൽക്കൂടി കണ്ടെത്തു്. "ആ ലക്ഷ്യംവച്ചു് കടുവ ഉല്പതിക്കയാണുണ്ടായതു്" എന്നു് തൊനാസംഭവം മുഴമിച്ചു.

---

## കടുവായെത്തേടി.

റയിഞ്ചാഫീസർ......പ്പോലെ ഇത്ര സത്യസന്ധനും നീതിനിഷ്ഠനും ദയാലുവുമായ മറെറാരു ഉദ്യോഗസ്ഥനെ ഞാൻ കണ്ടിട്ടില്ല. അദ്ദേഹം ഒരു ഒന്നാംതരം വേട്ടക്കാരനും വേട്ടപ്രിയനുമാണു്. അദ്ദേഹത്തിൻെറ തോട്ടാ ഏററാൽ ആ ജന്തു പിന്നെ ജീവിച്ചിരിക്കില്ല. അക്കാര്യം സർവ്വവിദിതമാണു്. അതിനാൽ വനാന്തർങ്ങളിൽ അദ്ദേഹത്തെ അനുഗമിക്കാൻ കീഴ്ജീവനക്കാക്കുള്ള താല്പര്യം കുറച്ചൊന്നുമല്ല.

സർ സി. പി–യുടെ ഭരണകാലം, അദ്ദേഹം ഒരിക്കൽ കുററാലത്തോ മറേറാ പോയി മടങ്ങിവരും വഴി കുളത്തൂപ്പുഴവച്ചു് ഒരു കടുവാതോൽ കിട്ടുവാൻ ആഗ്രഹം പ്രകടിപ്പിച്ചതായി റയിഞ്ചൎക്കു് അറിവുകിട്ടി. അങ്ങനെ പിറേറന്നാൾ ഒരു കടുവാവേട്ടയ്ക്കു വേണ്ട സന്നാഹങ്ങൾ

വ്യഗ്രതയോടെ ചെയ്തുതീർത്ത് കാട്ടിലേക്കു പുറപ്പെട്ടു. അദ്ദേഹത്തോടൊന്നിച്ച് ഞാനും മററു മൂന്നുപേരും കൂടാതെ നാലു കാണിക്കാരും ഉണ്ടായിരുന്നു. ആ കാട്ടിൽ കടുവായെ വളരെ അപൂർവ്വമായിട്ടേ കണ്ടിരുന്നുള്ളു. അവിടെ എന്നല്ല ഏതു വനാന്തരത്തിലായാലും യദൃച്ഛയാ മാത്രമേ നരികളെ കണ്ടെത്തുവാൻ കഴിയുകയുള്ളു. മനുഷ്യസാമീപ്യം മണത്തറിയാൻ വ്യാഘ്രത്തിനു വിരുതേറും. നായാട്ടുകാർ വനപ്രദേശത്തു പ്രവേശിച്ചു എന്നറിഞ്ഞാൽ കൊടുങ്കാററിൻെറ വേഗത്തിൽ അവററ അപ്രത്യക്ഷമാകും. കടുവാ മനുഷ്യനെ നേരിട്ടുനിന്ന് എതിക്കുന്നതു സാധാരണമല്ല. അസാധാരണ ധൈര്യശാലികൾക്ക് നോട്ടംകൊണ്ടുപോലും കടുവായെ പിൻതിരിപ്പിക്കുവാനും പലായനം ചെയ്യിക്കുവാനും കഴിവുണ്ടെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. അതിനാൽ മനുഷ്യസഞ്ചാരമുള്ള വനഗർഭങ്ങൾ വ്യാഘ്രവീരന്മാർ സൈ്വരവിഹാരരംഗമായി സ്വീകരിക്കാറില്ല. കടുവ ഉണ്ടെന്നറിഞ്ഞാൽ മാൻ, കാട്ടുപോത്ത് ആദിയായ ജന്തുസഞ്ചയം പ്രാണരക്ഷാർത്ഥം പാഞ്ഞുകളയുമെന്നുള്ളതിനാൽ പലപ്പോഴും അവററയ്ക്ക് ഇരകിട്ടാതെ വിശന്നു വലയേണ്ടതായും വരും. അക്കാരണത്താലും വ്യാഘ്രങ്ങൾ വല്ല വല്ലിക്കുടിലുകളിലോ ചാണകളിലോ പകൽ പതിയിട്ടു പാർക്കുകയാണു പതിവ്. ഇത്തരം സന്ദർഭങ്ങളിൽ ഒററയ്ക്കു സഞ്ചരിക്കുന്ന നിർഭാഗ്യവാന്മാരെ കണ്ടാൽ ഒററച്ചാട്ടത്തിന് അവരുടെമേൽ വീഴുകയും ഊക്കോടെ അടിച്ചുവീഴ്ത്തി കടിച്ചുചീന്തി നിണംകുടിക്കയും ചെയ്യും.

സമർത്ഥന്മാരായ കാണിക്കാർ സഹിതം ഞങ്ങൾ വേട്ടയ്ക്കു പുറപ്പെട്ടു. കടുവകളുടെ സഞ്ചാരപഥങ്ങൾ ഏതു ഉൾമലയിലായാലും ശരി കാണിക്കാർ എളുപ്പം കണ്ടറിയും. കടുവകളുടെ നടത്തയ്ക്ക് ഒരു പ്രത്യേകതയുണ്ടു്.

അവ ഓരോ പാശ്ചത്തിലെയും കയ്യും കാലും പതിക്കുന്നതു് ഒരേ സ്ഥലത്തുതന്നെ ആയിരിക്കും. ഞങ്ങളുടെ ആദ്യത്തെ മൂന്നുദിവസത്തെ പരിശ്രമം പരിപൂർണ്ണപരാജയത്തിൽ കലാശിച്ചു. ആ ദിവസങ്ങളിലെല്ലാം ഞങ്ങൾ മ്ലാനവദനരായി നിരാശരായി മടങ്ങേണ്ടിവന്നു. നാലാം ദിവസം പതിവിനു വിപരീതമായി ഞങ്ങൾ നേരത്തെ പുറപ്പെട്ടു. കാട്ടിൽ കയറിക്കഴിഞ്ഞാൽ കാണിക്കാർ നാനാവഴിക്കും അലഞ്ഞുതിരിയും. അവക്കതിൽ ലേശവും ഭയമില്ല. അവരുടെ ശബ്ദവൈവിദ്ധ്യത്തിനു പ്രത്യേക സങ്കേതങ്ങളുണ്ടായിരുന്നു. ആ സങ്കേതം ഉപയോഗിച്ചാണു പരസ്പരം ആശയവിനിമയം ചെയ്തുപോന്നതു്. ആഫീസറോടൊത്തു ഞങ്ങളും കടുവയെത്തേടി കാട്ടിനുള്ളെ സഞ്ചരിച്ചിരുന്നു. ഞങ്ങൾക്കെല്ലാം ഓരോ തോക്കുമുണ്ടായിരുന്നു. ലക്ഷ്യംപിഴയ്ക്കാതെ അതു പ്രയോഗിക്കുന്നതിലും ഞങ്ങൾ വൈദഗ്ദ്ധ്യം സമ്പാദിച്ചിരുന്നു. പക്ഷെ തീരെ അടുത്തെങ്ങാനും ക്രൂരമൃഗങ്ങളെ കണ്ടുപോയാൽ ഒന്നു നിശ്ചയമാണു്. മരണം. ആ ഭാഗ്യക്കുറി ആരുടെമേൽ വീഴുമെന്ന വസ്തുതമാത്രമേ അജ്ഞാതമായിരുന്നുള്ളു.

80127

ശരി. കഥ തുടരാം. കാണിക്കാർ ഓരോരുത്തരും മൂർച്ചയേറിയ ഊക്കൻ കത്തി ധരിച്ചിരുന്നു. അതായിരുന്നു അവരുടെ ആപൽബന്ധു. എന്തു കൈക്കരുത്തോടും മനക്കരുത്തോടും അതു പ്രയോഗിക്കുമെന്നോ! പറഞ്ഞാൽ പൊളിയെന്നു തോന്നിപ്പോകും.

മദ്ധ്യാഹ്നമായി. ഉച്ച ഭക്ഷണവും കഴിഞ്ഞു. ഞങ്ങൾ വീണ്ടും കടുവായെ തേടിത്തുടങ്ങി. പാത്തും, പതുങ്ങിയും, നടന്നും നിന്നും, വല്ല ചലനവും ശബ്ദവും ഉണ്ടോ എന്നു ചെവി വട്ടംപിടിച്ചും, ഞങ്ങൾ ഓരോരു

ത്തരം വിശദമായ പരിശോധന നടത്തുകയാണു്. അപ്പോഴേക്കും ഒരു അറിവുകിട്ടി അടുത്തെവിടെയോ ഒരു വ്യാഘ്രപ്രവീരൻ പള്ളിക്കുറുപ്പു കൊള്ളുന്നെന്നു്. ഞങ്ങൾ ഒരുമിച്ചുകൂടി. ഒരു കടുവാ, പട്ടിക്കുട്ടിയോളം വലുപ്പമുള്ള രണ്ടു പോതങ്ങളുമൊത്തു് പരന്നേറിയ ഒരു പാറപ്പുറത്തു കിടക്കുന്നു. ഒരു കുട്ടി അല്പം അകലെ മാറിനിന്നു കളിക്കുകയും ചാടുകയും ചെയ്യുന്നു.

കുട്ടികളിൽ ഒന്നു മുല ചപ്പുന്നു. അതൊരു പെൺകടുവ ആയിരിക്കാമെന്നു് അനുമാനിച്ചു. അതിന്റെ കിടപ്പിന്റെ 'ഗമ' ഞാൻ നല്ലവണ്ണം സൂക്ഷിച്ചു. മന്ദിരാങ്കണത്തിൽ യജമാനാഗമനത്തെ പ്രതീക്ഷിച്ചു കിടക്കുന്ന അൽസേഷ്യൻ നായുടെ പ്രാഗത്ഭ്യമുണ്ടതിനു്. പിൻകാലുകൾ അല്പം മടക്കി അതിൽ ശരീരഭാഗം താങ്ങി, അരക്കെട്ടും മററും അല്പമൊരു വശത്തേക്കു ചരിഞ്ഞു്, മുൻകാലുകൾ ആവോളം മുന്നോട്ടുനീട്ടി, അതിന്റെ ഒരുമുഴം മുകളിലായി തലയും പൊക്കിപ്പിടിച്ചു്, ടാർച്ചുലൈററു പോലെ പ്രകാശിക്കുന്ന ഉഗ്രമായ ദൃഷ്ടികൾ വിദൂരതയിലെങ്ങോ ഉറപ്പിച്ചു്, കൂർത്തുള്ള ചെവികൾ നിശ്ചഞ്ചലമാക്കി, അങ്ങനെ ഒരു പാറപ്പുറത്തു വെയിൽ കാഞ്ഞുകൊണ്ടോ കുട്ടിക്കു പാൽകൊടുത്തുകൊണ്ടോ ഏകാധിപത്യച്ചെങ്കോൽ നടത്തുകയാണു് ആ പെൺനരി. ആ വട്ടക്കണ്ണുകളും, വിദ്യുൽതരംഗങ്ങൾ പ്രവഹിക്കുന്ന നോട്ടവും, മുഖത്തും ദേഹത്തും കാണുന്ന കറുത്തും ചെമ്പിച്ചുമുള്ള വരികളും, ബലിഷ്ഠമായ കഴുത്തും, ചിലവേള വായു് പൊളിക്കുമ്പോൾ വെളിക്കുകാണുന്ന വെളുത്തു കൂർത്ത ദംഷ്ട്രകളും, കൂരിരുൾപോലെ കറുത്ത ജിഹ്വയും ഒരുൾക്കിടിലം വരുത്താൻ പര്യാപ്തമാണു്. ഈ ജന്തുവിനെ അവിചാരിതമായി മുൻപിൽ കണ്ടുപോയാൽ, നിശ്ചയമായും നമ്മുടെ സിരകളിലെ ചുടുചോര് മഞ്ഞുകട്ടി

പോലെ ഉറഞ്ഞു പോകും. വീണ്ടും വീണ്ടും ആ ഭീകര ജന്തുവിനെ നോക്കാൻ എനിക്കു ധൈര്യമുണ്ടായില്ല. എല്ലാപേരും അവരവരുടെ തോക്കുകൾ സജ്ജമാക്കി. സ്ലാശിലപോലെ പരന്നുപററിയ ഉദരഭാഗങ്ങളിലും, കാററുപോയി ചുരുങ്ങിയ ബലൂൺപോലുള്ള മുലക്കാമ്പിലും അതിൻെറ കുട്ടി മാറിമാറി മുത്തുന്നതു കാണേണ്ട ഒരു കാഴ്ചതന്നെയാണ്. വിശ്വസ്നേഹത്തിൻെറ ഒരു നേരിയ കിരണം ആ ദുഷ്ട ജന്തുവിലും അന്തർലീനമായിട്ടുണ്ട്. പക്ഷെ ഇത്തരം സന്ദർഭങ്ങൾ ഏററവും അപകടകാരിയാണ്.

റയിഞ്ചർ അതാ! തോക്കു ചൂണ്ടുന്നു. അദ്ദേഹവും ഞങ്ങളും വളരെ പണിപ്പെട്ട് അകലെനിന്ന് ഒച്ചിഴയും മാതിരി സാവധാനത്തിലും ഒച്ചകൂടാതെയും നീങ്ങി നീങ്ങി വല്ലവിധത്തിലും ഭീമാകാരമായ ഒരു മരത്തിൻെറ മറവിൽ എത്തിച്ചേർന്നു. പരസ്പരം ആംഗ്യം കാണിക്കയല്ലാതെ ഉരിയാടിയില്ല. കഷ്ടിച്ച് അൻപതുകോൽ അകലം വരും. ഞങ്ങളോരോരുത്തരും പരദേവതയേയും മലദേവതകളേയും ധ്യാനിച്ചു. കാരണം, വെടിയേററാലുമില്ലെങ്കിലും കടുവാ ഒന്നു ചാടും. ആ ചാട്ടം പരിപന്ഥിയുടെ മേലായാൽ ആ നിർഭാഗ്യൻെറ കഥ കഴിഞ്ഞു. ആ ചാട്ടം പിഴച്ചാൽ ഒന്നുകിൽ കടുവാ വീഴും; അല്ലെന്നു വരുകിൽ കടന്നു കളയും.

റയിഞ്ചർക്ക് സാധാരണയായി ലക്ഷ്യം പിഴയ്ക്കാറില്ല. ആ ഒരു വിശ്വാസം മാത്രമാണ്, ഞങ്ങളെ ശ്വാസോച്ഛ്വാസം ചെയ്യിച്ചത്. അദ്ദേഹം ഉന്നം നോക്കി. ഞാൻ തൊട്ടുപിറകിൽനിന്നു തോക്കിൻ തലയും കടുവായുടെ വിലാപ്പുറവും മാറിമാറി നോക്കിക്കൊണ്ടിരുന്നു. ഞങ്ങൾ ആ വ്യാഘ്രത്തിൻെറ നേരെ മുമ്പിലല്ലായിരുന്നു.

ഒരു വശത്തായിട്ടാണ് നിലയുറപ്പിച്ചിരുന്നതു്. എവിടെയായാലും നാദവീചിയെ ലക്ഷ്യമാക്കിയാണു കടുവാ ചാടാറുള്ളതു്. ആ ചാട്ടത്തിന്റെ ദൂരവും ഉയരവും നേരത്തേ ഊഹിക്കാവുന്നതല്ല. ആ ജന്തുവിന്റെ കായശക്തിയെ ആശ്രയിച്ചാണു് അതിന്റെ സ്ഥിതി.

ഒരു നിമിഷത്തിനകം വെടി പൊട്ടി. ഞങ്ങൾ ആവതും ശരീരം ഒതുക്കി മരത്തിൽ മറഞ്ഞുനിന്നു. ദീനദീനമായി ശബ്ദിച്ചുകൊണ്ടു് ആ മൃഗം കുതിക്കാനൊരുങ്ങി. സാധിച്ചില്ല. ഒരു വശത്തേക്കു മറിഞ്ഞുവീണു. മരണവെപ്രാളം. കൈ കാലുകൾ നിലത്തിട്ടടിച്ചു, തലയറഞ്ഞു, കരൾ വിള്ളുമാറു് ആർത്തനാദം മുഴക്കി. ഒച്ച പൊങ്ങിയില്ല. വീണ്ടും മറെറാരു വെടികൂടി. തീൻ. സകലതും അവസാനിച്ചു. കാണിക്കാർ പാഞ്ഞെത്തി. അവരുടെ പരശ്ശധങ്ങളുമായി. കടുവാക്കുട്ടികളെ അവർ ഓടിച്ചിട്ടു പിടിച്ചു. ശൗര്യമുള്ള പട്ടിക്കുട്ടികൾപോലെ അവ ചിലയ്ക്കുകയും കടിക്കയും ചെയ്തു. അധികം താമസിയാതെതന്നെ കടുവായുടെ തോലുരിച്ചെടുത്തു. കരിക്കട്ടപോലെ കറുത്ത ജിഹ്വ വെട്ടിയെടുത്തു കാട്ടുവള്ളികൾകൊണ്ടു ചുട്ടുകരിച്ചു. ഞങ്ങൾ തിരിച്ചു പോന്നു. ഏതാനും വാരങ്ങൾക്കകം ആ വ്യാഘ്രചർമ്മം ശുചിപ്പെടുത്തി വെടുപ്പാക്കി സർ. സി. പി. രാമസ്വാമിഅയ്യർക്കു സമ്മാനിക്കയും ചെയ്തു.

---

DISTRIBUTING LIBRARY.
No.
KOTTAYAM.

## കാളയെക്കൊന്ന കടുവ.

ഇടമൺവനത്തിൻെറ വെളിയിൽ ചതുപ്പു നിലങ്ങളിൽ കാലിമേച്ചുകൊണ്ടു് ഒരു ബാലൻ നിന്നിരുന്നു. കടുത്തവേനൽ ബാധിച്ചിരുന്ന കാലം. എങ്കിലും വനത്തിൻെറ സാമീപ്യം അവിടമെങ്ങും കുളുർമവിരിച്ചു. വനത്തിലെ ബഹിർഭാഗങ്ങളിലുള്ള വല്ലികളും മരങ്ങളും ഇലപൊഴിഞ്ഞു നില്ക്കുകയാണു്. അതിനാൽ പുറത്തുനിന്നു നോക്കുന്നവൎക്കു വനാന്തർഭാഗങ്ങൾ കുറെ ഏറെ ദൂരം കാണാം. അവിടം തുറസ്സായി കിടപ്പാകയാൽ വന്യമൃഗങ്ങളുടെ വിക്രിയകൾക്കു സാക്ഷ്യം വഹിക്കേണ്ട ദൗർഭാഗ്യമില്ല. തന്നിമിത്തം ആ ഭാഗങ്ങളിൽ ബാലന്മാർ കാലിമേയ്ക്കാൻ പോകാറുണ്ടു്. കാട്ടിലെ ഉൾഭാഗങ്ങളിലും കാലികൾക്കു കയറി നിർഭയം മേയുകയും, പള്ളവീക്കുമ്പോൾ തിരിച്ചിറങ്ങി ചതുപ്പുനിലങ്ങളിൽ ചെന്നു് വെള്ളം കുടിച്ചു ദാഹം ശമിപ്പിക്കയും ചെയ്യാൻ സാധി

ക്കം. വനത്തിലോ പരിസരപ്രദേശങ്ങളിലോ നിന്നു മേയുമ്പോഠം വല്ല ക്രൂരമൃഗങ്ങളുടേയും അനക്കം കിട്ടിയാൽ മതി അവ കൂട്ടത്തോടെ മുക്കറാ ഇട്ടുംകൊണ്ടു വെളിസ്ഥലത്തേക്ക് വാലും പൊക്കിപ്പിടിച്ചു കുതിച്ചുപായും. തത്സമയം ബാലന്മാർ പാട്ടയടിച്ചു ശബ്ദമുണ്ടാക്കി കാട്ടുജന്തുക്കളെ അട്ടിപ്പായിക്കാൻ ശ്രമിക്കാറുണ്ടു്.

ഇപ്രകാരമുള്ള ശബ്ദകോലാഹലം ഒരു ഞെട്ടലോടെ കേട്ടുകൊണ്ടാണു ഞങ്ങഠം അന്നു വനത്തിൽ പ്രവേശിച്ചതു്. അപ്പോഴേക്കും പത്തിരുപതു് ആളുകഠം പലവിധത്തിലുള്ള ആയുധങ്ങളുമായി കൂടിനില്ക്കുന്ന കാഴ്ചയാണു കണ്ടതു്. കന്നുകാലികഠം വിരണ്ടുമണ്ടുകയും, തളരുമ്പോഠം ഭീതിയോടെ തിരിഞ്ഞുനിന്നു നാലുപുറവും നോക്കുകയും ചെയ്യുന്ന ആ രംഗം ഒന്നു കാണേണ്ടതുതന്നെ. വനത്തിൻെറ അധികാരികളായ ഞങ്ങളെക്കണ്ടതോടുകൂടി അവരെല്ലാം അങ്ങുമിങ്ങുമായി ഒതുങ്ങിനിന്നു. കാരണമാരാഞ്ഞതിൽ കിട്ടിയ വിവരങ്ങഠം രസാവഹങ്ങളായിരുന്നു.

ആ വനത്തിന്നരുകിൽ മേഞ്ഞുകൊണ്ടുനിന്ന കന്നുകാലികളുടെ ഇടയിൽ ആകസ്മികമായി ഒരു ബഹളമുണ്ടായി. അവയെല്ലാം തല ഉയർത്തി അമ്പരന്നു നാലുപുറവും കണ്ണോടിച്ചു നിമിഷനേരം നിന്നു. അവ മുക്കറാ വിളിച്ചു. ചുരമാന്തി പൊടിയിളക്കി, അടുത്തനിമിഷം കൂട്ടത്തോടെ പായാൻ തുടങ്ങി. അതോടുകൂടി അടുത്ത ചതുപ്പുനിലത്തിലുണ്ടായിരുന്നവർ ശബ്ദകോലാഹലം ഉണ്ടാക്കി. ഒരു കാള, കൂട്ടത്തിൽനിന്നും പിരിഞ്ഞു് ഒറ്റകലെ മേഞ്ഞുകൊണ്ടു നില്ക്കുകയായിരുന്നു. ഒരു വല്ലിക്കൂട്ടത്തിനുള്ളിൽ കടുവാ പതിയിരുന്നതു് ആ സാധുമൃഗം കണ്ടില്ലായിരിക്കും. വ്യാഘ്രം രണ്ടുകൈയ്യും പൊക്കി ഊക്കോടെ മൂരിയുടെ മുതുകിൽ ആഞ്ഞൊരു അടി. ആകസ്മിക

മായി ഏററ പ്രഹരത്തിൻെറ ഭാരം താങ്ങുവാൻ ഒരു കാളയ്ക്കു സാദ്ധ്യമല്ല. കടുവായുടെ കൈകളുടെ ഘടനതന്നെ അപ്രകാരം അടിക്കാൻ പര്യാപ്തമായ വിധത്തിലാണു്. അടിയേററ സാധുമൃഗം തളൎന്നു വിവശനായി നിലംപററി. ഞൊടിയിടയിൽ കടുവാ അതിൻെറ മേൽ ചാടിവീണു. കഴുത്തിൽ കടിച്ചുപിടിച്ചു പൊക്കി, ആന തെങ്ങോല എന്നവണ്ണം പാർശ്വങ്ങളിലേക്കു് ഓരോ കുടച്ചിൽ. തീൎന്നു ആ ജന്തുവിൻെറ കഥ. ഉടനെതന്നെ ആ ചത്തകാളയേയും വലിച്ചുകൊണ്ടു് കടുവാ കാട്ടിനുള്ളിൽ അപ്രത്യക്ഷമായി. ഇത്രയുമായിരുന്നു സംഭവത്തിൻെറ രത്നച്ചുരുക്കം.

തെല്ലു് അമ്പരപ്പോടും ക്ലേശത്തോടും കൂടിയാണു് ഞങ്ങൾ ഈക്കഥ കേട്ടതു്. കാട്ടുജന്തുക്കളെ കൊല്ലുക എന്നതു് ഞങ്ങൾക്കേററവും പ്രിയംകരമായിട്ടുള്ളതാണു്. പക്ഷെ പ്രയോജനകരമായ ഒരു നാട്ടുമൃഗം ചത്തു എന്നു കേട്ടപ്പോൾ അനല്പമായ മനഃപ്രയാസമാണു് എനിക്കുണ്ടായതു്. ഏതായാലും ഇരയുംകൊണ്ടോടിയ ഒരു കടുവായെ അനുഗമിക്കുന്നതു് അപകടകരമാണെന്നു ഞങ്ങൾക്കറിയാം. എങ്കിലും മാംസദാഹംപെരുത്ത ആ ദുഷ്ടമൃഗത്തെ അങ്ങനെ വിടുന്നതുകൊണ്ടുള്ള ഭവിഷ്യൽഫലം അതിലേററവും ഭയാനകമായിരിക്കും. ഞങ്ങൾ ധൎമ്മസങ്കടത്തിലായി. കടുവയെത്തേടാൻതന്നെ തീരുമാനിച്ചു. വേണ്ട വെടിക്കോപ്പുകളും മററും സംഭരിച്ചു് ഏതാനും പേരുമായി ഞങ്ങൾ വനത്തിൽ കടന്നു.

കോഴിയെപ്പിടികിട്ടിയാൽ കുറുക്കൻ അതുകൊണ്ടു് ഒന്നു് ഓടും. ഒടുവിൽ ഗൂഢമായ ഏതെങ്കിലും സ്ഥലത്തെത്തുമ്പോൾ, അതിൻെറ തലമാത്രം തല്ക്കാലം ഭക്ഷിക്കയും ശേഷിച്ച കബന്ധം കുഴിച്ചിടുകയും ചെയ്യും. പിറേറന്നു നിശയുടെ നിശ്ശബ്ദതയിൽ തിരിച്ചുവന്നു് അതു തൃപ്തിയോടെ അശിക്കും. കടുവയുടെ പണിയും ഇതുതന്നെ. കിട്ടിയ

ഇരയെ കാട്ടിലെവിടെ എങ്കിലും നിക്ഷേപിച്ച ശേഷം കരളും ചോരയും ഉള്ളിലാക്കും. അനന്തരം വളരെ അകലെയെങ്ങാനുംപോയി പതിയിരിക്കും. പകൽ ഭക്ഷിക്കുകയേ ഇല്ല. എന്നാൽ വ്യാഘ്രവർഗ്ഗത്തിന്റെ ക്രൂരദൃഷ്ടികൾ ഇരയുടെ മേൽനിന്നു മാറുകയുമില്ല. ആകാശത്തുനിന്നും ഇരുളിന്റെ ചുരുളുകൾ ഉതിർന്നുവീഴുന്നതോടെ ആവേശത്തോടും കൊതിയോടുംകൂടി താൻ നിക്ഷേപിച്ച ആഹാരത്തിന്റെ അരുകിലെത്തും. ആർത്തിയോടെ അതുകടിച്ചുകീറി തുണ്ടം തുണ്ടമാക്കി ഭക്ഷിച്ചു മടങ്ങും. കടുവയുടെ ഈ നൈസർഗ്ഗികവർഗ്ഗസ്വഭാവം ഞങ്ങൾക്കറിയാം. അതിനാൽ കടുവയെ തെരഞ്ഞു കണ്ടുപിടിക്കേണ്ട ആവശ്യം ഞങ്ങൾക്കില്ല. കാളയുടെ ജഡം കണ്ടെത്തിയാൽ മതി. വളരെ കരുതലോടും മനസ്സാന്നിദ്ധ്യത്തോടും കൂടിയാണു ഞങ്ങൾ ഓരോ ചുവടുംവച്ചു മുന്നേറിയതു്. അവിടവിടെനിന്നും നാലുപുറവും കണ്ണോടിച്ചും ശത്രുസാമീപ്യമില്ലെന്നറിഞ്ഞാൽ മാത്രമേ വീണ്ടും പുരോഗമിക്കയുള്ളു. അങ്ങനെ ഞങ്ങൾ ഒരു സാർത്ഥവാഹകസംഘംപോലെ ഒററക്കെട്ടായി ഏതാണ്ടു് ഒരു മൈൽ ഉള്ളിൽ കടന്നിരിക്കും. ചോരപുരണ്ട കാളയുടെ ശവം അങ്ങകലെ കണ്ടു. അതോടുകൂടി, അടുത്തെവിടെയെങ്കിലും കടുവാ കാണുമെന്നു ഞങ്ങൾ ന്യായമായി അനുമാനിച്ചു. കടുവയെത്തേടാൻ ഞങ്ങൾ ഉദ്യുക്തരായില്ല. എന്റെ നിർദ്ദേശപ്രകാരം ഇരുവശങ്ങളിലായി രണ്ടു ഒടികൾ തയാറാക്കിയ ശേഷം ഞങ്ങൾ മടങ്ങി. അതിലൊന്നിൽ ഒരു ടാർച്ചുലൈററു സ്ഥാപിച്ചു. Wire താഴെ നീട്ടി ഒരു സ്വിച്ചു ഘടിപ്പിച്ചു്, സജ്ജമാക്കിയുമിരുന്നു. സായംകാലമായതോടുകൂടി ഞാനും മററുചില, ഒന്നാംതരം വെടിക്കാരുമായി വനത്തിൽ പ്രവേശിച്ചു് പാത്തും പതുങ്ങിയും വൃക്ഷമൂലത്തിലെത്തി. ടാർച്ചുലൈററിന്റെ സ്വിച്ചിട്ടു. അതിനു ശേഷം മറേറ ഒടിയിൽ ഇരുപ്പുറപ്പിച്ചു.

വനം ഇരുണ്ടുതുടങ്ങി. ഭയങ്കരമാംവണ്ണം പക്ഷിമൃഗാദികളുടെ ശബ്ദം പരന്നു. കാട്ടുമലയ്ക്കുന്ന കഠോരമായ ഗർജ്ജനങ്ങൾ ഇരുളിനു ഘനംകൂട്ടി, ഗാംഭീര്യം വർദ്ധിപ്പിച്ചു. വല്ലാതെ മഞ്ഞുപൊഴിഞ്ഞു. ഞങ്ങൾ ശ്വാസമടക്കി നാലുപുറവും കണ്ണോടിക്കുന്നതിൽ വ്യാപൃതരായി. അതാ കാടനങ്ങുന്നു. ഏതോ സത്വം ആ ശവത്തെ സാവധാനം സമീപിക്കുകയാണ്. ആ ഗംഭീരവനം ഒരു പ്രേതലോകമാണെന്ന് എനിക്കുതോന്നി. മുട്ടാളനായ ഒരു വൻവ്യാഘ്രം ജഡത്തെ സമീപിക്കുകയാണ്. ടാർച്ചുലൈററ് ആ പരിസരപ്രദേശമെങ്ങും പ്രഭാപ്രസരം പൊഴിച്ചുകൊണ്ടു് ഒരു കൊച്ചുനക്ഷത്രംപോലെ തെളിഞ്ഞു പ്രകാശിക്കുന്നു. ഒരു തവണ, 'ബഹുമാനിയാ ഞാനാരെയും തൃണവൽ' എന്ന ഭാവത്തോടെ കടുവ അരങ്ങാട്ടൊന്നുനോക്കി. ദേവദൃഷ്ടിപോലെ അനിമേഷമായി പ്രകാശിച്ചിരുന്ന ആ വെളിച്ചത്തിൽ ആപൽശങ്ക കടുവയ്ക്കു തെല്ലുമില്ലായിരുന്നു. അതു്, തൻെറ തീച്ചൂള ആയിരുന്നു എന്നു് ആ ക്രൂരമൃഗം കരുതിയിരുന്നുമില്ല പൈശാഹാത്തി ജന്തുജാലങ്ങളെ പരിസരവിസ്മൃതികളിലേക്കു് ആഴ്ത്തുമല്ലോ.

ക്ഷീണപ്പെരുംകുന്നു കണ്ട ബകാസുരനെപ്പോലെ ആ കടുവ നാക്കു നുണച്ചു. ഒന്നു വട്ടംകറങ്ങി. മണ്ണിൽ ചൂരമാന്തി മൂരിമാംസം തുണ്ടുതുണ്ടാക്കി വിഴുങ്ങി.

ഞങ്ങളിരുന്ന ഒടി ഒന്നു ഞെരങ്ങി. ഞങ്ങൾ തയാറായി. ആ ഒടിയിൽനിന്നു ബലിഷ്ഠവും, പല നിഷ്ഠുരകൊലകൾക്കും കൂട്ടുനിന്നതുമായ ഒരു ഇരട്ടക്കുഴൽതോക്കു പുറത്തേക്കുതലനീട്ടി ലക്ഷ്യമായി കടുവായെ നോക്കിക്കൊണ്ടിരുന്നു. ലക്ഷ്യം ശരിയായതോടുകൂടി ഞാനൊന്നുമൂളി, വെടിപൊട്ടി. കടുവയെക്കണ്ടില്ല. ഇടിനാദംപോലുള്ള

ഒരു ഗജ്ജനംമാത്രം അവശേഷിച്ചു. ഒരു നിമിഷം കഴിഞ്ഞു്, ടാച്ചുലൈററു് അണഞ്ഞു. ആ ഒടിയും വൃക്ഷവും ഒരു ഭയങ്കരശബ്ദത്തോടെ അലഞ്ഞുലഞ്ഞു് ഏതാരാരം നിലംപതിച്ചു. അവിടെയും ചെറിയതോതിൽ ബഹളംതന്നെ. അതുവരെ കണ്ണുതുറക്കാതിരുന്ന ഞങ്ങളുടെ ടാച്ചുലൈററുകൾ ഝടിതിയിൽ വിഹഗവീക്ഷണം നടത്തിത്തുടങ്ങി. കടുവാ അതാകിടക്കുന്നു. പടയ്ക്കുകയാണു്. വെടി വീണ്ടും ഒന്നിനുപിറകേ ഒന്നായി പൊട്ടി. കടുവ ചത്തിരിക്കും, അനക്കമില്ല. എങ്കിലും കർമ്മസാക്ഷി ഉദയാചലോപരി പൊങ്ങി തന്റെ തൃച്ചേരങ്കാൽ നടത്തിയശേഷം മാത്രമേ മരത്തിൽനിന്നും താഴെ ഇറങ്ങാൻ ഞങ്ങൾക്കു ധൈര്യം വന്നുള്ളൂ. കൊലപാതകിയായ കടുവായുടെ കൂട്ടരാരെങ്കിലും പകവീട്ടാൻ പാഞ്ഞെത്തിയെങ്കിലോ എന്നു ഭയന്നു്. നിയമപ്രകാരം ശവം മൂടിയശേഷം ഞങ്ങൾ മടങ്ങി. അപ്പോൾ ആകാശവും ഭൂമിയും അധികാരശക്തികൊണ്ടു് പകലിൻപെരുമാൾ കീഴ്പ്പെടുത്തിക്കഴിഞ്ഞിരുന്നു.

## കാട്ടിലെ കീചകന്മാർ.

നെടുമങ്ങാട്ടുതാലൂക്കിൽ പാലോട്ട് എന്നൊരുസ്ഥലമുണ്ട്. അവിടത്തെ കന്നാലി"വന"വും കടന്നു മറുപുറത്ത് എത്തേണ്ട ഒരു കാര്യം എനിക്കുണ്ടായിരുന്നു. ഞാൻ എന്റെ ഒരു സിൽബന്തിയുമായി പോവുകയാണ്. പഴുത്ത കതിർമണികൾകൊണ്ടു മോഹനമായ പാടവും കടന്ന് ക്രമേണ മേല്പോട്ടുയന്ന ഒരു കുന്നിൻചരിവിലൂടെ ഞങ്ങൾ സഞ്ചരിക്കുകയാണ്. അവിടംമുതൽ വനം ആരംഭിക്കുന്നു. ഉന്നതമായ വൃക്ഷസമൂഹങ്ങളാലും, കാകോടകസദൃശമായ വള്ളികളാലും നിറയപ്പെട്ടു വർഷകാലാന്തരീക്ഷംപോലെ നീലിമ നിറഞ്ഞതല്ല ആ വനഭാഗം. വൻമരങ്ങൾ എല്ലാം അഞ്ചുപത്തുകൊല്ലം മുൻപെ മുറിച്ചിട്ടുള്ളതിന്റെ കുററികൾ വെയിലേററു വെളുത്ത് അവിടവി

ടെ കാണാം. ആ കുററികൾക്കടുത്തായി വരിയായും അ
ല്ലാതേയും വളൎന്നിട്ടുള്ള പ്ലാവുകൾ, അയണികൾ, പലത
രം മാവുകൾ എന്നിവ പടൎന്നു പന്തലിക്കാററായിട്ടുണ്ടു്.
നടപ്പാതയിൽനിന്നും ഇരുവശങ്ങളിലും അഞ്ചാറടി
വീതിവിട്ടാണു് ഈ ഫലവൃക്ഷങ്ങളുടെ നിലപാടു്. അക
ലെനിന്നു നോക്കിയാൽ ആ കുന്നിൻപ്രദേശം പരപ്പായി
കിടക്കുന്നു എന്നേ തോന്നുകയുള്ളൂ. ചില ഭാഗങ്ങൾ കുഴി
ഞ്ഞും മററുചില ഭാഗങ്ങൾ പാറക്കെട്ടുകളോടുകൂടി
പൊങ്ങിയും കാണുന്നു. വലതുവശത്തായി അഗാധമായ
ഒരു തടം ഉണ്ടു്. ആ ഗിരികടകത്തിന്റെ വിള്ളലാൎന്ന
ഭാഗത്തുകൂടി ഒരു നീൎച്ചാലു്, രസദ്രവംമാതിരി കാഴ്ചയ്ക്കു
കമനീയമായി പാഞ്ഞുപോകുന്നു. ആ നീൎച്ചാലിന്റെ
മുകൾഭാഗം കുന്നിന്റെ വദനകുഹരമാണെന്നേ തോന്നൂ.
ആ നീൎച്ചാലിന്റെ ഒരു വശത്തെ അധിത്യകയിൽനി
ന്നുംചില സ്ത്രീജനങ്ങൾ ഒക്കത്തു കുടവുമായി വെള്ളംകോ
രുവാൻ വരുന്നതു കാണാം. കാട്ടിൻനടുവിലുള്ള വഴി
യിൽനിന്നു നോക്കിയാൽ, അങ്ങകലത്തു ചരിവിൽകൂടി
താഴോട്ടിറങ്ങിവരുന്ന പെൺകൊടിമാർ ആകാശത്തു
നിന്നും ആവിൎഭവിച്ചു് അവനിയിലേക്കു കഴലൂന്നുന്ന
കിന്നരാംഗനകളെന്നേ തോന്നൂ. വനത്തിന്റെ ആരംഭ
സ്ഥലമാകയാൽ അവിടെ ആൾപാൎപ്പുള്ളതായി മനസ്സി
ലാക്കാം.

പോക്കുവെയിൽ ആ കുന്നിൻപ്രദേശത്തെ വെള്ള
ശ്ശീലകൊണ്ടു് ആവരണം ചെയ്തിരിക്കയാണു്. ഞങ്ങൾ
ഉയരംകൂടിയ സ്ഥലത്തു ചെന്നുചേൎന്നു് നേരേ വടക്കോട്ടു
നടന്നുതുടങ്ങി. വനത്തിനു ഗാംഭീൎയ്യമേറിവന്നു. വളൎന്നു
വലുതായ പുല്ലുകൾകൊണ്ടും വള്ളികൾകൊണ്ടും കീഴും
മേലും ഇരുണ്ടിട്ടുണ്ടു്. പലയിനം പക്ഷികളുടെ നാദ
വൈവിദ്ധ്യംകൊണ്ടു മുഖരിതമായി. വഴിവിട്ടുള്ള വന
ത്തിന്റെ രണ്ടുഭാഗങ്ങളും ഭയാനകമാണു്. പക്ഷെ പക

ലാകയാൽ പേടിക്കാനൊന്നുമില്ല. ഏതാണ്ട് ഒരുനാഴി കയോളം വനഗർഭത്തിൽ ഞങ്ങൾ സഞ്ചരിച്ചുകഴിഞ്ഞു. വികൃതികളായ മരഞ്ചാടികൾ, വൃക്ഷക്കൊമ്പുകളിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരുന്നു. കുറുനരി, കാട്ടുപൂച്ച തുടങ്ങിയ ജന്തുക്കളുടെ ആവാസരംഗമാണെന്നിരുന്നാലും, അവററ സൈ്വരസഞ്ചാരം സമാരംഭിച്ചില്ല. പക്ഷികൾമാത്രം ചിലപ്പോൾ ചിലയ്ക്കുകയും ചിറകടിക്കുകയും ചെയ്തുകൊ ണ്ടിരുന്നു. ഇരതേടുന്ന ബഹളമല്ല, ഇണതേടാനുള്ള ചാപല്യങ്ങളായിരിക്കാം അവ കാട്ടിക്കൂട്ടുന്നതു്. ഏതാ യാലും അതിലൊന്നിലും ഞങ്ങൾ ശ്രദ്ധവച്ചില്ല. ഇരു ളിൻെറ കമ്പിളിവിരി വീഴുംമുമ്പു് ആ വനാന്തരംഗം കടക്കണമെന്നേ ഞങ്ങൾക്കുണ്ടായിരുന്നുള്ളു.

ദയനീയമായ ഒരു മൂളൽ അടുത്തു കേട്ടു. ഞാൻ ചെ വി വട്ടംപിടിച്ചു. വല്ല കൂമനോ കുറുനരിയോ ആയിരി ക്കാമെന്നു് ആദ്യം തോന്നി. അല്പം മനസ്സാന്നിദ്ധ്യ ത്തോടെ വീണ്ടും വീണ്ടും ശ്രദ്ധിച്ചു. മനുഷ്യശബ്ദം ആയിരിക്കാമെന്നു തോന്നി. പക്ഷേ അവിടെ അത്തരം മനുഷ്യശബ്ദം കേൾക്കാൻ ഇടയില്ലല്ലോ.എന്നോർത്തു.എ ൻെറ സഹയാത്രികനും ഈ ചിന്ത ഉളവായിരിക്കും. എ ൻെറ കാലുകൾ പൊടുന്നനെ അവയുടെ കർമ്മശക്തി നിറു ത്തി.ശബ്ദംവന്ന ദിക്കിലേക്കു ഞാൻ കണ്ണോടിച്ചു. അമ്മോ അമ്മോ....ഉം—ഉം...എന്നു് അവ്യക്തമായ സ്വരം. വാസ്ത വത്തിൽ ഞാനൊന്നമ്പരന്നു. കൂട്ടുകാരൻ എന്നെ മിഴിച്ചു നോക്കുകയാണു്.അയാൾക്കൊന്നും മനസ്സിലായില്ല. പോ രെങ്കിൽ പരിഭ്രമത്തിൻെറ ഒരു മേഘച്ഛായ ആ മുഖത്തും മിഴികളിലും വീശുന്നുണ്ടായിരുന്നു. സംശയം തീർന്നശേ ഷം യാത്ര തുടരാമെന്നു ഞങ്ങൾ നിശ്ചയിച്ചു. നേർവ ഴിവിട്ടു കാട്ടിനുള്ളിലേക്കു നടന്നു. വള്ളിപ്പടർപ്പുകളും, കാട്ടുചെടികളുംകൊണ്ടു് അങ്ങോട്ടു ചെല്ലാൻ എളുപ്പ

മല്ല. എങ്കിലും ഒരുവിധം പണിപ്പെട്ടു ഞങ്ങൾ അ ശബ്ദം വരുന്നസ്ഥാനം ഉന്നംവച്ചു നടന്നു. കൂട്ടുകാരൻ നിഴൽപോലെ എന്നെ പിന്തുടരുകയാണ്. ഒരു വൈക്കോൽത്തുറുവിന്റെ വിസ്തൃതിയിൽ കാട്ടുപുല്ലുകൾ വളർന്നുനില്ക്കുന്നു. അതിന്റെ ഉള്ളിൽനിന്നാണു ശബ്ദം. വല്ല കരടിയോ പുലിയോ ആയിരിക്കാമെന്ന് ആദ്യം തോന്നി. അതോർത്തപ്പോൾ എന്റെ ഹൃദയത്തിൽക്കൂടി ഒരു മിന്നൽപ്പിണർ പാഞ്ഞുപോയി. അനേകം അമിട്ടുകൾ ഒന്നിനുപുറകേ ഒന്നായി ഇരമ്പിപ്പാഞ്ഞുപോകുന്ന പ്രതീതി എനിക്കുണ്ടായി. "അമ്മോ! അമ്മോ! ഉം—ഉം. "അ ശബ്ദം ആവർത്തിക്കുകയാണ്. മനുഷ്യന്റെ ആർത്തനാദം. ദുഷ്ടമൃഗങ്ങളുടെ ആക്രമണത്തിനു വിധേയനായ വല്ല നിർഭാഗ്യനുമായിരിക്കാം. ഞാൻ തീർച്ചപ്പെടുത്തി. പുല്ലുകൾ അനങ്ങാതെ ഞാൻ ഉള്ളിലേക്കു സൂക്ഷിച്ചുനോക്കി. ഒരു മനുഷ്യരൂപം നീണ്ടുനിവർന്നുകിടക്കുന്നു. പൂർണ്ണനഗ്നമെന്നു പറഞ്ഞുകൂടാ. ക്രൂരജന്തുക്കൾ സമീപത്തെങ്ങുമില്ലെന്നു ഞാൻ മനസ്സിലാക്കി. ചവിട്ടിച്ചാച്ചിട്ടുള്ള പച്ചപ്പുൽപ്പരവതാനിയുടെ മേൽ, ഒരു ഗുഹാന്തർഭാഗത്തെന്നപോലുള്ള പുൽക്കോട്ടയുടെ നടുവിൽ ഒരാൾ മലർന്നുകിടക്കുന്നു. ഞാൻ വീണ്ടും സൂക്ഷിച്ചുനോക്കി. ഒരു സ്ത്രീ. ഭീതിയോ അത്ഭുതമോ അമ്പരപ്പോ ഏതാണ് എനിക്കുളവായതെന്നു നിശ്ചയമില്ല. ഞാൻ ധൈര്യമവലംബിച്ചു.

എട്ടുപത്തടിയോളം പൊക്കത്തിൽ തിങ്ങിഞെരുങ്ങിനിൽക്കുന്ന പുല്ലിൻകൂട്ടത്തെ ശക്തിയായി ചവിട്ടിച്ചാച്ചുകൊണ്ടു് ഞാൻ ആ തൃണതല്പത്തെ സമീപിക്കുകയാണ്. ഒരു സ്ത്രീ രക്തത്തിൽ മുഴുകി കിടക്കുന്നു. കണ്ണുകൾ അർദ്ധനിമീലിതങ്ങളാണ്. മുടി അഴിഞ്ഞുലഞ്ഞു കുരുങ്ങി മുഖത്തും നെഞ്ചിലും പാറിക്കിടക്കുന്നു. അവളുടെ മാറിടം മറയ്ക്കാൻ ധരിച്ചിരുന്ന ബ്ളൗസ് കുറെ ഭാഗം കീറി,

മാറിക്കിടക്കുകയാണ്. ഉടുവസ്ത്രം സ്ഥാനം തെററിയും, ഉടയ്ക്കു താഴെ നഗ്നമാക്കിയും അലസമായിക്കിടക്കുന്നു. അതൊരു ചെമ്പട്ടാണെന്നു തീർത്തു പറവാൻ മേല.

ഞങ്ങളെ കണ്ടതോടുകൂടി കഴിയുന്നതും ഉറക്കെ നിലവിളിക്കാൻ അവർ ശക്തി സംഭരിക്കുകയാണ്. പക്ഷെ ഫലപ്പെടുന്നില്ലെന്നു മാത്രം. കൈകാലുകൾ കുഴഞ്ഞ മട്ടിലാണെങ്കിലും യാന്ത്രികമായി ചലിക്കാനൊരുങ്ങുന്നു. അവർ ഇരുവശങ്ങളിലേക്കും ഉരുളുവാൻ ഉദ്യമിക്കയാണ്. നിഷ്ഫലം. "അയ്യോ, ഉം, അമ്മോ—ഉം— കൊല്ലല്ലേ— കൊല്ലല്ലേ......ഉം"......വിളിയല്ല മൂളലുകളാണ്. അവ്യക്തമായ പരിദേവനങ്ങൾ. ഇട തടവില്ലാതെ അരുതേ അരുതേ എന്നു് കൈയ്യെടുത്തു വിലക്കുന്നുമുണ്ട്. അപകടത്തിൻെറ തനിസ്വഭാവം എനിക്കു മനസ്സിലായില്ല. "കാമകിങ്കരർ ചെയ്ത കടുംകയ്യായിരിക്കുമെന്നു് ഊഹിച്ചു. പക്ഷെ അവിടെ എങ്ങും ആരെയും കാണ്മാനില്ലായിരുന്നു. വരുന്നതുവരട്ടെ എന്നു തീരുമാനിച്ചു. ഞങ്ങൾ രണ്ടാളുംചെന്നു് അവളെ താങ്ങിയെടുത്തു്, ആ പുൽക്കൂട്ടത്തിനുള്ളിൽനിന്നും, സാവധാനം പുറത്തുവന്നു. അവർ കരയുന്നുണ്ടായിരുന്നു. പക്ഷെ കണ്ണുനീരില്ല. കണ്ണുനീരിൻെറ ഉറവ വററിപ്പോയിരിക്കും.

അവർ ഒരു യുവതിയാണ്. പത്തിരുപതുവയസ്സിൽ കവിയുകയില്ല. അവശയായ അവളേയും താങ്ങിയെടുത്തുകൊണ്ടു് ഞങ്ങൾ പിന്തിരിഞ്ഞു നടന്നു. ഏററവും അടുത്ത വീട്ടിൽ എത്തിച്ചു് പ്രാഥമിക ശുശ്രൂഷകൾ ചെയ്യണമെന്നേ ഞങ്ങൾ ഉദ്ദേശിച്ചുള്ളൂ. ഒരു നാഴിക ദൂരമുള്ള ഒരു വീട്ടിലെത്തിക്കാൻ ഞങ്ങൾക്കു് ഒരു മണിക്കൂർ സമയം വേണ്ടിവന്നു. ഇരുട്ടിൽ തപ്പിത്തടഞ്ഞു് അവശയായ ഒരാളെ താങ്ങി എടുത്തുകൊണ്ടു ചെല്ലുന്ന ഞങ്ങളെ കണ്ട

പ്പോൾ ആ വീട്ടുകാർക്ക് എന്തു തോന്നിയിരിക്കുമോ എന്തോ?

അവശയായ പെണ്ണിനെക്കണ്ടപ്പോൾ ആ ഗൃഹത്തിലെ സ്ത്രീകൾക്ക് അളവററ സങ്കടമുണ്ടായി. വേണ്ട പ്രാഥമിക ശുശ്രൂഷകൾ ചെയ്തു. വർഗ്ഗതാല്പര്യം സ്ത്രീകളോളം പുരുഷന്മാർക്കില്ലല്ലോ എന്ന് അപ്പോഴെനിക്കു തോന്നി. ചൂടു കാപ്പി കുടിച്ചപ്പോൾ പെണ്ണിന്റെ ക്ഷീണം ഒട്ടൊക്കെ മാറി. സംസാരിക്കാമെന്ന മട്ടായി. രക്തവും മററും പുരണ്ടു വൃത്തികേടായ ഉടുതുണികൾ മാററി, ചൂടുവെള്ളംകൊണ്ടു ശരീരമാകെ തുടച്ചു. സ്ത്രീയുടെ രഹസ്യങ്ങൾ സ്ത്രീകൾക്കുമാത്രമേ അറിയാവൂ. അവർ ആ കാട്ടിൽനിന്നും കളഞ്ഞു കിട്ടിയ പെണ്ണിനോടു പലതും ചോദിച്ചറിഞ്ഞു. വാസ്തവത്തിൽ വിവരം ഗ്രഹിച്ചപ്പോൾ ഞങ്ങളെപ്പോലെതന്നെ ആ വീട്ടുകാരും ഞെട്ടിപ്പോയി. ഒരു ബലാൽസംഗചരിത്രമാണ് അവൾക്കു പറവാനുണ്ടായിരുന്നതു്. ആറേഴു കീചകന്മാർ ഒത്തുകൂടി അനുഷ്ഠിച്ച ഒരു ഘോരകർമ്മത്തിനു കീഴടങ്ങേണ്ടിവന്ന ഒരു സാധുവായിരുന്നു ആ യുവതി. സ്വവർഗ്ഗ സംഭോഗത്തിനു് ആൺകുട്ടികളെപ്പോലും പ്രയോഗക്ഷമമാക്കുന്ന പട്ടണപ്പരിഷ്കാരം ഒരു ഫ്യാഷനായി കരുതുന്ന ഇക്കാലത്തു് കാണാൻകൊള്ളാവുന്ന ഒരു പെൺകിടാവിനെ വിജനസ്ഥലിയിൽ വച്ചുകണ്ടാൽ ചിലർ ഘാതകത്വം പ്രവർത്തിക്കാതിരിക്കുന്നുവെങ്കിൽ മാത്രമേ അതിശയിക്കാനുള്ളൂ. ഒന്നിലധികം വ്യാഘ്രങ്ങൾ കൂടി ഒരു മാൻപേടയെ പങ്കിടുന്ന ഏർപ്പാടു മൃഗങ്ങൾക്കു പോലുമുചിതമായി വരികയില്ല.

ഗൃഹനായിക മുഖാന്തിരം ആ പെൺകുട്ടിയുടെ ദുരന്തകഥ മുഴുവനും—അവൾക്ക് ഓർമ്മശക്തി നശിക്കും വരെയുള്ളതു മുഴുവനും—മനസ്സിലാക്കി. ഉടൻതന്നെ ഞാൻ

അടുത്ത പോലീസ് സ്റ്റേഷനിലേക്ക് ഒരു കുറിപ്പ് എഴുതി എൻെറ കൂട്ടുകാരൻവശം കൊടുത്തയച്ചു. അധികം താമസിയാതെ ഒരു പോലീസ് പാർട്ടി വന്നെത്തുകയും പെണ്ണിനെ ആശുപത്രിയിലേക്കു മാററുകയും ചെയ്തു. അതു സംബന്ധിച്ച് ഒരു കേസ് രജിസ്ററർ ചെയ്യുകയുമുണ്ടായി.

ആ സംഭവത്തെപ്പററി ആ പാവപ്പെട്ട യുവതി കണ്ണുനീർ തൂകിക്കൊണ്ടു പോലീസിൽ ബോധിപ്പിച്ച വിവരങ്ങൾ നെഞ്ചിടിപ്പോടുകൂടിയല്ലാതെ കേൾക്കുവാൻ സാദ്ധ്യമല്ല.

അന്നു പകൽ പത്തുമണിയോടുകൂടി അവൾ എട്ടു വയസ്സുള്ള തൻെറ ഇളയ സഹോദരനുമൊന്നിച്ച് ആ വനത്തിലൂടെ വരികയായിരുന്നു. ഒട്ടകലത്തുള്ള ഒരു ബന്ധുഗൃഹത്തിൽ അവർ പലപ്പോഴും പോവുക പതിവാണ്. തലേദിവസം അവർ അതുവഴി പോകുമ്പോൾ ഒന്നുരണ്ടാളുകൾ അവർക്കെതിരെ വന്ന് കടന്നു പോകയും കുറച്ചു സമയം കഴിഞ്ഞു പിന്തുടരുകയും ഉണ്ടായി. രണ്ടു മൂന്നാവർത്തി ഈ കഴുകൻചുററലുണ്ടായി. അവർ അവളോട് അപമര്യാദയായി സംസാരിച്ചു എങ്കിലും, അവൾ മൗനമവലംബിച്ചതേ ഉള്ളൂ. ബന്ധുഗൃഹത്തിലെത്തി. സന്ധ്യയോടടുത്തപ്പോൾ ഒരു പഴയ പരിചയക്കാരി അവിടെ എത്തുകയും അന്ന് അവിടെ കഴിഞ്ഞുകൂട്ടുകയും ചെയ്തു. പിറേറന്ന് അവളുമൊന്നിച്ച് അവർ വീട്ടിലേക്കു മടങ്ങുകയായിരുന്നു. സംഭവസ്ഥലത്തിനടുത്തെത്തിയപ്പോൾ രണ്ടു മൂന്നു മുഷ്കരന്മാർ അടുക്കുകയും, പരിചയക്കാരി സൂത്രത്തിൽ ഓടി അകലുകയും ചെയ്തു. ബാലനെ ഒരുവൻ അടിച്ചു പായിച്ചു. ഒററതിരിഞ്ഞു വേടൻെറ കെണിയിൽപെട്ട മുയൽപോലെ പരവശയായി പരിദേവനം ചെയ്ത ആ യുവതിയുടെ കരച്ചിൽ ആ വനത്തിൽ മാറെറാലിക്കൊള്ളുകമാത്രം ചെയ്തു. അവർ അവളെ, മുക്കുവൻ

ചൂണ്ടലിൽ മത്സ്യത്തെ എന്നപോലെ, തൂക്കിയെടുത്തു കാട്ടിനുള്ളിലേക്കു കൊണ്ടുപോയി. ആത്മരക്ഷയ്ക്കു ചെയ്ത ശ്രമങ്ങൾ വിഫലമായി, ആറേഴുപേർ ഉണ്ടായിരുന്നിരിക്കണം.

പിന്നൊരിക്കൽ കാര്യവശാൽ ഞാൻ കോടതിയിൽ പോയപ്പോൾ, ആ പെണ്ണിനേയും അവളുടെ മാനത്തേയും, സ്ത്രീത്വത്തേയും അവഹേളിച്ച ഘാതകന്മാരേയും കാണുവാനിടയായി. അനുജജ്യേഷ്ഠന്മാരും, അളിയന്മാരും, മററും ചേർന്നാണ് ആ ബലാൽസംഗം നടത്തിയതെന്നറിഞ്ഞപ്പോൾ, ആ വാർത്ത കേൾക്കാതിരിക്കയായിരുന്നു നല്ലതെന്ന് എനിക്കു തോന്നി. ഇവരെ നാട്ടിലും കൂട്ടിലുമല്ല പോറേറണ്ടതു്. കാട്ടിൽ കയററി കാട്ടുപോത്തുകളുമായി ബന്ധുത്വം പുലർത്താൻ ആണ് അധികാരദണ്ഡം കൈയിലെടുക്കേണ്ടതെന്നു പറയാൻ തോന്നി.

പഴയ പല സംഭവപരമ്പരകളും എൻെറ മനോമണ്ഡലത്തിലെത്തി. അബലകളുടെ മേൽ ഇത്തരം അക്രമം കാണിക്കുന്നതിൽ പുരുഷന്മാർ ഒരുകാലത്തും പിന്നിലായിരുന്നില്ല. ഇത്തരം ബലപ്രയോഗം ജനാധിവാസസ്ഥാനങ്ങളിൽ സർവ്വസാധാരണമായിരുന്നു. പക്ഷെ കാട്ടിൻ നടുവിലും സ്ത്രീകൾക്കു രക്ഷയില്ല എന്ന നിഗമനത്തിൽ ഞാൻ എത്തിച്ചേർന്നു.

അച്ഛനും അമ്മയും ഉപേക്ഷിച്ച ഒരു അനാഥപ്പെണ്ണായ ശകുന്തള കാട്ടിൽ വളർന്നു. ഐഹികസുഖങ്ങളിൽ പരാങ്മുഖനായ ഒരു വളർത്തച്ഛൻെറ സംരക്ഷണയിൽ. അദ്ദേഹം—കണ്വമഹർഷി—ആശ്രമവാടത്തിലില്ലാതിരുന്ന സന്ദർഭത്തിൽ, നാഗരികാംഗനാ രസികനായ ദുഷ്യന്തമഹാരാജാവ് ബലംപ്രയോഗിച്ചോ, പ്രലോഭനങ്ങൾവഴിയോ ശകുന്തളയെ വശഗയാക്കി.

പക്ഷെ ആ പരിഗ്രഹം, നീതിക്കും നിയമത്തിനും വിധേയമാക്കിക്കൊണ്ടു് ഗാന്ധർവ്വവിവാഹം എന്നു വ്യവഹരിക്കപ്പെട്ടു. മാന്യതയും അധികാരവും ഉള്ളവരുടെ ബലപ്രയോഗത്തിനു് ഒരുവേള അതായിരിക്കാം പേരു്.

ഓടംതുഴയുന്ന ഒരു മുക്കുവക്കിടാത്തിയായ മത്സ്യഗന്ധിയെ കണ്ടപ്പോൾ പരാശരനു് മനശ്ചാഞ്ചല്യമുണ്ടായി. നിഗ്രഹാനുഗ്രഹങ്ങൾക്കു് അധികാരമുള്ള ആ ഋഷീശ്വരൻെറ കാല്ക്കൽ തൻെറ കന്യകാത്വം അടിയറവയ്ക്കുന്നതിനു് അവൾ നിർബന്ധിതയായി, ഇങ്ങനെ നാട്ടിലും, കാട്ടിലും നദിയിലും യുവതികൾക്കു് തങ്ങളുടെ വിലപ്പെട്ട സ്ത്രീത്വം പുരുഷനു കാഴ്ചവയ്ക്കേണ്ടതു് ഒരു ദുഃഖസത്യം ആണു്. * * *

വനമദ്ധ്യത്തുവച്ചു് ആ യുവതിക്കു് അനുഭവിക്കേണ്ടിവന്ന യാതനയെപ്പററി ഓർമ്മവരുമ്പോഴെല്ലാം ശകുന്തളയും, മത്സ്യഗന്ധിയും മററും എൻെറ കൺമുമ്പിൽ കൂടി കടന്നുപോകാറുണ്ടു്.

---

## ബമ്മാമലകളിൽ

സമരം ആരംഭിച്ചു് അധികം കാലം കഴിയുംമുമ്പുതന്നെ അസ്സാംക്കൂലീസ്സ് എന്ന പട്ടാളവിഭാഗത്തെ റിക്രൂട്ടു ചെയ്യു മുറയ്ക്കു് അയച്ചുതുടങ്ങി. ഒരു വിദേശപര്യടനം നടത്താനുള്ള ആശ എനിക്കുമുണ്ടായിരുന്നു. ഏതോ ശുഭപ്രതീക്ഷകൾ എന്നെ മാടിവിളിച്ചു. എന്നെ സൂപ്രവൈസറായി തെരഞ്ഞെടുത്തു. എൻെറ കീഴിൽ 200 കൂലിക്കാർ ഉണ്ടായിരുന്നു. ആ യൂണിററിലാകട്ടെ മൊത്തം 900 പേരാണു് ഉണ്ടായിരുന്നതു്. പല പ്രായക്കാരും, പല മതക്കാരും, പല സ്ഥലക്കാരും, പല അഭിപ്രായക്കാരും ഉൾക്കൊള്ളുന്ന ഒരു ജനക്കൂട്ടത്തെ നയിക്കുക എന്നതു് കുറെ പ്രയാസമേറിയ കാര്യമാണെന്നു് അന്നു് എനിക്കറിഞ്ഞുകൂടായിരുന്നു. എങ്കിലും അനുഭവജ്ഞാനത്തിൻേറയും, ലോകപരിചയത്തിൻേറയും സഹായത്തോടെ എൻെറ ജോലി കൃത്യമായും സത്യമായും നിർവ്വഹിക്കാമെന്നുള്ള ഉള്ളുറപ്പും തൻേറടവും എനിക്കു പ്രചോദനം നല്കി.

ഞങ്ങൾ, കൂലിക്കാരും, മേലുദ്യോഗസ്ഥന്മാരും ഒരു സായിപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തു നിന്നും യാത്ര ആരംഭിച്ചു. കൊല്ലത്തു് പതിനഞ്ചു ദിവസത്തെ പരിശീലനം കഴിക്കേണ്ടിയിരുന്നു. അതു കഴിഞ്ഞാൽ മാത്രമേ ബർമ്മയിലേക്കുള്ള യാത്ര ആരംഭിക്കുകയുള്ളൂ. കൊല്ലം ക്യാമ്പിൽ പറയത്തക്ക സംഭവങ്ങളൊന്നും കൂടാതെ രണ്ടുമൂന്നു ദിവസം കഴിഞ്ഞു. മൂന്നാംദിവസം പുലൻ് ഏതാണ്ടു് എട്ടുമണി ആയിരിക്കും. എല്ലാവരും ക്യാമ്പിൽനിന്നും പുറത്തിറങ്ങി അവരവരുടെ ജോലിയിൽ ഏർപ്പെട്ടു. എന്റെ മേൽനോട്ടത്തിലുള്ള 200 പേരും ഉൾപ്പെടെ 900 ആളുകളുടെ ജോലി അനസ്യൂതം നടന്നുകൊണ്ടിരുന്നു. ഞാൻ അല്പമകലത്തായി നില്ക്കുകയാണു്. വേറെ രണ്ടുമൂന്നു പേരും ഉണ്ടായിരുന്നു എന്നാണു് ഓർമ്മ, യാദൃച്ഛികമായി എന്റെ നോട്ടം ഒട്ടകലത്തു നിലയുറപ്പിച്ചിരുന്ന മൂന്നാളുകളുടെമേൽ പതിഞ്ഞു. അവർ വൃഥാ വെടിയും പറഞ്ഞു നില്ക്കുകയാണു്. അവരും ജോലിക്കാരാണു്. ആസ്സാമിലേക്കു പോകുവാൻ പേരെഴുതി മുൻപേ രൂപയുംവാങ്ങി വീട്ടിലേൾപ്പിച്ചു യാത്രചോദിച്ചു പോന്നിട്ടുള്ളവരാണു്. വേലചെയ്യിക്കുവാനാണു് അവരെ തെരഞ്ഞെടുത്തിട്ടുള്ളതു്. ജോലി ചെയ്തു കൂലിവാങ്ങാനാണു് അവർ വന്നിരിക്കുന്നതു്. ആ വസ്തുത അവർക്കു നല്ലപോലെ അറിയാം. പിന്നെ ന്തുകൊണ്ടാണു് അവർ മടിയന്മാരായി നില്ക്കുന്നതു്. ഈ ചിന്തകൾ ഒരു നിമിഷത്തിൽ എന്നിൽ ഉളവായി. എങ്കിലും സംശയം തീർക്കാനെന്നവണ്ണം അടുത്തു നിന്നവരോടായി ഞാൻ ചോദിച്ചു. "അങ്ങു ദൂരെ രണ്ടുമൂന്നുപേർ വർത്തമാനം പറഞ്ഞു നില്ക്കുന്നതു കണ്ടില്ലേ. അവർ നമ്മുടെ കൂലിക്കാരല്ലേ" "അതെ" എന്നായിരുന്നു എന്റെ കൂട്ടുകാരന്റെ മറുപടി. അവരോടു ജോലിചെയ്യാൻ പറ

യണം, എന്നായി ഞാൻ. അയാൾ ഉടനെതന്നെ അവരു ടെ അടുക്കലേക്കുപോയി. അവർ എന്തോ സംസാരിക്കു ന്നതും നിഷേധാൎത്ഥത്തിൽ തല വിലങ്ങനെ ആട്ടുന്നതും ഞാൻ വീക്ഷിച്ചുകൊണ്ടിരുന്നു. മൂന്നുനാലു നിമിഷത്തി നകംപോയ ആൾ മടങ്ങിഎത്തി. അവർ ജോലിചെയ്യു കയില്ലെന്നു നിർബന്ധമായി പറയുന്നു എന്നും, അവരെ അനുസരിപ്പിക്കാൻ വിഷമമാണെന്നും പറകയാണ്. വാസ്തവത്തിൽ എനിക്ക് അതിശയമാണുണ്ടായതു്. അ നുസരണ പട്ടാളക്കാൎക്കെന്നപോലെതന്നെ കൂലിപ്പണി ക്കാൎക്കും വേണ്ടതാണ്.

സമരമുഖത്തു് നിറുത്തി യുദ്ധംചെയ്യാനല്ല അവരെ കൊണ്ടുപോകുന്നതെങ്കിലും അച്ചടക്കബോധവും, കൎമ്മ ധീരതയുമില്ലാത്ത മനുഷ്യരെക്കൊണ്ടു് യാതൊരു പ്രയോ ജനവും ഉണ്ടാവില്ലെന്ന് എനിക്കറിയാം. അത്തരമാളു കൾ ഗുണത്തിനു പകരം ദോഷമായിരിക്കും വരുത്തുക.

ഞാൻ അങ്ങോട്ടുനടന്നു. യാതൊരുകൂസലും കൂടാ തെ അവർ മൂവരും നില്ക്കുകയാണ് അപ്പോഴും. പ്രത്യേക മായി യാതൊന്നും സംഭവിച്ചിട്ടില്ലെന്നമട്ടിൽ അവരും നോക്കിനിന്നു. "നിങ്ങളെന്താ ജോലിചെയ്യാത്തതു്". "ഞങ്ങൾക്കു ജോലിചെയ്യാൻ ഇഷ്ടമില്ല" ഒരേസ്വര ത്തിൽ അവർ പറകയാണ്. പിന്നെ നിങ്ങളെന്തിനു വന്നു? എന്നായി ഞാൻ. "വന്നതുകൊണ്ടു് എന്തുണ്ടായി? ജോലിചെയ്യണമെന്നൊന്നുമില്ല സാറേ" അവർ ഒരു പ ടികൂടി കടന്നു. ജോലിചെയ്യാനിഷ്ടമില്ലെങ്കിൽ നിങ്ങൾ തിരിച്ചു പൊയ്ക്കൊള്ളണം. "ഞാനും വിട്ടില്ല." "അതൊ ന്നും ഇപ്പോൾ തീരുമാനിക്കേണ്ട. സാറു സാറിന്റെ കാൎയ്യം നോക്കിയാൽ മതി." "എന്റെ കാൎയ്യമാണിതു്. നിങ്ങളെക്കൊണ്ടു് ജോലിചെയ്യിക്കുകയാണ് എന്റെ

ജോലി; മനസ്സിലായോ? നിങ്ങൾ പണിചെയ്യുന്നോ ഇല്ലയോ?"

KOTTAYAM PUBLIC LIBRARY KOTTAYAM

"തനിക്കടിയുടെ കുറവാണ് എന്ന് ആക്രോശിച്ചു കൊണ്ടു മൂവരും എന്നെ സമീപിച്ചു. എൻെറ മണ്ടയിൽ ആയിരം കടന്നലുകൾ ചീറിപ്പറക്കുന്നുണ്ടായിരുന്നു. വാഗ്വാദം മൂത്തപ്പോൾ മററെല്ലാക്കൂലിക്കാരും പെട്ടെന്നു പണിനിറുത്തി എന്നെ വളയുകയാണ്. കാര്യമൊന്നും അവക്കറിയേണ്ടതില്ലല്ലോ, മൂന്നുപേർ കണ്ണുംചുവത്തി കൈവീശി മുന്നോട്ടുകേറി. കണ്ടവരെല്ലാം അതനുകരിച്ചു അത്രമാത്രം. ഞാനും വിട്ടില്ല. "പൗരുഷമുള്ളവർ മുന്നോട്ടുതന്നെ വരിൻ. ഒന്നോ രണ്ടോ നേരേ വരിനെടാ. ഓരോന്നു ത്തോടി ജയിക്കേണ്ട. ഒററയ്ക്കു ധൈര്യമുണ്ടെങ്കിൽ വരിൻ കാണട്ടെ, പക്ഷെ ഒരു കാര്യം. എൻെറ കയ്യിൽ കിട്ടിയാലുണ്ടല്ലോ നിൻെറയെല്ലാം എല്ലു പഞ്ഞിയാക്കുന്നുണ്ട്."

ക്യാമ്പിൻെറ മുമ്പിൽ സായിപ്പും മററുചില സൂപ്പർ വൈസറന്മാരും നോക്കിനില്ക്കുകയാണ്. അവർ വായുവേഗത്തിൽ പാഞ്ഞെത്തി വിസിൽ ഊതി. ഒന്നുരണ്ടു നിമിഷത്തിനകം ഇരമ്പിവന്ന ജീപ്പിലും ലോറിയിലും നിന്ന് ലാത്തിധാരികളായ പോലീസുകാർ നില്ത്തിറങ്ങിയതോടെ കൂലിക്കാർ നാലുഭാഗത്തേക്കും പരക്കംപാഞ്ഞു. ഞാൻ എൻെറ കീഴിലുള്ള ജോലിക്കാരെ മാററിനിറുത്തി. അവർ ജോലിതുടൻകൊണ്ടിരുന്നു. ഇതിനിടയിൽ പ്രക്ഷോഭണക്കാരായ എട്ടോൻപതുപേരെ പോലീസു പിടകൂടി. 500 പേരെ ക്യാമ്പിലടച്ചു. പോലീസ് കാവൽനിന്നു. അന്ന് അവരെ പുറത്തയച്ചതേ ഇല്ല. ദുർബുദ്ധികളും, കലാപകാരികളുമായ ഒൻപതു പേരെ, പോലീസ് അവരുടെ മുറിയിൽ വെച്ചു ചോദ്യം

ചെയ്യുകയും പിറേറന്നു ജോലിയിൽനിന്നു പിരിച്ചുവിടുക യും ചെയ്തു. അതോടുകൂടി ആ പ്രക്ഷോഭണം പര്യവസാനിച്ചു. ഞങ്ങൾ ബർമ്മയിലേക്കു സോത്സാഹം പോയി.

## II

അഞ്ചുമണിക്കു് ഉറക്കമെഴുന്നേററു് ദിനകൃത്യങ്ങൾ നടത്തി കാപ്പികുടിയുംകഴിഞ്ഞു ജോലിസ്ഥലത്തുപോകും. വൈകുന്നേരമാകുമ്പോൾ ക്യാമ്പിൽ തിരിച്ചെത്തുകയാണു പതിവു്. മടിയന്മാരായ ജോലിക്കാർ അവിടെയും ഉണ്ടായിരുന്നു എന്നതു് ഒരു വാസ്തവം മാത്രമാകുന്നു. പക്ഷെ അവരുടെ അലസതയ്ക്കുള്ള ശിക്ഷ അവർ അനുഭവിക്കേണ്ടതായി വന്നിട്ടുണ്ടു്. ഞാൻ കാരണമായി അവരെ ശിക്ഷയ്ക്കു വിധേയരാക്കിയിട്ടില്ല. പ്രകൃതിതന്നെ അവക്കു ശിക്ഷ നല്കി. മടിയന്മാർ, കാട്ടുവെട്ടിത്തെളിക്കാതെ വല്ല ചെടിക്കൂട്ടത്തിലും ചെന്നിരുന്നു സമയം കഴിക്കും. മലമ്പനിയുടെ പ്രചാരകന്മാരും പ്രവാചകന്മാരുമായ കൊതുകുകൾ അവരുടെ രക്തം ഊററുന്നുണ്ടായിരുന്നു. അത്തരം മടിയന്മാർ അവരുടെ ബന്ധുമിത്രാദികളേയോ, ജന്മദേശത്തേയോ വീണ്ടും കണ്ടിട്ടില്ല. കൊതുകുകടിയിൽനിന്നും രക്ഷ നേടാൻ വേണ്ട മുൻകരുതലുകൾ ഞാൻ എൻെറ കിടക്കറയിൽ ചെയ്തിട്ടുണ്ടായിരുന്നു. സൂര്യപ്രകാശം പരക്കുംമുൻപു പുറത്തിറങ്ങിയാൽ കമ്പിളികൊണ്ടു് ശരീരമാസകലം മൂടിയിരിക്കും. വിരൽത്തുമ്പു പുറത്തുകാട്ടിയാൽ തണുപ്പിൻെറ ശക്തിമാവുകൊണ്ടു ചോര പൊട്ടിത്തെറിച്ചുപോകും. ഭാഗ്യവശാൽ അത്തരം അത്യാപത്തു് എനിക്കു ബാധകമായില്ല. ജോലിക്കാരുടെ ഒരു ബന്ധുവായി അവർ എന്നെ അംഗീകരിക്കു

കയും ചെയ്യു. കൈക്കൂലി, അഴിമതി, പക്ഷപാതബുദ്ധി, നിഷ്ഠുരമായ പെരുമാററം ഇവയാണ് കൂലിക്കാരെ പ്രകം മ്പനം കൊള്ളിക്കുന്നത്. ഇത്തരം മനോഭാവങ്ങൾ മേലു ദ്യോഗസ്ഥന്മാരെ വിശേഷിച്ചും സായിപ്പന്മാരെ കലി കൊള്ളിക്കും. അവർ എന്നോടു വെറുപ്പു കാണിച്ചാൽ കൂലിക്കാർക്ക് അതൊരു നഴഞ്ഞു കേററത്തിനു കാരണ മാകും. മദ്ധ്യവർത്തിയായ എനിക്ക് ഇരു പക്ഷക്കാരേയും ഒരുപോലെ ഒതുക്കിനിറുത്തുവാൻ സാധിച്ചതു് എൻെറ സത്യസന്ധമായ പെരുമാററം കൊണ്ടു മാത്രമായിരുന്നു. ഒന്നരവർഷത്തിനുശേഷം ഞാൻ കൊണ്ടുപോയ യൂണിററു മായി തിരിച്ചു നാട്ടിലെത്തി. പക്ഷേ പകുതിയോളംപേർ ഹതഭാഗ്യരായിരുന്നു. അവരുടെ മൃൺമയമായ ശരീരം ബർമ്മാമലകളിൽ വിലയം പ്രാപിച്ചു കഴിഞ്ഞിരുന്നു.

ആദ്യയാത്ര സംഭവബഹുലമല്ലായിരുന്നു എങ്കിലും ഒരു യാഥാർത്ഥ്യം എനിക്ക് അനുഭവപ്പെട്ടു. അതിൻെറ ഫലമായി അടുത്തയാത്ര വിപൽ പൂർണ്ണമായിരുന്നിട്ടും അത്ഭു തകരമാം വണ്ണം രക്ഷ പ്രാപിക്കാൻ എനിക്കു സാധിച്ചു. ആ യാഥാർത്ഥ്യമെന്തെന്നോ? പറയാം. പട്ടിണി പരിഹരി ക്കാനായിരിക്കാം മിക്കവരും വന്നിട്ടുള്ളതു്. മററു കാരണ ങ്ങൾകൊണ്ടും കൂലിക്കാരായി പട്ടാളത്തിൽ പേരെഴുതി അനേകായിരം നാഴിക ദൂരത്തുള്ള ബർമ്മാമലകളിൽ വന്നിട്ടുണ്ടായിരിക്കാം. ആ നിതാന്തസത്യം മറയ്ക്കുന്നില്ല. അവരുടെ കൂട്ടത്തിൽ കൊള്ളക്കാരുണ്ടാകാം. കൊള്ളിവയ്പു കാരുണ്ടാകാം, കൊലപാതകികൾ കണ്ടേക്കാം. വ്യഭി ചാരം നിത്യത്തൊഴിലാക്കിയവർ കാണും, കള്ളന്മാർ കാണും. അമ്മയച്ഛന്മാരെ ധിക്കരിച്ചവരും കാണും. ഇതെ ല്ലാം അറിഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ ആ അഗ്നിപ രീക്ഷയിൽ പങ്കെടുത്തിട്ടുള്ളതു്. പക്ഷെ, എനിക്കൊരു മനസ്സാക്ഷിയുണ്ടു്. ആ മനസ്സാക്ഷിയെ മുൻനിറുത്തി

മാത്രമേ ഞാൻ അവരുമായി ഇടപെട്ടിട്ടുള്ളു. കോഴയ്ക്കു ഞാൻ വശംവദനായില്ല. അവരുടെ പങ്കു റേഷനിൽ ഞാൻ കൈയ്‌വച്ചില്ല. മതസ്നേഹമോ ജാതിസ്നേഹമോ കാണിച്ചില്ല. അവരുടെ ന്യായമായ ആവശ്യങ്ങൾ അനുവദിച്ചു കൊടുക്കുന്നതിൽ ഞാൻ മററാക്കും പിന്നിലായതുമില്ല. ഇക്കാരണങ്ങളാൽ അവക്ക് എന്നോടു പഥ്യമായിരുന്നു. അതുതന്നെയായിരുന്നു എൻെറ മേലുദ്യോഗസ്ഥന്മാക്ക് എന്നിൽ അതിരററ വിശ്വാസം ഉണ്ടായിരുന്നതും. ഞാൻ പലരേയും ശിക്ഷിച്ചിട്ടുണ്ട്. ശിക്ഷിപ്പിച്ചിട്ടുമുണ്ട്. ശിക്ഷയെന്നുപറഞ്ഞാൽ ചൂരൽകൊണ്ടുള്ള അടിയും, പിഴയും തടവും ഉൾപ്പെട്ടും. ഇതിലൊന്നിലും അവക്ക് എന്നിൽ അതൃപ്തിയില്ലായിരുന്നു. നീതിനിഷ്ഠയും, സത്യസന്ധതയും ആക്കും ചോദ്യം ചെയ്യാൻ വേണ്ടി അധഃപതിച്ചിട്ടില്ലല്ലോ.

ഞാൻ നാട്ടിലേക്കു മടങ്ങുമ്പോൾ പ്രതീക്ഷയിൽ കവിഞ്ഞു പണം എൻെറ കൈവശമുണ്ടായിരുന്നു. എൻെറ കൂടെയുള്ളവരുടേയും കഥ വ്യത്യസ്ഥമല്ല.

## III

എന്നിട്ടും വീണ്ടും പോകുന്നതിൽ ഞാൻ വിമുഖനായിരുന്നു. മററുള്ളവർ വീണ്ടും വീണ്ടും യൂണിററിൽ ചേൻ പോയും വന്നും കൊണ്ടിരുന്നു. ഞാൻ ഒരു ബിസിനസ്സ് ആരംഭിക്കാനുള്ള ഏർപ്പാടുകൾ പൂത്തിയാക്കി. ഒരു കച്ചവടമായിരുന്നു എൻെറ ഉന്നം. അതിൻെറ നടത്തിപ്പിനായി ഒരു കട വാടകയ്ക്കു് എടുത്തു. ഒരു മാസത്തെ വാടക അഡ്വാൻസും നല്കി. ബിസിനസ്സിൻെറ നടത്തിപ്പിനുള്ള സകല കാൎയ്യങ്ങളും ക്രമേണ പൂത്തിയാക്കി. ഏതു നല്ല കാൎയ്യം ആരംഭിക്കുന്നതിനും "ശുഭമുഹൂത്തം" നോ

ക്കുന്ന പാരമ്പര്യവും വിശ്വാസവും ഭാരതീയക്ക് ഉണ്ട ല്ലോ. അത്തരം ചിത്തവൃത്തികളിൽ എനിക്കത്ര വിശ്വാ സമില്ലായിരുന്നു. എങ്കിലും വേണ്ടപ്പെട്ടവരുടെ ഉപദേ ശത്തിനു ഞാൻ വില കല്പിച്ചു. ഒരു പ്രഭാതത്തിൽ അടു ത്തുള്ള ജ്യോത്സ്യനെ ഞാൻ സമീപിച്ചു. ചെന്ന കാര്യം പറഞ്ഞു. കണക്കു കൂട്ടലുകളാണോ കബളിപ്പിക്കലാ ണോ എന്നറിഞ്ഞില്ല. ജ്യോത്സ്യൻ കവടിപ്പലക മുൻ പിൽവച്ച് സഞ്ചിയിൽനിന്നും കവടി പുറത്തെടുത്ത് കിലുകിലാ കിലുക്കി പ്രശ്നം ആരംഭിച്ചു. കുറേക്കഴി ഞ്ഞ് ശ്ലോകങ്ങളും മന്ത്രങ്ങളും ഉരുക്കഴിച്ചുകൊണ്ട്, പ്ര ശ്നവശാൽ എന്നു തുടങ്ങുന്ന പഴയ വാചകം പറഞ്ഞു. ചുരുക്കമിതാണ്. ബിസിനസ്സു നടത്താൻ കൊള്ളാവുന്ന മുഹൂർത്തം അടുത്തെങ്ങും കാണുന്നില്ല. എന്നു തന്നെയുമല്ല ബിസിനസ്സു ആരംഭിക്കുകയേ ഇല്ല. മാത്രമോ, ഒരാഴ്ചയ്ക്ക കം വിദേശത്തേക്കു പോവുകയും ചെയ്യും. "ഞാൻ പോകുന്ന കാര്യം നിശ്ചയമായും വേണ്ടെന്നുവച്ചിരിക്കു കയാണ്. അതിൽ മാററമില്ലല്ലോ എന്നു പറഞ്ഞതോ ടെ ജ്യോത്സ്യൻ പരുങ്ങലിലായി. പോകുമെന്നു ജ്യോത്സ്യ നും ഇല്ലെന്നു ഞാനും. ഗണിതശാസ്ത്രം തെററുകില്ലെന്നു ദൈവജ്ഞൻ. ഒരു വാരത്തിനകം വീണ്ടും പോകുമെന്നും അങ്ങനെ സംഭവിച്ചില്ലെങ്കിൽ ഒരു വാരത്തിനു ശേഷം വീണ്ടും നോക്കിപ്പറയാമെന്നും പ്രശ്നകാരൻ അഭിപ്രാ യപ്പെട്ടു. ഞാൻ മടങ്ങി വീട്ടിലെത്തി.

കാര്യവശാൽ രണ്ടുദിവസം കഴിഞ്ഞ് എനിക്കു തിരുവനന്തപുരംവരെ പോകേണ്ടതായിവന്നു. അവിടെ വച്ച് യാദൃശ്ചികമായി, എന്നോടൊത്തു പട്ടാളത്തിൽ ജോലിയിലിരുന്ന ഒരു സ്നേഹിതനെ കാണുവാനിടയായി. അദ്ദേഹം ആയിടയ്ക്കു മടങ്ങിയെത്തിയ യൂണിററിലെ കമാൻഡർ ആയിരുന്നു. മറെറാരു യൂണിററുംകൊണ്ടു

വീണ്ടും പോകണമെന്ന് അദ്ദേഹം എന്നെ നിർബന്ധിച്ചു. സൂപ്പർവൈസറായി പോകാൻ എനിക്കു താല്പര്യമില്ലെന്നും, സെക്കൻഡുകമാൻഡറായി കയററം കിട്ടുകയാണെങ്കിൽ പോകാമെന്നും ഞാൻ ഒരുവിധം സമ്മതിച്ചു. എൻെറ മേലുദ്യോഗസ്ഥനായിരുന്ന ഒരു സായിപ്പ് സെക്കൻഡുകമാൻഡർ ജോലിക്കു പണ്ടു എന്നെ ശുപാർശ ചെയ്തിട്ടുണ്ടായിരുന്ന കാര്യം ഞാൻ അനുസ്മരിപ്പിച്ചു. ഏതായാലും പട്ടാളത്തിൽ ആളെടുക്കുന്ന സായിപ്പു സമീപത്തുതാമസമുണ്ടെന്നും അദ്ദേഹത്തെ ഒന്നു കാണണമെന്നും ആ സ്നേഹിതൻ നിർബന്ധംചെലുത്തി. ഞാൻ അങ്ങനെ ചെയ്യാമെന്നു സമ്മതംമൂളി; യാത്രചോദിച്ചിറങ്ങി. എങ്കിലും അപ്പോഴും, തെററിമാറിപ്പോകാനാണ് ഞാനുദ്ദേശിച്ചതു്. സായിപ്പിൻെറ വസതിക്കു മുമ്പിൽകൂടി പോകുമ്പോൾ, അദ്ദേഹം കാണരുതെന്ന് എനിക്ക് ഉദ്ദേശമുണ്ടായിരുന്നു. ഗേററിനുനേരെ എത്തിയപ്പോൾ ഞാനറിയാതെ ഒന്ന് അകത്തേക്കു നോക്കിയതും, അങ്കണത്തിൽ ഉലാത്തിക്കൊണ്ടുനിന്ന സായിപ്പ് എന്നെക്കണ്ടതും ഒന്നിച്ചുകഴിഞ്ഞു. ഞാൻ കുടമടക്കി അകത്തേക്കു ചെന്നു. കുശലപ്രശ്നങ്ങൾക്കുശേഷം, സായിപ്പും എന്നെ ഉദ്യോഗം സ്വീകരിക്കുന്നതിൽ നിർബന്ധിച്ചു. സെക്കൻഡു കമാൻഡറുദ്യോഗക്കാര്യം ഞാൻ മുറുകെപ്പിടിച്ചു. തൽസ്ഥാനത്തേക്ക് എന്നേക്കാൾ യോഗ്യതയുള്ളവർ പലരുമുണ്ടെന്നും അവരുടെ പേരുകൾ വിഗണിച്ചുകൊണ്ടു് എന്നെ നിയമിക്കുന്നതു് നീതിയല്ലെന്നും അദ്ദേഹം പറഞ്ഞു. അതു ശരിയായിരുന്നുതാനും. ആ നിലയ്ക്കു് ഞാൻ പോരുന്നില്ലെന്നു ശഠിച്ചു. ഏതായാലും ഒരു അപേക്ഷ ഉടനെ അയയ്ക്കുവാൻ അദ്ദേഹം എന്നെ വീണ്ടും ഓർമ്മപ്പെടുത്തി. മൂന്നാംദിവസം വീണ്ടും തമ്മിൽ കാണണമെന്നു നിർദ്ദേശിക്കയും ചെയ്തു. ഞാൻ മടങ്ങി.

നല്ല സമ്മതത്തോട്ടകൂടിയല്ലെങ്കിലും ഞാൻ ചെന്നു. റോഡിലും അങ്കണത്തിലും ആരം തിരക്കായതിനാൽ ഞാൻ അല്പം അറച്ചുനിന്നു. തൽക്ഷണം എന്തിനോ ആ ധാര പൂമുഖത്തേക്കുവന്നു. എന്നെ കണ്ട ഉടനെ അക ത്തേക്കു കടത്തിവിടാൻ ശിപായിയോട്ട് ആംഗ്യംകാ ണിച്ചു. ഞാൻ ഗേററും കടന്നുചെന്ന് അകത്തൊരു വിശാലമായ മുറിയിൽ ചെന്നിരിക്കുവാൻ അദ്ദേഹം എന്നോട്ട് ആവശ്യപ്പെട്ടു. അവിടെ വേറെയും പത്തി രുപതുപേർ ഉണ്ടായിരുന്നു.

ഏററവും അവസാനം വിളിച്ചതു് എന്നെ ആയി രുന്നു. അപ്പോഴും ഒരു വാദപ്രതിവാദം ഞങ്ങൾ തമ്മിൽ നടന്നു. ഒരു തീരുമാനത്തിൽ എത്തിച്ചേരാൻ അദ്ദേഹ ത്തിനു കഴിഞ്ഞില്ല. ഞാൻ പുറത്തുവന്നു. പിറേറന്ന് ആഫീസിൽ ചെന്നപ്പോഴാണ് എന്നെ സെക്കൻഡ്കമ മാൻഡറായി നിയമിച്ചിരിക്കുന്ന വിവരം അറിഞ്ഞതു്. അതോടുകൂടി എൻെറ ബിസിനസ്സ് നടത്തുന്നതിലുള്ള പ്രേമം അസ്തമിച്ചു. ഇതു് ഒരു യാദൃശ്ചിക, സംഭവമാ ണോ അല്ലയോ എന്ന കാര്യം ഇന്നും സംശയത്തിലാണ്. ആ ദൈവജ്ഞൻെറ പ്രവചനം ഫലിക്കയും ചെയ്തു.

നിശ്ചിതദിവസംതന്നെ തെരഞ്ഞെടുക്കപ്പെട്ട കൂലീ സുമായി ഞങ്ങൾ തീവണ്ടികേറി. ആളിറക്കാനും, ആള കളെ കയററാനുമായി തീവണ്ടി സ്റ്റേഷൻെറ മുമ്പിൽ ഒരു കിതപ്പോടെ നില്ക്കുമ്പോഴെല്ലാം, കുറേ കൂലിപ്പട്ടാളക്കാർ അഴിച്ചുവിട്ട ആട്ടിൻപററത്തെപ്പോലെ അലഞ്ഞുതിരിയു ന്നതു കാണാം. ശൂളംവിളിച്ചുകൊണ്ടു് എൻജിൻ ഫര ഫരശബ്ദം പുറപ്പെടുവിക്കുമ്പോൾ കൂലീസിൻെറ മുറിക ളിൽ ഒരു തിക്കും തിരക്കുമാണ്. രണ്ടുമൂന്നു സ്റ്റേഷനുകൾ കഴിഞ്ഞപ്പോൾ, ധാരയ്ക്കു് ആ തിക്കും തിരക്കും അത്ര പിടി

ച്ചില്ലെന്നു് എനിക്കുതോന്നി. അടുത്ത സ്റ്റേഷനിൽ വണ്ടിനിന്നു. ഞാൻ പുറത്തിറങ്ങി, ഓടിനടന്നുകൊണ്ടു് പട്ടാളക്കാരാരുംതന്നെ പ്രത്യേകാനുമതി കൂടാതെ വെളിക്കിറങ്ങരുതെന്നു് താക്കീതുചെയ്തു. ഇറങ്ങിയവർ ഉടൻ അവരവരുടെ സ്ഥാനത്തു് ചെന്നിരുന്നുകൊള്ളണമെന്നു് ഒരു നിർദ്ദേശവും. മനഃപൂർവ്വം അനുസരിക്കാത്ത ചിലർ ഏതുകൂട്ടത്തിലും കാണുമല്ലോ. അനുസരിക്കാത്തതു് ഒരു ഫ്യാഷനെന്നു ധരിച്ചിട്ടുള്ളവരും കണ്ടേക്കും. ആ ഇനത്തിൽ പെട്ടവർക്കു് എൻെറ ആജ്ഞ രസിച്ചിരിക്കാനിടയില്ലെന്നും എനിക്കറിയാം. അവരുടെമേൽ എനിക്കു യാതൊരു സ്വാധീനശക്തിയുമില്ലെന്നു സായിപ്പിനെ ധരിപ്പിക്കണമെന്നും ചിലർക്കു് ഉന്നം ഉണ്ടായിരിക്കും. ആ ധാരണ എൻെറ ഭാവിക്കു ദോഷമാണെന്നു ഞാൻ ഭയന്നു. ഏതായാലും തിരുവിതാംകൂർ വിടുംവരെ ധിക്കരിക്കാൻ ആരും മുതിർന്നില്ല. വണ്ടി അടുത്തൊരു സ്റ്റേഷനിൽ നിന്നു. തലകൾ അനവധി പുറത്തേക്കു പുഴുക്കൾപോലെ നീട്ടി. ഞാൻ പുറത്തിറങ്ങി, പ്ലാററുഫാറത്തിലൂടെ അതിവേഗം നടന്നു. അതാ ഒരു കൂലിപ്പട്ടാളക്കാരൻ നിർഭയം വാതിൽ തുറന്നു നിലത്തിറങ്ങുന്നു. ആ പ്രവൃത്തി എനിക്കു തെല്ലൊരു കോപം ഉളവാക്കാതിരുന്നില്ല. അടുത്തുചെന്നതും കാലുപൊക്കി നെഞ്ചത്തു് അടിച്ചതും, ഒന്നിച്ചു കഴിഞ്ഞു. അവൻെറ കണ്ണിൽനിന്നും പൊന്നീച്ചകളഞ്ഞു പാറിപ്പറന്നിരിക്കും. അടി ലക്ഷ്യം തെററിയില്ല. അവൻ തളർന്നു നിലത്തുവീണു. മററു രണ്ടുപേരെ വിളിച്ചിറക്കി ഞാനും കൂടിച്ചേർന്നു അവനെതൂക്കി വണ്ടിക്കകത്തിട്ടു. സായിപ്പും കണ്ടിരിക്കും. എല്ലാ കുഴപ്പങ്ങളും മാറി, കിട്ടാനുള്ളതു കിട്ടീല്ലെങ്കിൽ കിട്ടുന്നതും കിട്ടത്തില്ല എന്ന പഴഞ്ചൊല്ലു സാൎത്ഥകമായി.

# IV

ഉദ്ദിഷ്ടസ്ഥാനത്തെത്തിച്ചേൎന്നു. എന്റെ കീഴിൽ 1200 പേർ നിത്യവും ജോലിക്കുണ്ടായിരുന്നു. അവരുടെ എല്ലാ സുഖസൗകൎയ്യങ്ങളും ഞാൻ നോക്കേണ്ടതുണ്ടു്. അവരുടെ എല്ലാ പരാതികളും ഞാൻ കേൾക്കണം. ഓരോരുത്തരുടേയും മനഃശ്ശാസ്ത്രം വഴിയാംവണ്ണം മനസ്സിലാക്കിയാൽ മാത്രമേ അവരെ ഭരിക്കുവാനും, അവരെക്കൊണ്ടു ജോലിചെയ്യിക്കുവാനും സാധിക്കയുള്ളു ശുദ്ധപോക്കിരികളും, നല്ലകലാകാരന്മാരുമുണ്ടു് അക്കൂട്ടത്തിൽ. പോലീസ്സുകാർ, ഡാക്ടർമാർ, പരിചാരകന്മാർ, ദ്വിഭാഷി എന്നു തുടങ്ങിയ മററാളുകളും.

ആനയെ പാപ്പാൻ എന്ന വിധം ഒരു ചെറിയ വിശ്വാസത്തിൽ മാത്രമാണു് ആ ബന്ധം അവശേഷിക്കുന്നതു്. ഒരു ചെറിയ കാൎയ്യംമതി വിപ്ലവാഗ്നി കത്തിപ്പടരുവാൻ. ഇവരെക്കൊണ്ടു പണിയെടുപ്പിക്കുക മാത്രമല്ല എന്റെ ജോലി. ഇവരുടെ പേരിൽ അപ്പോഴപ്പോൾ വരുന്ന ഗുരുവും ലഘുവുമായ പരാതികൾ അന്വേഷിച്ചും വിചാരണചെയ്തും വിധികല്പിക്കുകയും റിപ്പോർട്ടു് അയയ്ക്കുകയും കൂടിവേണം.

ഇക്കൂട്ടത്തിൽ ഒരു റൗഡി ഉണ്ടായിരുന്നു. അയാൾ എല്ലാ യൂണിററിലും പേരുകൊടുത്തു് അഡ്വാൻസ്സുതുക പററി വീട്ടിൽ കൊടുത്തശേഷം ബമ്മയിൽ വരും. എന്തെങ്കിലും വഴക്കുണ്ടാക്കി "അയോഗ്യതാ" സർട്ടിഫിക്കററു സമ്പാദിച്ചു സക്കാർ ചെലവിൽ വീട്ടിൽ തിരിച്ചെത്തും. അനേകം പ്രാവശ്യം വന്നും പോയുമിരുന്ന ഒരു പെരിയ അയ്യപ്പനായിരുന്നു മുൻപറഞ്ഞ റൗഡി. ജോലിസ്ഥല

ത്തു ചെന്നശേഷം ഒരു "യൂണിയൻ" സൃഷ്ടിക്കാനുള്ള വ്യഗ്രതയാണ് അയാൾക്ക്. ജോലിചെയ്യരുതെന്ന വാക്യം ക്ഷീരബലപോലെ ആവർത്തിക്കയും സ്വപക്ഷത്ത് ആൾചേർക്കുകയും ചെയ്യുന്ന മുഖ്യജോലിയിൽ അയാൾ ഏർപ്പെട്ടു. വിവരം എൻെറ കാതുകളിലുമെത്തി. ഒന്നുരണ്ടു തവണ ഗുണദോഷിച്ചുനോക്കി. സാമദാനഭേദങ്ങൾ വഴിയാംവണ്ണം നയതന്ത്രപരമായിത്തന്നെ പ്രയോഗിച്ചു. ഫലമില്ല. അടിയോളം ഗുണം അണ്ണൻതമ്പിയും ചെയ്യുകയില്ലല്ലോ. ആളാണെങ്കിൽ ആജാനുബാഹു; പോരെങ്കിൽ കരുത്തൻ. രഞ്ജിററ്സിംഗിൻേറതുപോലെ, ശരീരം മുഴുവനും പിച്ചാത്തിപ്രയോഗം കൊണ്ട് വടുക്കെട്ടിയിട്ടുമുണ്ട്. ഒററ നടയ്ക്കു സംഗതി ഒതുക്കം വരുകയില്ലെന്ന് എനിക്കു നിശ്ചയമുണ്ട്. അവനെ അവൻെറ വഴിക്കു വിട്ടേക്കാമെന്നു വച്ചാൽ സംഗതികൾ കുഴപ്പത്തിലേ കലാശിക്കയുള്ളൂ. അവൻെറ ഹുങ്ക് ഒന്നു ശമിപ്പിച്ചാലോ, എല്ലാം നേരേയാവുകയും ചെയ്യും.

ഒരു പ്രഭാതത്തിൽ എല്ലാപേരെയും ജോലിസ്ഥലത്തേക്ക് അയച്ചുകഴിഞ്ഞു. സൂപ്പർവൈസർമാരുംപോയി. അന്നു കുറച്ചു വൈകിയശേഷം മാത്രമേ കാട്ടുവെട്ടിത്തെളിക്കുന്ന സ്ഥലത്തെത്തുവാൻ എനിക്കു സാധിച്ചുള്ളൂ. ഓരോ വിഭാഗത്തിൻേറയും ജോലി പരിശോധിച്ചുകൊണ്ടു ഞാൻ മുന്നോട്ടുപോയി. അതേ അയാൾതന്നെ. ഒട്ടു ദൂരത്തായി അനങ്ങാതെ എല്ലാം പുല്ലാണ് എന്ന ഭാവത്തിൽ നോക്കിനില്ക്കുകയാണ്. സാധാരണഗതിയിൽ, സൂപ്പർവൈസർമാരോ, കമാൻഡർമാരോ സ്ഥലത്തുണ്ടെന്ന് അറിഞ്ഞാൽ അലസന്മാരും ധൃതിയിൽ ജോലിചെയ്കയാണ് കീഴ്പതിവ്. അതിനു വിപരീതമായി അയാൾ അഹങ്കാരിയായ ആനയെപ്പോലെ നില്ക്കുന്നു. സൂപ്പർവൈസറെ ഞാൻ അരുകിൽ വിളിച്ചു. ഒരു മനുഷ്യൻ

മാത്രം ജോലിചെയ്യാതെ കുലവെട്ടീടിന കുററിവാഴപോലെ നില്ക്കുന്നതെന്താണെന്നു അരാഞ്ഞു. ആ മുഷ്ക്കനെക്കൊണ്ടു് ജോലിചെയ്യിക്കുവാൻ തന്നെക്കൊണ്ടാവില്ലെന്നായി സൂപ്പർവൈസർ. ഞാൻ അയാളെ സാവധാനം സമീപിച്ചു. ജോലിചെയ്യാത്തതിൻെറ കാരണം അരാഞ്ഞു. ഒരു നിസ്സാരഭാവത്തിലായിരുന്നു പ്രത്യുത്തരം. മാത്രമല്ല സമീപിച്ച തൊഴിലാളികളേയും, സൂപ്പർവൈസറേയും കൈയ്യേററം ചെയ്യാനുള്ള ചങ്കൂററംപോലുമവനുണ്ടായി. സംഗതി പന്തിയല്ലെന്നു ഞാനൂഹിച്ചു. എന്തും വരട്ടെയെന്നു് ഉറച്ചു് അവൻെറ ഷർട്ടും അരക്കെട്ടിലെ മുണ്ടും അടക്കിപ്പിടിച്ചുകൊണ്ടു് ശക്തിയോടെ അവനെ ഒന്നുപിടിച്ചുലച്ചു. എൻെറ നെഞ്ചിനെ ലക്ഷ്യമാക്കി അവൻ കാലുയർത്തി. അടുത്തുണ്ടായിരുന്ന കൂലിക്കാർ അവനെ വളഞ്ഞു. ആ നിമിഷംവരെ ഉണ്ടായിരുന്ന എല്ലാ മുൻകടങ്ങളും പലിശസഹിതം അവർ കൊടുത്തുതീർത്തു. ബോധരഹിതനായിത്തീൎന്ന റൗഡിയെ ക്യാമ്പിലെ പോലീസുകാർ ഏററുവാങ്ങി. പിറേറന്നു രാവിലേതന്നെ അയാളെ മിലിട്ടറി ആശുപത്രിയിലേക്കു് അയക്കയും ചെയ്തു.

തിരിച്ചുവന്നതോടെ അയാൾ എൻെറ ഏററവും വിശ്വസ്തനായ ഒററുകാരനായിത്തീൎന്നു. ജോലിക്കാരെ ചൂഷണം ചെയ്തും, പട്ടാളഉദ്യോഗസ്ഥന്മാരെ കബളിപ്പിച്ചും എത്ര വേണമെങ്കിലും സമ്പാദിക്കാം. പക്ഷെ അതൊരു തീക്കളിയായിരിക്കും. ജോലിക്കാരിൽനിന്നു കൈക്കൂലി വാങ്ങുന്നവരുണ്ടു്. ക്യാമ്പിലെ ചെലവിനായി ചാക്കുകണക്കിനു വരുന്ന അരി പഞ്ചസാര തുടങ്ങിയ റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ കടത്തി അമിതലാഭം വരുത്തുന്നവരുമുണ്ടു്. ആ വിവരം പുറത്തായാലുള്ള അനന്തരഫലങ്ങൾ ഭയാനകമായിരിക്കും. ഞാൻ ഈ കുന്നാംകുതുകൾ പരിശോധിച്ചു നോക്കിയില്ലെന്നു പറ

യുന്നതു് ആത്മവഞ്ചനയോ ആത്മപ്രശംസയോ അല്ല. മേലുദ്യോഗസ്ഥന്മാരായ ധ്വരമാരുടെ അപ്രീതിക്കു പാത്രമായാൽ അതിൽ കവിഞ്ഞ അത്യാപത്തു സ്വയം വിളിച്ചുവരുത്താനുമില്ല.

## V

കൂലിക്കാരിൽതന്നെ പലമതക്കാരും പലദേശക്കാരും, ഭാഷക്കാരും ഉണ്ടു് അവരുടെ ആചാരവിശ്വാസങ്ങൾതന്നെയും വ്യത്യസ്ഥങ്ങളാണു്. ആ ആചാരവിശ്വാസങ്ങൾക്കു് ഗ്ലാനി സംഭവിക്കാത്തമട്ടിൽ അവക്കു വേണ്ടുന്ന അനുഷ്ഠാനകമ്മങ്ങൾക്കു സ്വാതന്ത്ര്യം അനുവദിക്കുന്നതിൽ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. രാത്രിയായാൽ ക്യാമ്പും പരിസരങ്ങളും ഒരു ഉത്സവസ്ഥലത്തിൻെറ പ്രതീതിയാണു് ജനിപ്പിക്കുന്നതു്. നാടകങ്ങൾ സംഗീതക്കച്ചേരികൾ, കഥാപ്രസംഗങ്ങൾ എന്നുവേണ്ട പലതും ഉണ്ടായിരിക്കും. ഓരോ ജനവിഭാഗങ്ങളും അവരവരുടെ വിശേഷദിവസങ്ങൾ മോടിയോടെ കൊണ്ടാടാറുണ്ടു്. ചെറിയചെറിയ ആരാധനാസ്ഥലങ്ങൾ മതാചാരപ്രകാരം കൂലിക്കാർ കൂട്ടംചേൻറു നിമ്മിച്ചിട്ടുണ്ടു്. ഹിന്ദുക്കൾ അമ്പലങ്ങളും, മുസ്ലീംകളും ക്രിസ്ത്യാനികളും അവരുടെ പള്ളികളും സ്ഥാപിച്ചിട്ടുണ്ടു്. വിശേഷദിവസങ്ങളിൽ പ്രത്യേകിച്ചും, പിരിവുനടത്തി, ഉത്സവങ്ങളും മററും മോടിയോടെ കൊണ്ടാടുന്നു. ചുരുക്കത്തിൽ രാത്രിയായാൽ ഒരു നാട്ടുമ്പുറത്തിൻെറ പ്രതീതി ക്യാമ്പും പരിസരവും ജനിപ്പിക്കുന്നു. ശരൽകാലം വിനോദകരമായി കഴിക്കുന്നു. ഇതിനൊരു മറുപുറവുംകൂടി ഉണ്ടു്. കള്ളുകുടിയന്മാരും, അക്രമികളും, മോഷണക്കാരും കൂലിക്കാരുടെ ഇടയിൽ

കാണാം. ബഹുജനം പലവിധം എന്നു സമാധാനിക്കാതെ ഗത്യന്തരമില്ലല്ലോ.

ഒരു ദിവസം ഞാൻ സായിപ്പിൻെറ പ്രത്യേകാനുവാദവുംവാങ്ങി ഒരു ടീപാർട്ടിക്കു പോയിരുന്നു. രാത്രി ഒൻപതുമണിക്കു മടങ്ങി എത്തുമെന്നായിരുന്നു നിശ്ചയം. ക്യാമ്പിൻെറ ചാർജ്ജ് അത്രയും സമയത്തേക്കു സായിപ്പു തന്നെ ഏററു. സന്ധ്യയായതോടുകൂടി കൂലിക്കാരിൽ ചിലർ ബസാറിൽപോയി മൂക്കററം കുടിച്ചു. ഒരു പീടികയിൽ കയറി ഒരു ഗ്രൂക്കായുമായി വാക്കേററമായി. വാക്കേററം അടികലശലിൽ പര്യവസാനിച്ചു. അടികൊണ്ട കൂലിക്കാർ ക്യാമ്പിൽ മടങ്ങിവന്നു് വിവരം മററുള്ളവരെ അറിയിച്ചു. കാട്ടുതീപോലെ ആ വാർത്ത അവരുടെ ഇടയിൽ അതിശീഘ്രം വ്യാപിച്ചു. ആയിരത്തി ഇരുനൂറിൽപരം ആളുകൾ ചിന്താശൂന്യരായി പെട്ടെന്നു് ക്ഷോഭിച്ചിളകിയാൽ ഉളവാകാവുന്ന ഫലം ഊഹിക്കാമല്ലോ. ക്യാമ്പുകൾ എല്ലാംതന്നെ സജീവങ്ങളായി. ശബ്ദബഹുലമായി. മൺവെട്ടിത്തട്ടുകൾ തട്ടിഉരുന്ന ശബ്ദം ഒരിടത്തു്, കോടാലി വെട്ടുകത്തി തുടങ്ങിയ മാരകായുധങ്ങളുമേന്തി കൂലിക്കാർ അണിനിരക്കുകയാണു്. കടന്നൽ കൂട്ടമിട്ടു് ഇളകുംമാതിരി. അവരെ സമാധാനിപ്പിക്കാനോ ശാസിക്കാനോ സൂപ്പർവൈസറന്മാർ സന്നദ്ധരായില്ല. ഭയംകൊണ്ടാണോ, അവരുടെ സംരംഭം പരാജയപ്പെട്ടുമെന്നു കരുതിയിട്ടാണോ എന്തോ! സൂപ്പർവൈസറന്മാർ അവരുടെ കൂടാരങ്ങളുടെ പുറംവാതിലുകൾ ബന്ധിച്ചുകൊണ്ടു് അകത്തു അടങ്ങിയിരുന്നതേ ഉള്ളൂ. ആൾക്കൂട്ടം ബസാറിനടുത്തേക്കു് ഇരമ്പിപ്പാഞ്ഞു വിവരം സായിപ്പിൻെറ ചെവിയിലുമെത്തി. ടീപാർട്ടി നടക്കുന്ന സ്ഥലത്തു് ഉടനെ എന്നെ അന്വേഷിച്ചു് ആൾ എത്തി.

കൂലിക്കാരുടെ സമരസന്നദ്ധത കേട്ടറിഞ്ഞ സിവിലിയന്മാരും പ്രതിരോധത്തിന്ന വേണ്ട സജ്ജീകരണങ്ങഠം പൂത്തിയാക്കി. ആ വിവരവും സായിപ്പിന്ന് അറിവുകിട്ടി ഇതിനകം കൂലിക്കാർ കൂട്ടംകൂട്ടമായി പോയിക്കഴിഞ്ഞു. അണമുറിഞ്ഞു കുതിച്ചുപായുന്ന ജലപ്രവാഹംപോലെ. സായിപ്പ് ഉടനെ ബസാറിലേക്ക കാറോടിച്ചുപോയി. കടകഠം ഉടനെ പൂട്ടി ജീവനിൽ കൊതിയുണ്ടെങ്കിൽ അവരവരുടെ വീട്ടിൽ പൊയ്യൊള്ളണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അവർ അപ്രകാരം ചെയ്തു. ഇതിനകം ലഹള ആരംഭിച്ചു കഴിഞ്ഞു. ഗൂർക്കകഠം ഉഠംപ്പെട്ട സിവിലിയന്മാരും വിട്ടില്ല. പക്ഷെ, 1200– പേരുടെ ആകസ്മികമായ ആക്രമണത്തെ നേരിടുവാൻ ആ ഗ്രാമവാസികഠംക്ക്, അവരെത്ര സമത്ഥരായാലും സാദ്ധ്യമല്ല. അടിയും ഇടിയും, വെട്ടും കുത്തും നിലവിളിയും സവ്വത്ര. അതിനിടയിൽ ചില വീട്ടുകഠംക്ക തീ കൊളുത്തി. ബഹളം ആരംഭിച്ചു അധികം കഴിയും മുമ്പുതന്നെ സായിപ്പിന്ന് അവിടെ എത്തുവാൻ കഴിഞ്ഞു. അദ്ദേഹവും കൂടെഉണ്ടായിരുന്ന ചുരുക്കം ചിലരുംചേന്ന് ഏതാനും പേരെ പിടികൂടി. സായിപ്പ് ഇതിനിടയിൽ ആകാശത്തെ ലക്ഷ്യമാക്കി ഏതാനും വെടി പൊട്ടിച്ചു. ധപരയുടെ ആഗമനം കൂലിക്കാരുടെ ഇടയിൽ തെല്ലൊരു അമ്പരപ്പുളവാക്കി. വെടിപൊട്ടുന്ന ശബ്ദവും കൂടി ആയപ്പോഠം അവർ നിരുദ്ധവീയ്യരായി പിൻവാങ്ങി കൂടാരങ്ങളിൽ പാഞ്ഞെത്തി ഒളിച്ചിരുപ്പായി. ആ സന്ദർഭത്തിൽ ഞാനും എത്തിക്കഴിഞ്ഞു. മിലിട്ടറി പോലീസിന്ന ഫോൺ ചെയ്തു. അവർ കൂടാരം വളഞ്ഞു. പിന്നെ ആരും പുറത്തിറങ്ങിയില്ല. ഇറങ്ങാനുള്ള അനുവാദം നിഷേധിക്കപ്പെട്ടു. മുറിവേററ എട്ടൊൻപതു പേരെ പട്ടാള ആശുപത്രിയിലേക്ക മാററി.

# VI

കുററവാളികളെ തട്ടിയെടുക്കേണ്ട ചുമതല എൻെറ ചുമലിലായി. നേരം വെളുക്കുന്നതുവരെ കാത്തിരിക്കാതെ ഗത്യന്തരമില്ലല്ലോ. സിവിലിയന്മാരുടെ പരുക്കകൾ സംബന്ധിച്ചു പൂർണ്ണ വിവരം ലഭിക്കുവാൻവേണ്ട ഏർപ്പാടു ചെയ്തു. പിറേറന്നു് ആരെയും ജോലിസ്ഥലത്തേക്കു അയയ്ക്കേണ്ടതില്ലെന്നു തീരുമാനിച്ചു. കൂലിക്കാരുടെ മുറിവുകൾ ഒന്നും അത്ര വലുതായിരുന്നില്ലെന്നു വരുകിലും പതിനഞ്ചോളം പേരെ ആശുപത്രി ചികിത്സയ്ക്കു് അയയ്ക്കേണ്ടതായി വന്നു.

നേരം വെളുത്തു് ഏഴുമണി കഴിഞ്ഞിരിക്കും. അസ്സാം ഗവണ്മെൻറിൻെറ ചെറുതും വലുതുമായ ഉദ്യോഗസ്ഥന്മാർ ജീപ്പിലും കാറിലുമായി വന്നു തുടങ്ങി. വല്ലാത്ത തിക്കും തിരക്കുമായി. മൂന്നു സിവിലിയന്മാരുടെ മുറിവു് അപായകരമായിരുന്നു. എട്ടൊൻപതു പേരുടേതു് സാമാന്യം ലഘുവുമായിരുന്നു. അവരേയും ആശുപത്രിക്കയച്ചു. കുററക്കാരെ കണ്ടുപിടിച്ചു നടപടിയെടുക്കണമെന്നു് അസ്സാം ഗവണ്മെൻറുദ്യോഗസ്ഥന്മാർ ആവശ്യപ്പെട്ടു. സായിപ്പും അതിനോടു യോജിച്ചു. പക്ഷേ രാത്രിയിൽ നടന്ന സംഭവം. നിയന്ത്രിക്കാൻ ചുമതലപ്പെട്ടവരുടെ അസാന്നിദ്ധ്യം. 1200–പേർ കാട്ടിക്കൂട്ടിയ അക്രമം. എങ്ങനെ തെളിയിക്കാനാണു്? ആരാണു വീഴ്ചക്കാരെന്നു് എങ്ങനെയാണു് അറിയുക. അസ്സാം ഗവണ്മെൻറിൻെറ സമ്മർദ്ദം കൂടിക്കൂടിവന്നു.

ബഹളത്തിനൊരുങ്ങിയ കൂലിക്കാരെ തത്സമയം തട്ടത്തിരുന്നെങ്കിൽ ഈ അനിഷ്ടസംഭവം ഒഴിവാക്കാമായി

രുന്നു. സൂപ്പർവൈസറന്മാരുടെ കുററകരമായ അനാസ്ഥയാണിതിനു നിദാനം എന്നായിരുന്നു എൻെറ നിഗമനം. എങ്കിലും കുററക്കാരെ കണ്ടുപിടിക്കാതെ നിർവ്വാഹമില്ലല്ലോ. നേതൃത്വം നല്കിയവരെയെങ്കിലും പിടികൂടാതിരിക്കുന്നതു ശരിയല്ല. മൂന്നാം ദിവസം ഒരു പരേഡിൽവച്ചു് കുററക്കാരെ ചൂണ്ടിക്കാട്ടുവാൻ തീരുമാനിച്ചു. അങ്ങനെ മുപ്പതോളം പേരെ പിടികൂടി. പക്ഷെ, അവർ കുററക്കാരാണെന്നുള്ളതിനു് എന്താണു തെളിവു്? ഒരു മൂന്നംഗക്കമ്മിഷൻ നിയമിക്കപ്പെട്ടു. കുററവാളികളെ സൈനികകോടതിയിൽ വിസ്തരിക്കണമോ വേണ്ടയോ എന്നതായിരുന്നു ചർച്ചാവിഷയം. ഒരു പഞ്ചാബി, ഒരു തമിഴൻ, ഒരു ധ്വാര ഇവരായിരുന്നു കമ്മിഷനംഗങ്ങൾ തെളിവെടുപ്പിനായി ഒരു ദിവസവും നിശ്ചയിച്ചു.

ആ കൂലിപ്പട്ടാളത്തിൽ പാചക കലയിൽ പ്രാവീണ്യം ഉള്ളവരും ഉണ്ടായിരുന്നു. ഓരോ ഭോജ്യവസ്തുവും പാചിക്കുന്നതിനു വിരുതുള്ളവരെ പ്രത്യേകം തെരഞ്ഞെടുത്തു. കമ്മിഷനംഗങ്ങളുടെ രുചിഭേദമനുസരിച്ചുള്ള ഭക്ഷണ സാമഗ്രികൾ പാചകംചെയ്യാൻ ഏർപ്പാടുചെയ്തു. ധ്വാരയ്ക്കു ധ്വാരയുടെ വാസസ്ഥലത്തും പഞ്ചാബിക്കും തമിഴനും ക്യാമ്പിലും പ്രാതലിനു് ഏർപ്പാടു ചെയ്തു. അവർ വന്നെത്തി. കാപ്പികുടി സംതൃപ്തിയായി കഴിഞ്ഞു. തത്സമയം ലഹളസംബന്ധിച്ച ഒരു പൂർണ്ണവിവരണം ഞാൻ തമിഴനു നല്കി. കോടതികൂടി. ലഹളക്കാരുടേയും സൂപ്പർവൈസർമാരുടേയും എൻേറയും ഞങ്ങളുടെ മേലധികാരിയായ സായിപ്പിൻെറയും മൊഴി കമ്മിഷനംഗങ്ങൾ രേഖപ്പെടുത്തി. വിഭവ സമ്പൂർണ്ണമായ ഉച്ചഭക്ഷണം കഴിഞ്ഞു് കേസുവിസ്താരം തുടർന്നു. ദ്വിഭാഷിയുടെ വിവർത്തനം ശരിയാകുന്നില്ലെന്ന പരമാർത്ഥം ഞാൻ ചൂണ്ടിക്കാട്ടി. അതിനാൽ കമ്മററിയംഗമായ തമിഴൻ ദ്വിഭാ

ഷിയുടെ ജോലികൂടി ഏറെറടുക്കേണ്ടതായി വന്നു. അതു സവ്വസമ്മതപ്രകാരമായിരുന്നു. കമ്മിഷൻെറ വിധി കേൾക്കാൻ ഏവരും ഉത്കണ്ഠ പ്രകടിപ്പിച്ചു. കുററവാളികളെ ഇനിയും കണ്ടുപിടിക്കേണ്ടതായിരിക്കുന്നുവെന്നും അവരെ എത്രയും വേഗം കണ്ടുപിടിച്ച് അനുയോജ്യമായ ശിക്ഷ മേലധികാരികൾ നല്കണമെന്നും, സൈനിക കോടതി വിസ്തരിക്കേണ്ട കുററം തെളിഞ്ഞിട്ടില്ലെന്നും മററുമായിരുന്നു തീർപ്പിൻെറ ചുരുക്കം. അറസ്ററു ചെയ്തു തടങ്കലിൽ പാർപ്പിച്ചിരുന്നവരെ വിട്ടയയ്ക്കുകയും ചെയ്തു.

സിവിലിയന്മാരെ ആക്രമിച്ചതിനും അക്രമത്തിനു പ്രേരണ നല്കിയതിനുമായി മൂപ്പത്തു പേരുടെമേൽ നടപടി സ്വീകരിക്കയും, കുററംതെളിഞ്ഞതിനാൽ 10രൂപാ വീതം പിഴ നിശ്ചയിക്കുകയും ചെയ്തു,

## VII

1942 ആയപ്പോഴേക്കും യുദ്ധം മൂർദ്ധന്യാവസ്ഥയിലെത്തി. ജപ്പാൻകാരുടെ ആക്രമണം അതിരൂക്ഷമായും അനുസ്യൂതമായും നടന്നുകൊണ്ടിരുന്നു. ബ്രിട്ടീഷുകാരും ഇൻഡ്യാക്കാരും ചേൻ ബമ്മയിലെ മണിപ്പൂർ എന്ന സ്ഥലത്തുപ്രതിരോധ നിര നിർമ്മിച്ചിട്ടുണ്ട്. എങ്കിലും ജപ്പാൻകാരുടെ തള്ളിക്കയററം പാരമ്യത്തിലാണ്. ഓരോദിവസം കഴിയുന്തോറും പത്തും ഇരുപതും നാഴിക ദൂരം അവർ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഞാനും എൻെറ യൂണിററും, അർദ്ധചന്ദ്രാകൃതിയിൽ ശത്രു സമൂഹം വളഞ്ഞ ഒരുകാട്ടിലകപ്പെട്ടു. വെടിയുടെ ശബ്ദവും, വിമാനങ്ങളുടേയും, ടാങ്കുകളുടേയും പ്രയാണ ശബ്ദങ്ങളും അവ്യക്തമായി കേൾക്കാവുന്നത്ര ദൂരത്തിലായിരുന്നു ഞങ്ങളുടെ കൂടാരം. സമരമുഖത്തുനിന്നും കഷ്ടിച്ചു പത്തിരുപതു നാഴിക അ

കലം വരും. ഒററ മണിക്കൂർകൊണ്ടോ ഒററ ദിവസം കൊണ്ടോ ശാത്രുവപ്പടയ്ക്കു് അസ്ഥലം കീഴടക്കാമെന്നുള്ള താണ്. അതുകൊണ്ടു് ആ സ്ഥാനത്തേയും സമരമുഖം എന്നുതന്നെ വിളിക്കാം യുദ്ധം ചെയ്തില്ലെന്നേ ഉള്ളൂ. തിരുവിതാംകൂറിൽനിന്നു് അക്കാലത്തു റിക്രൂട്ടു ചെയ്തിട്ടുള്ള പട്ടാളക്കാരെ സമരമുഖത്തു് അയയ്ക്കുകയില്ലെന്ന ഒരുറപ്പു് അന്നത്തെ കിരാതഭരണക്കാരനായ സർ. സി. പി. ബ്രിട്ടീഷു ഗവണ്മെൻറിൽനിന്നു വാങ്ങിയിട്ടുണ്ടായിരുന്നു. തൻനിമിത്തം സമരമുഖത്തുനിന്നും ഏതാനും നാഴിക അകലെ പിന്തിരിഞ്ഞു പോകാനുള്ള ഭാഗ്യം ലഭിക്കുമെന്നു ഞാൻ ആശ്വസിച്ചു. അധികം താമസിച്ചില്ല, ഒരു സന്ദേശം കിട്ടി. ഏററവും അത്യാവശ്യവും പ്രയോജനവും ഉള്ള ആയുധസാമഗ്രികൾ സഹിതം ഞങ്ങളിൽ 25 പേർമാത്രം 50-മൈൽ അകലെ വിമാനത്താവളത്തിൻെറ സമീപത്തുള്ള വനമദ്ധ്യഭാഗത്തേയ്ക്കു് ഉടൻ പിന്മാറിക്കൊള്ളണം. എൻെറ നേതൃത്വത്തിൽ 175-പേർ അവിടെ ഉണ്ടായിരുന്നു. വേറെയും 400 പേരോളം ഉണ്ടു്. 25-പേരോടുകൂടി ഞാൻ പിന്മാറിക്കൊള്ളാൻ ആണു് ആജ്ഞ ലഭിച്ചതു്. "ഞാൻ ചഞ്ചലചിത്തനായി. ഞാൻ കൂടെ ഞാൻ കൂടെ" എന്ന ദയനീയമായ യാചന എന്നെ കുഴക്കി. 25 പേരിൽ കൂടുതൽ പോകുവാൻ സായിപ്പു് അനുവദിച്ചില്ല. ഏതായാലും 12 മണിയോടുകൂടി യുദ്ധസാമഗ്രികളും 25 പേരും പല ലോറികളിലായി. അപ്പോഴും യുദ്ധത്തിൻെറ നഗ്നതാണ്ഡവദ്ധ്വനി അങ്ങകലെ കേൾക്കാം.

ഞങ്ങൾ അതിശീഘ്രം നിർദ്ദിഷ്ടസ്ഥാനത്തെത്തി. വനമദ്ധ്യത്തുള്ള കുററിച്ചെടികൾ പിഴുതുമാററി വെളിസ്ഥലമാക്കി. ലോറികളെല്ലാം മടങ്ങിപ്പോയി, സാധനങ്ങളെല്ലാം രഹസ്യസങ്കേതങ്ങളിൽ സൂക്ഷിച്ചു. കൂടാരം

തീക്കാനുള്ള ആരംഭമായി. അപ്പോഴേക്കും പട്ടാളമേലധികാരിയുടെ മറെറാരു സന്ദേശം കിട്ടി. അതിന്നടുത്തു തന്നെ ഒരു വിമാനത്താവളമുണ്ടു്. അവിടെ റോഡിൻെറ ഒരുവശത്തു് ബ്രിട്ടീഷുകാരും മറുവശത്തു് ഇൻഡ്യാക്കാരും താവളമടിച്ചിട്ടുണ്ടു്. ആ താവളത്തിൽ അരുകിലുള്ള റോഡിൽ സന്ധ്യയോടുകൂടി എത്തിക്കൊള്ളണം. പിന്മാററത്തിനാണു്. ഞങ്ങൾ വീണ്ടും യാത്രയ്ക്കു തയാറായി. ലോറികൾ ഇല്ലാതിരുന്നതുകൊണ്ടു് യുദ്ധസാമഗ്രികൾ അങ്ങോട്ടു മാററുന്നതിനു് തീർച്ചയാക്കി. ഞാനും എനിക്കു തുണയായി മറെറാരാളും മാത്രം അവിടെനിന്നു. ബാക്കിയുള്ളവർ എടുക്കാവുന്നത്ര ചുമടുകളുമായി വിമാനത്താവളത്തിലേയ്ക്കു പുറപ്പെട്ടു. സാധനങ്ങൾ അവിടെ ഇറക്കിയശേഷം രണ്ടുനാലുപേർ മടങ്ങിവന്നു ബാക്കിയുള്ള ചുമട്ടും കൊണ്ടുപോകണമെന്ന നിർദ്ദേശത്തോടുകൂടി അവരെ അയച്ചു.

## VIII

നേരം സന്ധ്യയോടടുത്തു. പോയവരാരും മടങ്ങിവന്നില്ല. കാടിൻെറ മദ്ധ്യം. അനതിദൂരത്തായി ഉഗ്രസമരം നടക്കുന്നു. ശത്രുസേന ഞങ്ങളെ വളഞ്ഞു കുടുക്കിലകപ്പെടുത്തിക്കൊണ്ടു മറുപുറത്തെത്തിയില്ലെന്നെങ്ങനെ അറിയാം. വിമാനത്താവളംതന്നെ ശത്രുകൈവശത്തിലായില്ലെന്നുള്ളതിനു് എന്താണൊരു തെളിവു്. അവിടെ നിന്നാലും അങ്ങോട്ടുപോയാലും മരണത്തിൽ കവിഞ്ഞ അപത്തൊന്നുംതന്നെ വരാനില്ല. അതു് തെല്ലൊരാശ്വാസം നല്കി. എടുക്കാവുന്നിടത്തോളം യുദ്ധസാമഗ്രികളും, കിടക്കയും മററും പേറിക്കൊണ്ടു് വിമാനത്താവളത്തിലേയ്ക്കു പോകുവാൻതന്നെ ഞങ്ങൾ തീർച്ചപ്പെടുത്തി, വേഗം

പുറപ്പെട്ടു. വിശാലമായകാട്ടും കടന്നു വിമാനത്താവളത്തിന്റെ അതിർത്തിയിൽ പ്രവേശിച്ചു. നേരം ഏതാണ്ട് ഇരുട്ടിക്കഴിഞ്ഞിരുന്നു.

"ഹാൾട്ട്," പെട്ടെന്നൊരാജ്ഞ. ഞങ്ങൾ ഒരു ചുവട്ടു മുന്നോട്ടുവച്ചില്ല. എങ്കിലും ഞങ്ങളെ അറസ്റ്റു ചെയ്തു. ഞങ്ങൾ ആര്, എന്തിനുവന്നു എന്നു തുടങ്ങി നൂറു നൂറു ചോദ്യങ്ങൾ! "മിത്ര"മാണെന്നു തുടങ്ങി കഥ മുഴുവൻ പറഞ്ഞിട്ടും അവൎക്കു വിശ്വാസം വന്നില്ല. തോക്കുധാരികളായ നാലുപേർ ഞങ്ങളെ വട്ടത്തിലാക്കി. ചൂണ്ടിയ തോക്കുമായി ഒരാൾ മുൻവശത്തു്, രണ്ടുപേർ ഇരുവശങ്ങളിൽ, മററൊരാൾ പിന്നിൽ. ഞങ്ങൾ ജീവച്ഛവങ്ങളായി മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. ഒരു പത്തുവാര അകലത്താകുമ്പോൾ, വേറെ നാലുപേർ ഞങ്ങളെ ഏററു. അവർ പരസ്പരം മന്ത്രിക്കുന്നുണ്ടായിരുന്നു. "മററവരുടെ കാര്യം എന്തായി"? എന്നു്.

ഞാനും ചിലതൊക്കെ ഊഹിച്ചു കഴിഞ്ഞു. വെടി പൊട്ടുന്ന ശബ്ദമൊന്നും നേരത്തേ കേട്ടില്ലെന്നു് എനിക്കുനിശ്ചയമുണ്ടു്. ആ നിലയ്ക്കു് അവർ വധിക്കപ്പെട്ടിട്ടില്ല. ഞങ്ങളുടെ പട്ടാളമേലുദ്യോഗസ്ഥന്മാർ പെട്ടെന്നെടുത്ത തീരുമാനമനുസരിച്ചാണു് ഞങ്ങളെ ഉൾനാട്ടിലേയ്ക്കു് അയച്ചതു്. പക്ഷെ പാസ്പോർട്ടു തന്നില്ല. ആ നടപടിപ്പിശകിനു് വൈഷമ്യം അനുഭവിക്കേണ്ടിവന്നതു് ഞങ്ങളായിരുന്നു. അവിടത്തെ കമാൻഡറുടെ അനുമതിയോടുകൂടി, ഞങ്ങളുടെ പട്ടാളത്തലവനുമായി ഫോണിൽ സമ്പൎക്കം പുലത്താൻ എനിക്കു സാധിച്ചു. അദ്ദേഹം ഉടനെ വന്നുചേൻ. അതിനുശേഷം ഞങ്ങളെ വിമാനത്താവളത്തിനു തൊട്ടുവെളിയിൽ റോഡിന്റെ അരുകിലുള്ള ചാലിൽ നിരന്നു നില്ക്കുവാൻ ആജ്ഞാപിച്ചു.

റോഡിൻെറ മറുവശം ഇൻഡ്യൻ പട്ടാളക്കാരുടെ സൂക്ഷിപ്പിലാണ്. ഒരേ നിലയ്ക്കു നിന്നുകൊള്ളണമെന്നും അനങ്ങിയാൽ വെടിവയ്ക്കുമെന്നുമായിരുന്നു നിർദ്ദേശം. ഞങ്ങൾ അനുസരിച്ചു. യുദ്ധം ഏററവും അടുത്ത സ്ഥലത്തു നടക്കുന്നതായി എനിക്കു മനസ്സിലായി. എടുക്കാവുന്നിടത്തോളം സാധനങ്ങളുംകൊണ്ടു് പട്ടാളക്കാർ പിൻവാങ്ങുന്ന വ്യഗ്രതയിലാണ്. എങ്ങും കടുത്ത നിശ്ശബ്ദതയും നിരാശയും. തീപ്പെട്ടിക്കോൽപോലും ഉരയ്ക്കാനുള്ള അനുവാദമില്ല. വല്ലാത്ത തണുപ്പ്. പാതിരാവോടുകൂടി പട്ടാളലോറികൾ ഇരമ്പി വന്നുകൊണ്ടിരുന്നു. ഞങ്ങളുടെ പഴയ കൂട്ടുകാർ, ഞങ്ങളെക്കൂടി കയററി അയയ്ക്കാനുള്ള യത്നം വിഫലമായി. ഒരു മണിക്കൂർ വീണ്ടും കഴിഞ്ഞു. എൻെറകൂടെ ഉണ്ടായിരുന്നവരിൽ രണ്ടുപേരൊഴികെ മറെറല്ലാപേരേയും അയയ്ക്കാൻ ഒരുവിധം സാധിച്ചു. തുടർന്നുവന്ന ഒരു ലോറിയിൽ ശേഷിച്ച ഞങ്ങളും പോയി. വിമാനങ്ങളും ഉയർന്നു പറന്നു പലായനം ചെയ്തിരിക്കണം. അന്നു വെളുപ്പിനു് നാലുമണിയോടുകൂടി ആ സ്ഥലം ജപ്പാൻ സേനയ്ക്കു് അധീനമായി.

## IX

സഖ്യകക്ഷികൾ ജയിച്ചു് ശത്രുക്കളെ തുരത്തിയ ശേഷം ആ സ്ഥലത്തു വീണ്ടും പോകുവാനുള്ള സന്ദർഭം എനിക്കു ലഭിച്ചു. എന്തൊരു വ്യത്യാസം, യുദ്ധത്തിൻെറ കെടുതികൾ വരുത്തിവച്ചിട്ടുണ്ടായിരുന്നു. മനോഹരമായ ആ കുന്നിൻപ്രദേശം ഇടിച്ചുനിരത്തി മൈതാനമാക്കിയിരുന്നു. ഒരൊററ വീടുപോലും അവശേഷിച്ചിട്ടില്ല. കുന്നിൻെറ അടിവാരങ്ങളിലും, വൻ വൃക്ഷങ്ങളുടെ വേരുകളുടെ നേരേ കീഴ്ഭാഗത്തും കുഴികൾ ഉണ്ടാക്കി

അതിൽ ഇരുന്നുകൊണ്ടു് ജപ്പാൻകാർ വിമാനത്തേയു പട്ടാളക്കാരേയും ടാങ്കുകളേയും ആക്രമിച്ചിരുന്നു. പകരം വയ്ക്കുന്ന വെടി ലക്ഷ്യത്തിലേല്ക്കാത്തവണ്ണം പ്രകൃത്യാ പ്രതിരോധസന്നദ്ധവും സഹായകവുമായിരുന്നു ആ പ്രദേശം. അവരെ കീഴടക്കാൻ സഖ്യസേനകൾക്കു വളരെ ബുദ്ധിമുട്ടേണ്ടിവന്നു. ഒടുവിൽ ഗത്യന്തരമില്ലാതെ സുശക്തമായ ടാങ്കുകൾകൊണ്ടു് മലയും മരങ്ങളും ഇടിച്ചു് ഒളിപ്പോരുകാരെ മണ്ണിനടിയിൽ മൂടുകയാണുണ്ടായതു്. അങ്ങനെ ആ പ്രദേശത്തിൻെറ ഭൂസ്ഥിതിയും കിടപ്പുംതന്നെ മാറിപ്പോയി.

---

# സമരമുഖത്ത്.

"വരിക വരിക സഹജരേ, സഹന സമര സമയമായ്,
കരളുറച്ചു കൈകൾകോർത്തു കാൽനടയ്ക്കു പോകനാം"

ഈ സമരഗാനം അന്നു തിരുവിതാംകൂർ ഒട്ടുക്കു മാറെറാലി ക്കൊണ്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കുകൊള്ളാത്തവർ ഇല്ല. സി. പി. ഗവണ്മെൻറിനെതിരായി പ്രക്ഷോഭണക്കൊടുങ്കാററ് എങ്ങും വീശിയടിച്ചു. അറസ്ററുകളുടേയും, ലോക്കപ്പുമർദ്ദനങ്ങളുടേയും കഥ പൊടിപ്പും തൊങ്ങലുംവച്ച് എവിടേയും കേൾക്കാം. ഉത്തരവാദഭരണ പ്രക്ഷോഭണത്തിൻെറ, നേതൃത്വം ഏറെറടുത്ത സ്റ്റേററുകാൺഗ്രസ്സ് ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പട്ടംതാണുപിള്ളയാണു നയിച്ചിരുന്നതു്. നേതാക്കന്മാർ ഒന്നൊഴിയാതെ ഇരുമ്പഴിക്കുള്ളിലായി. തൻനിമിത്തം, നിയമ

ലംഘന പ്രസ്ഥാനമാകുന്ന തീപ്പൊരി കെട്ടുപോകാതെ ഊതിക്കത്തിക്കേണ്ട ചുമതല തിരുവിതാംകൂർ ജനതയുടെ കർമ്മപരിപാടിയായി രൂപം പ്രാപിച്ചു.

ചിറയിൻകീഴ്താലൂക്കിലെ പ്രക്ഷോഭണം നയിച്ചിരുന്നവരിൽ പ്രമുഖന്മാർ കെ. പി. നീലകണ്ഠപ്പിള്ള, എൻ. കുഞ്ഞുരാമൻ, വക്കീൽ പി. നാണു തുടങ്ങിയവരായിരുന്നു. ഇവരെല്ലാം അറസ്ററു ചെയ്യപ്പെട്ടു കഴിഞ്ഞതോടെ നേതൃത്വം യുവതലമുറയിലേക്ക് അതിവേഗം പകർന്നുകൊണ്ടിരുന്നു.

114 കന്നി 5—ാനു ആററിങ്ങൽവച്ചു നടക്കുന്ന മീററിംഗിൽവച്ചു് ഡാ: എൻ. എസ്. പിള്ള നിയമം ലംഘിക്കുമെന്നു പ്രഖ്യാപിക്കപ്പെട്ടു. അതനുസരിച്ചു് താലൂക്കിൻെറ നാനാഭാഗത്തുനിന്നും ജാഥ നീങ്ങിക്കൊണ്ടിരുന്നു. കിളിമാനൂർനിന്നും ഉദ്ദേശം 200 പേരുകൾക്കൊണ്ട ഒരു ധർമ്മഭടസംഘം കാലത്തു മുദ്രാവാക്യങ്ങളുംമുഴക്കി, ആററിങ്ങൽ ലക്ഷ്യമാക്കി യാത്രതിരിച്ചു.

"വരിക വരിക സഹജരെ സഹനസമര സമയമായ്
കരളുറച്ചു കൈകൾകോർത്തു കാൽനടയ്ക്കു പോകനാം."

ആ ജാഥ മുന്നോട്ടു നീങ്ങിയതോടുകൂടി അംഗങ്ങൾ പെരുകിക്കൊണ്ടേയിരുന്നു. ഗാന്ധിത്തൊപ്പിയും ധരിച്ചു് അണിയണിയായിപ്പോകുന്ന ആ കാഴ്ച ആരേയും പുളകംകൊള്ളിക്കാൻ പോരുമായിരുന്നു. ഇന്നത്തെപ്പോലെ ആവേശം കൊള്ളിക്കത്തക്ക മുദ്രാവാക്യങ്ങൾ അന്നു സർവ്വസാധാരണമല്ല. കാരണം ഇന്നത്തെ പ്രക്ഷോഭണ രീതികളുടെ മുന്നോടിമാത്രമായിരുന്നല്ലോ 114-ൽ നടന്ന നിയമലംഘനപ്രസ്ഥാനം. കമ്മ്യൂണിസ്റ്റ് സഖാക്കളുടെ ഉശിരൻ കൊടിയുമന്നില്ലായിരുന്നു. എങ്കിലും അന്നത്തെ നിലവച്ചു

നോക്കുമ്പോൾ ഓരോ ജാഥയും കാണികളിൽ ആവേശം ജനിപ്പിക്കാൻ പര്യാപ്തമാണെന്നു സമ്മതിച്ചേ തീരൂ. കഥാഗതിയിലേക്കു കടക്കാം.

കിളിമാനൂർ ജാഥ ആററിങ്ങൽനിന്നും ഏതാണ്ടു രണ്ടു മൈൽ വടക്കുള്ള ആലങ്കോട്ട് എത്തിയപ്പോൾ അഞ്ഞൂറിൽപരം ആളുകൾ നിരന്നുകഴിഞ്ഞു. അപ്പോഴേക്കും മറെറാരു ജാഥയും അവിടെ എത്തിച്ചേർന്നു. അതോടുകൂടി ദിഗന്തം പൊട്ടുമാറുള്ള മുദ്രാവാക്യങ്ങൾ മുഴങ്ങിത്തുടങ്ങി.

മഹാത്മാഗാന്ധി കീ—ജേയ്
പട്ടം താണുപിള്ള കീ—ജേയ്
ടി. എം. വർഗ്ഗീസ് കീ—ജേയ്
സീ. കേശവൻ കീ—ജേയ്

ക്ഷീരബല ആവർത്തിച്ച് ഔഷധശക്തി വർദ്ധിപ്പിക്കും മാതിരി ഈ മുദ്രാവാക്യം അനുസ്യൂതം ആവർത്തിക്കപ്പെട്ടു. ഉടനെ മറെറാരു രീതി അവലംബിക്കുകയായി.

"മലയാപ്പൂർ പട്ടരു നമ്മെ ഭരിക്കേണ്ട
അമ്മമഹാറാണി നമ്മെ ഭരിക്കേണ്ട" അതും തപൈവ. ശബ്ദം നിലയ്ക്കുന്നതിനു മുൻപുതന്നെ; മറെറാരുതരം മുദ്രാവാക്യം മുഴങ്ങിത്തുടങ്ങുകയായി.

"അക്രമരാഹിത്യമാണു ഞങ്ങൾ, കൈക്കൊണ്ടിരിക്കുന്ന മുദ്രാവാക്യം."ഇങ്ങനെ വൈവിദ്ധ്യമുള്ള വിളികളിൽ ആകൃഷ്ടരായി ആളുകൾ എല്ലായിടത്തുനിന്നുംവന്നു് ജാഥയ്ക്കു് വേണ്ട പ്രോത്സാഹനം നല്കിക്കൊണ്ടേ ഇരുന്നു.

രണ്ടു ജാഥയും ഏകോപിച്ച് ആററിങ്ങൽ കച്ചേരിനടയും കടന്നു മീററിംഗു സ്ഥലത്തേക്ക് പ്രയാണം ചെ

യ്യാൻ ഒരു പദ്ധതി തയാറാക്കി. ടൗണിൽ എത്തിക്കഴിഞ്ഞാൽ ജാഥയെ ലാത്തിച്ചാർജ്ജുചെയ്തു പിരിച്ചുവിടാൻ പോലീസ്സേന തയാറെടുക്കുന്നുവെന്ന ഒരുവാർത്ത ഞങ്ങളുടെ ശ്രവണപുടങ്ങളിൽ എത്തിക്കഴിഞ്ഞു. കിളിമാനൂർജാഥ നയിച്ചിരുന്നത് ഒരു ഡാ: വി. എസ്. പോററി ആയിരുന്നു. അദ്ദേഹം തെല്ലൊന്നു് അമ്പരപ്പു കാണിക്കയാൽ നേതൃസ്ഥാനം എന്നിൽ നിക്ഷിപ്തമായി. അന്നു കേവലം 21- വയസ്സുവരും എനിക്കു്. ശുഭ്രവർണ്ണമായ ഖദർതൊപ്പിയും ശിരസ്സിലണിഞ്ഞു് ഒരു കൊടിയും പിടിച്ചു മുന്നിൽ കുറച്ചൊരു ഗമയോടെ നടന്ന എൻെറ പിന്നിൽ ആയിരക്കണക്കിനാളുകളുണ്ടായിരുന്ന വസ്തുതയും അതിൻെറ ഗൗരവവും അന്നു് എനിക്കു് അറിവില്ലായിരുന്നു. റോഡിൻെറ രണ്ടു വശങ്ങളിൽകൂടി രണ്ടു വരിയായി ഞങ്ങൾ മുന്നോട്ടു നീങ്ങി. ആററിങ്ങൽ കച്ചേരിനടയിൽനിന്നും അര മൈൽ അകലത്തിലായി മിഷൻബംഗ്ലാവും കടന്നു് ഒരു നൂറുവാര മുന്നോട്ടുപോയിരിക്കും. ഇരമ്പിപ്പാഞ്ഞുവരുന്ന രണ്ടു ബസ്സുകൾ ഞങ്ങളുടെ മുമ്പിൽ നിന്നു. ഷൂസുകൾ ഖരഖര ശബ്ദം പുറപ്പെടുവിച്ചു. ലാത്തി ധാരികളായ അനേകം പോലീസുകാർ ചാടി ഇറങ്ങി റോഡിനു വിലങ്ങനെ അർദ്ധചന്ദ്രാകാരമായി നിലയുറപ്പിച്ചു. സ്ഥലം മജിസ്ട്രേട്ടു് മുൻനിരയിൽ ഉണ്ടായിരുന്നു. ഇൻസ്പെക്ടർ നല്ലമുട്ടം പത്മനാഭപിള്ളയാണു് പോലീസിനെ നയിച്ചതു്. ഞങ്ങൾ പൊടുന്നനെ മുന്നോട്ടുള്ള ഗതി നിറുത്തി. വെറും തറയിൽ ഇരിപ്പായി.

മജിസ്ട്രേട്ടു്:- ഇതു നിയമവിരുദ്ധമായ സംഘമാണു്. അഞ്ചുമിനിട്ടിനകം പിരിഞ്ഞു പൊയ്ക്കൊള്ളണം.

ഞാൻ:- ഞങ്ങൾ ഒരു മീററിംഗിൽ സംബന്ധിക്കാൻ പോവുകയാണു്. അല്ലാതെ സംഘം ചേരുന്നില്ല.

മജി:—സംഘം പിരിച്ചുവിടാൻ എന്നെ അധികാരപ്പെടുത്തിയിട്ടുണ്ടു്. സ്വയം പിരിഞ്ഞുപോവുക.

ഞാൻ:—സാദ്ധ്യമല്ല. അങ്ങനെയാണെങ്കിൽ ഞങ്ങൾ ഇനി മുമ്പോട്ടില്ല ഞങ്ങൾ സത്യഗ്രഹികളായി മാറിയിരിക്കുന്നു. അക്രമരാഹിത്യം ഞങ്ങൾ മുറുകെപ്പിടിക്കും.

മജി:—സമയംതീൎന്നു. ഇനി നിങ്ങൾ പിരിഞ്ഞുപോകണം. അഞ്ചു മിന്നിട്ടുകൂടി അനുവദിച്ചിരിക്കുന്നു.

ആളുകളുടെ ഗതിവിഗതികൾ തടഞ്ഞു. അയ്യായിരത്തോളംവരുന്ന ഒരു ജനസംഘം റോഡിലും പരിസരങ്ങളിലുമായി നിലയുറപ്പിച്ചു. നിമിഷങ്ങൾ അതിവേഗം പറന്നുപോയി. പോലീസുകാർ ലാത്തികൾ തറയിലൂന്നി അറ്റൻഷനായി നിലകൊണ്ടു. ഒരു ഭീകരത. ശ്മശാനമൂകത.

മജി:—സമയംതീൎന്നു. ഒന്നുകൂടി ഞാൻ ആജ്ഞാപിക്കുന്നു നിയമവിരുദ്ധമായ ഈ സംഘം ഉടനെ പിരിഞ്ഞുപോകണമെന്നു്. അല്ലെന്നു വരുകിൽ ലാത്തിച്ചാൎജ്ജുചെയ്തുപിരിച്ചുവിടാൻ ഉത്തരവു കൊടുക്കുന്നതാണു്.

ഞാൻ അനുയായികളുമായി ഒരു കൂടിയാലോചന നടത്തി. തല്ക്കാലം പിൻവാങ്ങി മറെറാരു വഴിയിൽകൂടി മീററിംഗ്ഗു് സ്ഥലത്തു ചെന്നുചേരാമെന്നു് ഒരുകൂട്ടരും, എന്തുവന്നാലും പിൻവാങ്ങാൻ പാടില്ലെന്നു മറെറാരുകൂട്ടരും നിർബന്ധം പിടിച്ചു. ഒടുവിൽ, അനിഷ്ടസംഭവങ്ങൾ ഒഴിവാക്കാൻവേണ്ടി താല്ക്കാലികമായി ഒരു പിൻമാററത്തിനു പ്രാബല്യം സിദ്ധിക്കയാണു് ഉണ്ടായതു്. സത്യഗ്രഹികൾ എഴുന്നേററു ശാന്തമായി പിന്നിലോട്ടു വളഞ്ഞു

നടന്നു തുടങ്ങി. ജാഥയുടെ മുൻപന്തിയിലെ ആളുകഠം ആറു വാര നടന്നകന്നു. ഒടുവിലത്തെ ആഠം പോലീസി ൻെറ അടുത്തുനിന്നും പോയകന്നു.

"സി. പി. ഭരണം വേണ്ട വേണ്ട". ഒരു ഗജ്ജനം പോലെ മാററൊലിക്കൊണ്ടു് എവിടെനിന്നോ ഒന്നു രണ്ടു കല്ലുകഠം പോലീസിൻെറ മുമ്പിൽ വന്നുവീണു. ഞാൻ ഏററവും ഒടുവിലായി നിന്നിരുന്നു. പോലീ സിൻെറ ഒരു പത്തുമാററകലത്തിൽ മാത്രം.

"ചാജ്ജ്". മജിസ്ട്രേട്ടിൻെറ ഉത്തരവു്. കടന്നൽ കൂടിളകുംമാതിരി ഒരു മുഴക്കം. കല്ലേറു ശരവഷംപോലെ. ആർപ്പുവിളികളും പോലീസിൻെറ മുന്നോട്ടുള്ള പാച്ചി ലും ആരംഭിച്ചുകഴിഞ്ഞു. ഒന്നുരണ്ടു ബസ്സുനിറയെ പട്ടാ ളമെത്തി. ലാത്തിയടിയും ധമ്മഭടന്മാരുടെ നിലവിളിയും കൂട്ടത്തിൽ വെടിയും. എൻെറ തൊട്ടടുത്തു് ഒരാഠം കാലിൽ വെടിയേററു നിലംപതിച്ചു റോഡിലെ പൊടി മണ്ണിൽ കിടന്നുരുളുന്നു. അടികൊണ്ടു് അനവധി പേർ നിലംപററി. റോഡിൻെറ ഇരുവശത്തുനിന്നും ആളുക ളുടെ ഒച്ചപ്പാടുകളും കല്ലേറും ഒപ്പാരിയും. മിഷൻബംഗ്ലാ വിൻെറ മതിലുകഠം ചാടി അകത്തു രക്ഷപ്പെട്ടുകയാണു്. ഇടവഴികളിൽക്കൂടി ഓടി അകലുന്ന കുറേ ആളുകഠം. അടുത്തുള്ള പുരയിടങ്ങളിലെ വൃക്ഷമൂലങ്ങളിലും വീട്ടുക ളിലുമായി ആളുകഠം രക്ഷപ്പെട്ടുകയാണു്. ജാഥാംഗങ്ങഠം അടിയും വെടിയുമേററു വീഴുകയും ഓടുകയും ചെയ്യുന്നു. റോഡിൽ രക്തം തളംകെട്ടി നിൽക്കുന്നു. എൻെറ തല കറങ്ങി. ഞാൻ ഇതികത്തവ്യതാമൂഢനായി. പട്ടാളക്കാരും പോലീസുകാരും അവരുടെ മുന്നോട്ടുള്ള ഗതിക്കു ശക്തികൂ ട്ടുകയാണു്. അവശരായവരേയും, വെടിയേററവരേയും, കൈയ്യിൽ കിട്ടിയവരേയുമെല്ലാം ബസ്സിനുള്ളിലേക്കു വലി

ച്ചെറിയുന്നു. എന്നെയും അവർ അനുനിമിഷം സമീപി ച്ചുകൊണ്ടിരിക്കുന്നു. സംഗതി പന്തിയല്ലെന്ന് എനിക്കു ബോദ്ധ്യമായി. റോഡിന്നരികിലായി വെള്ളം ഒലിച്ചു ചാടുന്ന താഴ്ചയുള്ള ഒരു ചാലിലേക്കു ഞാൻ കൊള്ളി മീൻപോലെ കുതിച്ചു. പക്ഷെ മനുഷ്യരെക്കൊണ്ടു് ആ കുഴി നികന്നില്ലായിരുന്നെങ്കിൽ എൻെറ കഥ അവിടം വച്ചു് അവസാനിക്കുമായിരുന്നു. അപ്രതിരോദ്ധ്യമായി മുന്നിൽ നിന്നിരുന്ന മൺകയ്യാല ഊക്കോടെ ഇടിച്ചിട്ടു കൊണ്ടു് ഒരു വെളിപ്പറമ്പിലേക്കു ഞാൻ അതിവേഗം പാ ഞ്ഞുപോയി. വെടിയുടെ ശബ്ദം നിലച്ചു. പട്ടാളക്കാരുടെ കൈവശമുണ്ടായിരുന്ന വെടിക്കോപ്പു് അവസാനിച്ചു തായി ആളുകൾ ആർത്തുവിളിക്കുന്നു. വല്ലാത്ത ഇരമ്പൽ! വർഷകാലത്തെ വെള്ളത്തുള്ളിപോലെ ഇടതടവില്ലാതെ കല്ലുകൾ ചീറിപ്പായുന്നു. ഏററു സഹിയാഞ്ഞു പോലീസും പട്ടാളവും ബസ്സുകളിൽ കയറി. കണ്ണാടിയുംമററും ഉടഞ്ഞു ശിഥിലമാവുകയാണു്. പോലീസ് പലായനം തുട ങ്ങിയതോടെ കാണികൾ പൂർവ്വാധികം ശക്തിയാർജ്ജിച്ചു കൊണ്ടു് കല്ലുകളുമായി പിന്തുടന്നു. പിൻവാങ്ങിയ പട്ടാ ളക്കാരും പോലീസുകാരും നിറതോക്കുകൾ സജ്ജമാക്കി വീണ്ടും ആക്രമണത്തിനോ പ്രതിരോധത്തിനോ ആയി മടങ്ങിയെത്തി.

ലാത്തിച്ചാർജ്ജും വെടിവെയ്പുംമൂലം കച്ചേരി മുഖപ്പി ലുള്ള പല കടകളും തകർക്കപ്പെട്ടു. ചാത്തനാടിയ കളം പോലെ അവിടം താറുമാറായിത്തീർന്നുവെന്നു പറഞ്ഞാൽ അതൊരു അതിശയോക്തിയല്ല. പൈദാഹാദികൾ കൊണ്ടും, ഭയപ്പാടുകൊണ്ടും, ആവേശംകൊണ്ടും ജന സംഘം ഒരു തീക്കുണ്ഡമായി മാറിക്കഴിഞ്ഞിരുന്നു. രാജ വീഥിക്കു തൊട്ടടുത്ത ഭവനങ്ങളിൽനിന്നും അവർക്കു വിശ പ്പും ക്ഷീണവും മാറാൻ സ്ത്രീജനങ്ങൾ പലതും നല്കി.

ഉദ്ദേശം രണ്ടു മണിയോടുകൂടി വക്കത്തുനിന്നും വൻപിച്ചൊരു ജാഥ ആററിങ്ങലെത്തിച്ചേൎന്നു. കച്ചേരിക്കവലയിൽ ചെന്നെത്തുംമുമ്പു് പട്ടാളക്കാർ അവരുടെ ഗതി നിരോധിച്ചു. ഒരു കുത്തിയിരുപ്പു സത്യാഗ്രഹം ആയിരുന്നു അനന്തരഫലം. നിറതോക്കും ലാത്തിയുമായി സേന അവരുടെ മുമ്പിലും. ജാഥയെ കൂട്ടത്തോടെ അറസ്റ്റു ചെയ്തു് കച്ചേരി മൈതാനിയിലിരുത്തി. ആളുകൾ വീണ്ടും മുന്നോട്ടുള്ള ഗതി തുടരാൻ ഒത്തുകൂടി. കവലയിൽനിന്നും അര ഫർലാംഗ് വടക്കുവച്ചു പട്ടാളക്കാർ ധൎമ്മഭടന്മാരുടേയും, മററു് ആളുകളുടേയും പുരോഗതിയെ പ്രതിരോധിച്ചു. ഭയങ്കരമായ ഒരു ഏററുമുട്ടൽ. ഇത്തവണ ലാത്തികൾ പൂൎണ്ണവിശ്രമം കൊള്ളുകയായിരുന്നു. വെടിമുഴക്കം തുരുതുരെ കേട്ടു തുടങ്ങി. തുടൎന്നു് ശരവൎഷംപോലുള്ള കല്ലേറും. വെടിയിൽനിന്നു രക്ഷപ്പെടാൻ മററു മാൎഗ്ഗം കാണാതെ ഞാൻ വിഷമിച്ചു. റോഡു വിലങ്ങനെ കടന്നു് ഒരു സേവാസമിതിക്കെട്ടിടത്തിൻെറ പിറകിൽ ചാട്ടുളിപോലെ ഞാൻ ചെന്നെത്തി മതിലിൻെറയും ഭവനഭിത്തികളുടേയും മറവിൽ നിന്നുകൊണ്ടു് ഞാൻ സമരരംഗം ഒരുവിധം കാണുകയായി. വെടിയുണ്ടകൾ എൻെറ അരുകിലുണ്ടായിരുന്ന ഒരു മുരിങ്ങമരത്തിൽ ഏല്ക്കുന്നതും കൊമ്പുകൾ ഒടിഞ്ഞു നിലംപതിക്കുന്നതും ഞാൻ കണ്ടതാണു്. എൻെറ ഉള്ളം കിടുങ്ങിത്തുടങ്ങി. അതാ ഒരാൾ സാമാന്യം വലുതായ ഒരു കല്ലു് ഒരു പട്ടാളക്കാരനെ ലക്ഷ്യമാക്കി പ്രയോഗിക്കുന്നു. അതു ലക്ഷ്യം തെററിയില്ല. ഭടൻെറ തൊപ്പി നിലത്തു പതിച്ചു. എനിക്കു് അടിക്കടി ഉല്ക്കപാതമേററ പ്രതീതി ഉളവായി. അരിശം മൂത്ത പട്ടാളക്കാരൻ കല്ലേറുവന്ന ദിക്കിനെ ലക്ഷ്യമാക്കി നിറ ഒഴിച്ചു. കഷ്ടം! ഏഴെട്ടുവാര അകലത്തിൽ ഒരാൾ കാലൊടിഞ്ഞു നിലം പററി. രക്തം ചീറിപ്പാഞ്ഞു. അയാൾ വാവിട്ടു നിലവിളിച്ചില്ല

വീണെന്നുമാത്രം. എൻെറ നെഞ്ചിനകത്തു് ഒരു മിന്നൽ പ്പിണർ പാഞ്ഞു. കണ്ണുകൾ ചിമ്മി അടഞ്ഞു. ചിന്തിക്കാൻ അവസരം കിട്ടിയില്ല അരനിമിഷത്തിനകം ഞാൻ വിശാലവും കേരവൃക്ഷ ബഹുലവുമായ വിളഭൂമിയിൽകൂടി എങ്ങോട്ടോ പാഞ്ഞു പാടത്തിൻെറ തുടക്കത്തിലുള്ള ഒരു കുളത്തിൻെറ അടുത്തുചെന്നു് നിന്നതായി അറിയാം.

അന്നത്തെ ബഹളത്തിൽ ഒരാൾ കൊല്ലപ്പെട്ടു. ജാഥയിൽപ്പെട്ട പലക്കും മാരകമായ മുറിവുകളേററു. ലാത്തിയടിയേററു് അവശരായവർ നിരവധിയാണു്. നാലുമണിയോടുകൂടി, കൂട്ടരെത്തേടി അവരും പരക്കം പായുകയാണു്. വെടിയും അടിയുമേററു് അവശരായവരെ പട്ടാളക്കാർ തൂക്കി എടുത്തുകൊണ്ടു പോകുന്നു. അന്നത്തെ സമരത്തിൽ ഒരാൾ തൽക്ഷണം മൃതിപ്പെട്ടു. അനേകം പേക്കു് അംഗഭംഗം വന്നു. ശേഷിച്ചവർ പലായനം ചെയ്തു.

ഈ സംഭവം കഴിഞ്ഞു് അരമണിക്കൂറിനുശേഷം ചിറയിൻകീഴുനിന്നും ഒരു ജാഥയെ എൻ. എസ്സ്. പിള്ളയും ടി. കെ. വാസുദേവനുംകൂടി നയിക്കുകയായിരുന്നു. വെടിവയ്പിനെ പ്രതിഷേധിക്കുവാൻ ആ ജാഥ വളരെ അച്ചടക്കത്തോടെ കച്ചേരി മൈതാനിയിലേക്കു നീങ്ങുകയായിരുന്നു. പട്ടാള മേധാവിയും, സ്ഥലം മജിസ്രേട്ടും കൂടി അവരെത്തടഞ്ഞു. മുന്നോട്ടു വിടുകയില്ലെന്നും, പിൻവാങ്ങുകയില്ലെന്നും ഇരുകൂട്ടരും വാശിപിടിച്ചു. അരണ്ടു നേതാക്കന്മാരെയും ബന്ധനസ്ഥരാക്കി. ആളുകൾ വീണ്ടും ക്ഷോഭിച്ചു വശായി വളരെ അച്ചടക്കത്തോടെ ജാഥാംഗങ്ങൾ പിരിഞ്ഞുപോകാൻ ആ രണ്ടു നേതാക്കന്മാരും ആഹ്വാനംചെയ്തു. ആ ആജ്ഞയ്ക്കു് അവർ വശംവദരായി. അവർ ജയിലഴിക്കുള്ളിലേക്കും പോയി.

6

തണുത്തുറഞ്ഞ ഇരുളിൻെറ കനംകൂടിയ കമ്പിളി വിരിവീണു് അധികനേരം കഴിയുംമുമ്പു് അററിങ്ങൽ ലാക്കപ്പിൽനിന്നും ദീനരോദനങ്ങൾ അനുസ്യൂതം പ്രവഹിച്ചുതുടങ്ങി. ശ്മശാനമൂകതനേടിയ പരിസരങ്ങളിൽ അതു വിലയം പ്രാപിച്ചു. കേട്ടവർ പേടിച്ചു വിറച്ചുപോയി. ഹോ! എന്തൊരു ഭീകരവാഴ്ച. ലാക്കപ്പിലെ ഭിത്തികൾ ചിന്നിത്തെറിച്ച ചുടുചോരത്തുള്ളികൾ കൊണ്ടു് തെററിപ്പഴക്കുലയുടെ പ്രതീതി ഉളവാക്കി. അന്നത്തെ ലാക്കപ്പുമർദ്ദനം, ഏതൊരു കാലത്തേയും മൃഗീയതയേക്കാൾ ഭീകരമായിരുന്നു. അബോധാവസ്ഥയിൽ മൃതപ്രായരായിത്തീർന്ന ആ നേതാക്കന്മാരെ പിറേററന്നു രാവിലെ ആശുപത്രിയിലേക്കാണയച്ചതു്. സാധാരണഗതിയിൽ നിയമലംഘകരെ നീതിന്യായപാലകൻെറ മുമ്പിൽവേണം ഹാജരാക്കുവാൻ. ഡാ: എൻ. എസ്സ്. പിള്ളയ്ക്കു് കേൾവി നഷ്ടപ്പെട്ടു. ടി. കെ. വാസുദേവനു് ഒരു സഹയാത്രികനായി കാസരോഗം വന്നു ചേർന്നു. പക്ഷെ സുചരിത്രയും കുലീനാംഗനയുമായ വഞ്ചിനാടിനെ ഒരു മുഷ്കരൻെറ കൈകളിൽനിന്നു മോചിപ്പിക്കാൻ തന്നാലായതുചെയ്തുവെന്ന ഒരു ആത്മസംതൃപ്തി അവരേക്കോരോരുത്തർക്കുമുളവായി. നിയമലംഘനപ്രസ്ഥാനം ഒരു അരുതാവ്രതമായി കരുതുന്ന എന്നെ പ്രാസിക്യൂഷൻ നടപടിക്കു വിധേയനാക്കി. പക്ഷെ ഞാനുമതിൽ അഭിമാനം കൊള്ളുകയാണു്.

റോഡിലും ലാക്കപ്പിലും ചിന്തിയ ആ രക്തബിന്ദുക്കൾ അതിൻെറ കടമ നിറവേററി.

---

# രക്തസാക്ഷി.

ഒരു യുവതി സന്താനലാഭം ഇല്ലാതെ മനശ്ചാഞ്ചല്യപ്പെട്ടു നാശപ്പെടുകയായിരുന്നു. നാടായനാടെല്ലാം നടന്നു ഭിഷഗ്വരന്മാരെക്കൊണ്ടു ചികിത്സിപ്പിച്ചു. കണ്ട ദേവാലയം മുഴുവൻ ദർശനം നടത്തി, അർച്ചനകൾ ചെയ്തു കുറേക്കാലം കഴിഞ്ഞു. അവൾക്കു രണ്ടു് ആൺസന്താനങ്ങൾ ലഭിച്ചു. കുഞ്ഞിക്കാലുകൾ കാണാതിരുന്ന മന്ദിരാങ്കണത്തിൽ കൊച്ചുകൊച്ചു പാദങ്ങൾ പിച്ചവച്ചു തുടങ്ങിയപ്പോൾ മാതാപിതാക്കന്മാർ എന്തെന്തു സുന്ദരസ്വപ്നങ്ങൾ കണ്ടിരിക്കയില്ല. സന്താനലാഭത്തേക്കാൾ വലിയൊരു അനുഗ്രഹം, ഗൃഹസ്ഥജീവികൾക്കില്ലല്ലോ. ഈ കുട്ടികൾ വളർന്നു യൗവനം പ്രാപിച്ചു.

നിർദ്ധനയായ ഒരു പെൺകുട്ടി ആ വീട്ടിൽ ജോലിക്കുവന്നു. വാസ്തവത്തിൽ അവൾ ഒരു മനോഹരിയായി

രുന്നു വേഷഭൂഷകൾ അവൾക്കു സൗന്ദര്യം നല്കിയതല്ല. പ്രകൃതി അവളിൽ അംഗഭംഗി മംഗളമാക്കിച്ചെയ്തു. പതിനഞ്ചു വയസ്സു ആയുള്ളുവെങ്കിലും പ്രകൃതിയെന്ന ചിത്രകലാകാരൻ അവളിൽ മിഴിവുററ അംഗസൗഭാഗ്യങ്ങൾ കൂട്ടിച്ചേർത്തു. തുടുത്ത കവിളുകളും, ചെമ്പനീർപ്പൂവുപോലെ ചുവന്ന ചുണ്ടുകളും, വിരിയാൻ വെമ്പിനില്ക്കുന്ന താമരമൊട്ടുപോലുള്ള വക്ഷോജങ്ങളും ആരുടേയും ചിത്തമിളക്കുവാൻ പര്യാപ്തമാണ്. ഇടതൂർന്നു ചുരുണ്ടു നീണ്ട വാർകൂന്തലും, കാററിലാടുന്ന അളകാവലികളും, നീല മിഴികളും, ആ തങ്കനേർനിറമാർന്ന വദനത്തിനു മാറേററിയിരുന്നു. അവളൊരു കിന്നരാംഗനയല്ല; പക്ഷെ സൗന്ദര്യത്തിൻെറ നിർമ്മല രേഖകൾ പ്രത്യംഗം കാണ്മാനുണ്ടായിരുന്നു. ലീലാവതിയെന്നാണ് അവളുടെ പേര്.

ഗൃഹസ്ഥൻെറ ഔരസപുത്രനായ നീലാംബരൻ ഒരു വിദ്യാർത്ഥിയായിരുന്നു ഒരു സംസ്കൃതവിദ്യാർത്ഥി പണിപ്പെട്ടു സിദ്ധരൂപം ഉരുക്കഴിക്കുംപോലെ അടിയുറച്ചശേഷം മാത്രമേ ഒരു ക്ലാസിൽനിന്നും മറെറാരു ക്ലാസിലേക്ക് അയാൾ കയററം വാങ്ങിച്ചിരുന്നുള്ളൂ. അങ്ങനെ തോററും പഠിച്ചും വല്ലപാടും സ്കൂൾഫൈനൽ ക്ലാസിൽ കാലൂന്നി. അവിടെ കായികാഭ്യാസിയുടെ കസർത്തുപോലെ പണിപ്പെട്ടു കഴിയവേ വീട്ടുവേലക്കാരി ലീലാവതിയിൽ അനുരക്തനായി. പ്രായമായ ആൺമക്കളുള്ള വീട്ടിൽ കന്യകമാരെ വേലയ്ക്കു നിറുത്തുന്ന അനൗചിത്യം ഗ്രാമീണരായ മാതാപിതാക്കൾക്ക് അറിവില്ലായിരിക്കും. എത്ര സൗശീല്യവതികളാണെങ്കിലും യുവാക്കന്മാരുടെ പ്രേമപാശത്തിൽ അവർ കുടുങ്ങിപ്പോകും. അങ്ങനെ പലനാളത്തെ പിണക്കത്തിനും പരിഭവം പറച്ചിലിനും ശേഷം നിരാശാവശഗനായ നീലാംബരൻ ആ പാവ

പ്പെട്ട പെണ്ണിനെ നേരിട്ട് അക്രമിക്കാൻ തീർച്ചയാക്കി. നിരാലംബയായ അവൾ അയാളുടെ ഇംഗിതത്തിനുവശം വദയായി. ഭാവിയിൽ ആ ധനികപുത്രൻെറ പത്നീപദം അലങ്കരിക്കാമെന്ന് അവൾ വ്യാമോഹിച്ചിരുന്നിരിക്കാം. അവൻ അപ്രകാരം ചെയ്യാമെന്ന് വാഗ്ദത്തം ചെയ്തു. അവരുടെ രഹസ്സമാഗമം അങ്ങനെ യാതൊരു വിഘ്നവും കൂടാതെ നടന്നുവന്നു. ക്രമേണ അവളിൽ ഗർഭചിഹ്നങ്ങൾ കണ്ടുതുടങ്ങി. നീലാംബരനു യാതൊരു അല്ലലും ഇല്ല. അവൻ ആ പിച്ചകപ്പൂവിൽനിന്നും നിർലോഭം തേൻ ആസ്വദിച്ചുകൊണ്ടിരുന്നു. സ്വാർത്ഥന്മാരായ കാമുകന്മാർ അങ്ങനെയാണല്ലോ സംതൃപ്തരാകാറുള്ളതു്.

പ്രസവിച്ച ഒരു സ്ത്രീക്ക് മറെറാരുവളിൽ കാണുന്ന ഗർഭചിഹ്നങ്ങൾ കണ്ടുപിടിക്കുവാൻ അതിയായ വിഷമമില്ലല്ലോ.

ലീലാവതി അവിടെനിന്നും നിഷ്കാസിതയായി. അവൾ കണ്ണുനീർ തൂവിക്കൊണ്ട് ഒരു പ്രഭാതത്തിൽ സ്വന്തംകുടിലിലേക്കു നടന്നുപോയി. അവിടെയും നീലാംബരൻ ചെന്നെത്തി, അവളെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു.

ഒരുദിവസം, തൻെറ ഉററ ചങ്ങാതിയുമായി കഥാപുരുഷൻ അവളുടെ മുററത്തെത്തി. നേരം വെളുത്തുവരുന്നതേയുള്ളു. ലീലാവതി ചാമ്പിമയങ്ങിയ മിഴികളോടുകൂടി കിണററരുകിൽ നിൽക്കുകയായിരുന്നു. അവൾ ചിരിച്ചില്ല; കോപഭാവം പൂണ്ടതുമില്ല. ആ അലസാപാംഗി അങ്ങനെ അവരെ അല്പനേരം നോക്കിനിന്നു. മുഷിഞ്ഞവേഷം, ചീകിക്കെട്ടാത്ത തലമുടി, വേദനനിറഞ്ഞമുഖം ഇതെല്ലാം കണ്ടപ്പോഴും നീലാംബരൻ ആ കൊല്ലുന്ന ചിരിയുമായി അവളെ സമീപിക്കാനാണു

ഭാവം. അവൾ എന്നിട്ടും ഉരിയാടാൻ ഒരുക്കമില്ല. അവൻ എന്തൊക്കെയോ സംസാരിച്ചു. അവൾ എന്തെല്ലാമോ കേട്ടു. ലീലാവതിയുടെ നിർദ്ധനയായ മാതാവു് അകലെ നിൽക്കുകയാണു്. ആ സ്ത്രീക്കു് ഒന്നും മനസ്സിലായില്ല. മനസ്സിലാക്കാൻ ശ്രമിച്ചതുമില്ല.

ആ ചങ്ങാതിമാർ അവളെയും കൂട്ടിക്കൊണ്ടു് റോഡരുകിൽ കിടന്ന ഒരു കാറിൽ കയറി. അവൾ അപ്പോഴും വ്യസനത്തിന്റെ പ്രതീകമെന്നപോലെ മൗനമായി കുനിഞ്ഞിരുന്നതേ ഉള്ളൂ. കാർ അതിവേഗം പാഞ്ഞുപോയി. ഒരു ആശുപത്രിയുടെ പുറം കവാടവും കടന്നു് കാർ നടയിൽ ചെന്നു് ഒരു മൂളലോടെ നിന്നു. നീലാംബരനും ചങ്ങാതിയും പുറത്തിറങ്ങി നേരേ ഡാക്ടരുടെ മുറിയിലേക്കു നടന്നു. ലീലാവതി അപ്പോഴും ദിവാസ്വപ്നത്തിലെന്നവണ്ണം കുനിഞ്ഞിരുന്നതേയുള്ളൂ. ഒരു പത്തു നിമിഷത്തിനകം നീലാംബരൻ മടങ്ങിവന്നു ലീലാവതിയെ കൂട്ടിക്കൊണ്ടു് ഓപ്പറേഷൻ മുറിയിലേക്കു പോയി. അവൾ അപ്പോഴും കാലടികൾ അറച്ചറച്ചു വയ്ക്കുകയായിരുന്നു. അവൾ ജീവച്ഛവംപോലെ മുറിക്കുള്ളിൽ നടന്നുചെന്നു. ഡാക്ടർ ഒരു നഴ്സിന്റെ അകമ്പടിയോടുകൂടി മുറിയിൽ കയറി. ഒരു കനത്ത ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് അതിന്റെ വാതൽ അടഞ്ഞു. ദാമ്പത്യമണിയറയിലെന്നവണ്ണം നേരിയ ആ മന്ത്രണം ആ മുറിക്കകത്തുണ്ടായിരുന്നു. ഒരു പതിനഞ്ചു നിമിഷം കഴിഞ്ഞു് വെളുത്ത ഒരു തുവാലയിൽ കൈകൾ തുടച്ചുകൊണ്ടു് ഡാക്ടരും, നിഴലെന്നവണ്ണം പിന്തുടൻ നഴ്സും വാതൽ തുറന്നു പുറത്തിറങ്ങി. ഡാക്ടരുടെ കൈയ്യിൽ നിന്നും ആ ഉറുമാൽ നഴ്സുവാങ്ങി ഒട്ടടുത്തുവന്ന ശിപായിയെ ഏല്പിച്ചു. സ്റ്റെതസ്കോപ്പും കഴുത്തിൽ തൂക്കി ഗൗരവഭാവത്തോടെ ഡാക്ടർ സ്വന്തം മുറിയിലേക്കു ചിന്താ

ക്രാന്തനായി നടന്നുപോയി. നഴ്സ് മററു രോഗിക ളുടെ അടുത്തേക്കും.

ലീലാവതി സാവധാനം കാറിന്നടുത്തേയ്ക്കു് പോവു കയാണു്. ആ മുഖം ക്രമത്തിലധികം മ്ലാനമായിട്ടുണ്ടു്. കണ്ണീർചൊരിഞ്ഞു് ഒരു രസഗോളംപോലെ മിഴികൾക്കു ള്ളിൽ തങ്ങിനില്ക്കുന്നുണ്ടായിരുന്നു. അവൾ മുഖം ഉയ ർത്താതെ കുനിഞ്ഞു കുനിഞ്ഞു കാലിൻെറ നഖങ്ങളിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടാണു നടന്നതു്. അസഹ്യമായ മനോവേദന അവൾക്കനുഭവപ്പെടുന്നുണ്ടു്. കൂടെക്കൂടെ നെടുവീർപ്പുകൾ വിടുന്നു. മാറും വയറും മറച്ചു ബ്ളൗ സിനുമീതെ അധികം നിവക്കാതെ മടക്കി തോൾവഴി പിന്നിലോട്ടു് ഇട്ടിരിക്കുന്ന കസവുനേര്യതിൽ അവിടവി ടെ മിഴിനീർകണങ്ങൾ വീണു് ഈറനായിരിക്കുന്നു. കൈ രണ്ടും ചേർത്തു തിരുമ്മുകയും, ജലദോഷരോഗിയെപ്പോലെ ചിലപ്പോഴെല്ലാം ചീററുകയും ചെയ്യുന്നുണ്ടു്. കാറിൻെറ പിൻഭാഗത്തു് ഒതുങ്ങി വിദൂരതയിൽ ദൃഷ്ടിയുറപ്പിച്ചുകൊ ണ്ടു് അവൾ സുന്ദരമായ ഒരു മാർബിൾ പ്രതിമപോലെ നിൽക്കുകയാണു്.

നീലാംബരനും ഡാക്ടരുമായി അല്പസമയം സം സാരിച്ചു. ഡാക്ടരുടെ സ്വരം പരുഷമായിരുന്നു. അവർ യാത്രപറഞ്ഞു പിരിഞ്ഞു. അവൻ ലീലാവതിയെ സമീപിച്ചു. കാറിലേറാൻ ആംഗ്യംകാണിച്ചു. അവൾ കൂട്ടാക്കിയില്ല. കാറിൻെറ വാതിൽ ശക്തിയായി അയാൾ പിടിച്ചുതുറന്നു. ഉള്ളിൽ കയറിയിരിക്കാൻ വീണ്ടും നിർദ്ദേശിക്കയാണു്. അവൾ കണ്ണുനീരൊഴുക്കി. ഗദ്ഗദംകൊണ്ടു് ഉരിയാടാൻ അവൾക്കു ശക്തിയില്ല.

ലീ:—"നിങ്ങൾ എന്നെ കൊല്ലാൻ കൊണ്ടുപോ വുകയാണു്."

നീ:—"നീ എന്താണു പറയുന്നതു്. എനിക്കൊന്നും മനസ്സിലാകുന്നില്ല.

ലീ:—എനിക്കു പേടിയാവുന്നു. ഞാൻ പാവമാണു്. എന്നെക്കൊല്ലരുതേ.

നീ:—നീ എന്തൊരു മറയിയാണു്. നിനക്കു് കിറുക്കു ണ്ടോ? ആളുകൾ കേട്ടാലെന്തു പറയും. ന ാന്നടങ്ങു്. ഉം. കാറിൽകേറു്. നമുക്കു പോകാം

ലീ:—എവിടെപ്പോകാനാണു്.

നീ:—കുറച്ചുദൂരെ അങ്ങു്. എൻെറ സ്വന്തക്കാർ അവി ടെ താമസമുണ്ടു്. പോകാം.

ലീ:—ഞാനെങ്ങും വരുന്നില്ല. ഞാനൊരു കുററവും ചെ യ്തില്ല. ഞാൻ നാടുവിട്ടു് എവിടെയെങ്കിലും പോയി ജീവിച്ചുകൊള്ളാം. എന്നെ കൊല്ലരു തു്. ഞാൻ പഞ്ചപാവമാണു്.

നീ:—വാ–നമുക്കുപോകാം. നിന്നെ ആരും കൊല്ലുക യില്ല.

ലീ:—ഇല്ല. കൊല്ലുകില്ല. പിന്നെ ഇവിടെ എന്തിനു കൊണ്ടുവന്നു, ഈ ആശുപത്രിയിൽ—

നീ:—അതൊന്നും നീയറിയേണ്ടാ. നിനക്കിവിടെ വന്നി ട്ടു് ഒന്നും പററിയില്ലല്ലോ.

ലീ:—ഇല്ല. ഒന്നും പററിയില്ല. ആ ഡാക്ടർ നല്ലവ നാണു്. അതുകൊണ്ടു് ഒന്നും പററിയില്ല. ഇല്ലെ ങ്കിൽ............

അവൾക്കു വാവിട്ടു കരയണമെന്നുതോന്നി. ഗദ് ഗദംകൊണ്ടു് അവൾക്കു ശ്വാസംമുട്ടി. കണ്ണീർ ധാര

ധാരയായി ഒഴുകി. നേര്യതിൻെറ തുഞ്ചംകൊണ്ടു് അവൾ കണ്ണും വായുംപൊത്തി കുനിഞ്ഞുനിന്നു.

നീലാംബരൻ ബലം പ്രയോഗിച്ചു് അവളുടെ കൈത്തണ്ടിൽ പിടിച്ചു കാറിനുള്ളിൽ തള്ളിയിട്ടു. കുപ്പിവളകൾ നുറുങ്ങിത്തെറിച്ചുവീണു. അയാളും കേറി. ചങ്ങാതിയും ഡ്രൈവറും മുൻസീററിലിരുന്നു. വണ്ടി സ്റ്റാർട്ടു ചെയ്തു. അതു മുന്നോട്ടു പാഞ്ഞുതുടങ്ങി. ഡാക്ടർ അപ്പോഴും ആ കാറിലേക്കു കണ്ണിമയ്ക്കാതെ നോക്കിനില്ക്കുകയാണു്, വാതില്പടികളിൽ കൈയ്യും പിടിച്ചുകൊണ്ടു്.

വായുവേഗത്തിൽ കാർ ഓടി. ആരും ഒന്നും ഉരിയാടിയില്ല. ജനവാസസ്ഥലങ്ങൾ പിന്നിട്ടുകൊണ്ടു് ഒരു മദയാനയെപ്പോലെ കാർ ഇരമ്പിപ്പാഞ്ഞു. ഇരുവശവും ഭയാനകമായ വനപ്രദേശം. വഴിയാത്രക്കാരെയും റോഡിൽ കാണ്മാനില്ല. ആൾപാർപ്പുള്ള സ്ഥലങ്ങളും പിന്നിട്ടിരിക്കുകയാണു്.

ഒരു ചെറിയ കലുങ്കും കഴിഞ്ഞു് അല്പം തണലുള്ള ഒരു ഭാഗത്തായി കാർനിന്നു. നീലാംബരനും കൂട്ടുകാരനും പുറത്തിറങ്ങി. ലീലാവതിയെ ഇറങ്ങിച്ചെല്ലുവാൻ അയാൾ നിർദ്ദേശിച്ചു. അവൾ വാവിട്ടുകരഞ്ഞു. ആരു കേൾക്കാനാണു് ആ വനരോദനം.

നീ:—അക്കാണുന്ന തടംവഴി ഒരു നാഴികദൂരം പോയാൽ എൻെറ ഒരു ബന്ധുവിൻെറ വീടുകാണാം. നമുക്കവിടെപ്പോയി താമസിക്കാം. ലീലേ! നീ പേടിക്കേണ്ട. ഞാനുണ്ടു നിനക്കു തുണയ്ക്കു്.

ലീ:—നിങ്ങൾ എന്നെ കൊല്ലാൻ കൊണ്ടുപോവുകയാണു്. ഞാൻ വരുന്നില്ല. ഞാൻ എവിടെ

യെങ്കിലുംപോയി ജീവിച്ചുകൊള്ളാം. എന്നെ കൊല്ലാതിരുന്നാൽ മതി.

അവൾ നിസ്സഹായയായി തൊഴുതു കാൽപിടിച്ചപേക്ഷിച്ചു. അവളെ നീലാംബരൻ കൈയ്ക്കു തൂക്കിയെടുത്തു പുറത്തിട്ടതും കാർ തിരിച്ചോടിച്ചുപോയതും ഒരു നിമിഷത്തിൽ കഴിഞ്ഞു.

അവർമൂവരും ആ മലഞ്ചരിവിലൂടെ നടന്നുപോയി. ഉന്നതങ്ങളായ വൃക്ഷങ്ങളും അവയിൽ പററിപ്പടൎന്നു കിടക്കുന്ന വല്ലികളും ആ വനത്തിനു് ഒരു നീലമേലാപ്പു പണിതീൎത്തിരുന്നു. വനത്തിൻെറ ഉഗ്രത അടിക്കടി വൎദ്ധിച്ചു. ദുഷ്ടമൃഗങ്ങളുടെ അലർച്ചകൾ ഇല്ലെന്നേയുള്ളു. വർദ്ധമാനമായ ശ്മശാന ഭീകരത. ആ കാട്ടുപാത പെരുമ്പാമ്പുപോലെ നീണ്ടുനീണ്ടു പോവുകയാണു്.

അവർ കുന്നിൻെറ മുകൾപ്പരപ്പിലെത്തി. ഒരുവശത്തു് അഗാധമായ ഒരു കുഴി. ആ പകൽ നേരത്തും മിന്നാമിനുങ്ങുകൾ പറക്കുന്നുണ്ടെന്നു് അവൾക്കു തോന്നി. വനവാസത്തിനു സീതാസഹിതംപോയ ശ്രീരാമലക്ഷ്മണന്മാരെപ്പോലെ അവർ നടന്നുകൊണ്ടിരുന്നു.

പൊടുന്നനെ നീലാംബരൻ നിന്നു. കൂട്ടുകാരനെ അൎത്ഥവത്തായി ഒന്നുനോക്കി. അനന്തരം ആ പ്രേമോപാസകൻ സാവധാനം ഒരു വൃക്ഷമൂലത്തിൻെറ മറുഭാഗത്തേക്കു നടന്നു മറഞ്ഞു. ലീലാവതി അമ്പരപ്പോടുകൂടി അയാളെ പിൻതുടരാനോടി. അപരൻ ശക്തിയായി അവളെപ്പിടിച്ചു പിന്നാക്കം നിറുത്തി. പിടി വിട്ടുവിക്കാൻ അവൾ ആവതും ശ്രമിച്ചു. ബഹളത്തിനിടയിൽ

ആ നിസ്സഹായയായ ആ അബലയെ അയാൾ ഊക്കോടെ മുഖത്തടിച്ചു. അടിയുടെ ശക്തികൊണ്ടു് അലമുറയിട്ടു് അവൾ നിലത്തുവീണു. അവളെ മലത്തിക്കിടത്തി അവൻ കഠാരികൊണ്ടു അവളുടെ മൃണാളകോമളമായ കഴുത്തറുക്കുകയാണു്. അവൾ കൈകാലടിച്ചു് കഴിയുന്നത്ര ഉച്ചത്തിൽ നിലവിളിച്ചു. ചുടുരക്തം ചീറി, പൂക്കററിയിൽനിന്നു തീപ്പൊരിപോലെ പൊങ്ങിപ്പതിച്ചു. അവൻെറ കൈയ്തളരുന്നു. അവൻ കുഴങ്ങുന്നു; പിന്നോക്കംമാറി, അവനു തല കറങ്ങുംപോലെ തോന്നി. സന്ദർഭത്തിൻെറ ഗൗരവം മനസ്സിലാക്കിയ നീലാംബരൻ പാഞ്ഞുവന്നു് സ്വന്തം കഠാരകൊണ്ടു് ലീലാവതിയുടെ കഴുത്തറുത്തു. രൂക്ഷമായ ആസിഡ് ഒഴിച്ചു മുഖംപൊള്ളിച്ചു.

ആകാശത്തുനിന്നു ഒരു മേഘപടലം ഹൂങ്കാരത്തോടെ അടർന്നു് അംബരചുംബികളായ വൃക്ഷങ്ങളുടെമേൽ പതിക്കുംമാതിരി അത്യുഗ്രമായ ഒരു ശബ്ദം കേട്ടതായി അവർക്കു തോന്നി. അവർക്കു കണ്ണുകാണാൻ വയ്യെന്നായി. ഭയചകിതരായ ആ ക്രൂരന്മാർ ജീവനുംകൊണ്ടു തിരിച്ചോടി. ഒരു ചെറുതോടിൻെറ വക്കത്തുവന്നു് ചുററുപാടും കണ്ണോടിച്ചശേഷം, ചോരയിൽകുളിച്ച കൈയ്യും മെയ്യും കഴുകി അവർ ശുദ്ധന്മാരായി മടങ്ങിപ്പോന്നു. ആ ശബ്ദംകേട്ടില്ലായിരുന്നു എങ്കിൽ ആ സാധുയുവതിയുടെ ജഡം അവർ അടുത്തുള്ള അഗാധതയിൽ വലിച്ചെറിയുമായിരുന്നു.

ഏതാനും ദിവസങ്ങൾക്കകം അജ്ഞാതമായ ശവശരീരത്തെപ്പററിയുള്ള വാർത്ത പത്രക്കാർ പ്രസിദ്ധീകരിച്ചു. ഡാക്ടർ കൂടുതൽ വിവരങ്ങൾ നല്കി. അങ്ങനെ ഘാതകന്മാർ നിർണ്ണയിക്കപ്പെട്ടു. പോലീസുകാർ അവരെ ഇരുമ്പഴിക്കുള്ളിലാക്കി. നിയമദണ്ഡം അവരുടെമേൽ ഊക്കോടെ ആപതിച്ചു.



DISTRIBUTING LIBRARY
No.............
KO

ആ ഭീകരമായ വനത്തിൻെറ അരുകിൽകൂടി സഞ്ചരിക്കുന്നവൎക്കു് ഒരു സ്ത്രീയുടെ ആൎത്തനാദം ഇന്നും കേൾക്കാറത്രെ. ജീവിതാശകൾ പുഷ്പിച്ചുനിന്ന ഒരു ലോല ഹൃദയത്തിൻെറ അന്ത്യത്തുടിപ്പുകൾക്കു് സാക്ഷ്യം വഹിച്ച ശിലോച്ചയങ്ങളിലും വൃക്ഷലതാദികളിലും അവളുടെ ആത്മാവു് അലിഞ്ഞു ചേൎന്നിട്ടില്ലെന്നു് ആൎക്കറിയാം.

---

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. [illegible] Acc. No. 80122

This book should be returned on or before the date last stamped below.

9 NOV 1984

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF9 80127

കേശവൻ കിളിമാന്തൂർ

കണ്ണീരിന്റെ കഥകൾ